ഒൻപതാം പദ്ധതി
ജനകീയ പദ്ധതി

# ജനകീയാസൂത്രണം
## ഒരു മാർഗ്ഗരേഖ

1997 - 2002



കൊല്ലയിൽ ഗ്രാമപഞ്ചായത്ത് (സ്പെഷ്യൽ ഗ്രേഡ്)

# കൊല്ലയിൽ ഗ്രാമ പഞ്ചായത്ത്

## ജനകീയ ആസൂത്രണം

## വികസനരേഖ 1997

അധികാരം ജനങ്ങളിലേക്ക്



എന്റെ ജീവിതമാണ്
എന്റെ സന്ദേശം

എ. കെ. അപ്പുട്ടി
പഞ്ചായത്ത് ഡയറക്ടർ

തിരുവനന്തപുരം
ഫോൺ ഓഫീസ് : 63286
വസതി : 418648

27.12.1996.

## സന്ദേശം

ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായി പൊതുജന പങ്കാളിത്തത്തോടെ പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്യുന്ന പദ്ധതികളുടെ കരട് വികസന റിപ്പോർട്ട് അച്ചടിക്കുന്നതിൽ അതിയായി സന്തോഷിക്കുന്നു. ഈ വികസന റിപ്പോർട്ടിൽ പഞ്ചായത്തിന്റെ ചരിത്രവും പശ്ചാത്തലവും വിഭവലഭ്യതയും വികസന സാദ്ധ്യതകളും പരിമിതികളും ഉണ്ടാകുമല്ലോ. ഇത് പഞ്ചായത്തിനെ കുറിച്ച് കൂടുതൽ അറിയുന്നതിനും വളരെയേറെ പ്രയോജനകരമായിരിക്കും, ഇത് ഭാവിയിലേയ്ക്ക് ഒരു മുതൽക്കൂട്ടുമായിരിക്കും. ഒൻപതാം പദ്ധതി വിജയകരമായി ആസൂത്രണം ചെയ്യുന്നതിന് വിവിധ തലങ്ങളിൽ പ്രവർത്തിച്ച, പ്രവർത്തിക്കുന്ന പഞ്ചായത്ത് സമിതിയെയും, ഉദ്യോഗസ്ഥരെയും പൊതുജനങ്ങളെയും മറ്റ് പ്രവർത്തകരെയും അഭിനന്ദിക്കുന്നതോടൊപ്പം പഞ്ചായത്തിന്റെ ഈ സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

Appootty

എ. കെ. അപ്പുട്ടി,
പഞ്ചായത്ത് ഡയറക്ടർ.

63295
418648

27.12.1996.

[illegible]

ഈ കൊച്ചു ഗ്രാമത്തിന്റെ ഉയർച്ചയ്ക്ക്
നിർലോഭമായി പ്രവർത്തിച്ച



# ബ്രഹ്മശ്രീ നീലകണ്ഠരു കൃഷ്ണരു

# സമർപ്പണം



# [illegible]



[illegible]

സമർപ്പണം

ആമുഖം

വികസനരേഖ

ചരിത്രത്തിലേക്ക്

പ്രകൃതിയും വിഭവങ്ങളും

1. കൃഷി, ജലസേചനം
2. മൃഗസംരക്ഷണം - മത്സ്യബന്ധനം
3. വിദ്യാഭ്യാസം
4. കുടിവെള്ളം - പൊതുജനാരോഗ്യം
5. വ്യവസായം
6. ഗതാഗതം - ഊർജ്ജം - മാർക്കറ്റ്
7. ഭവനനിർമ്മാണം - സാമൂഹ്യക്ഷേമം
8. സംസ്കാരം
9. വനിതാക്ഷേമം
10. സഹകരണം - പൊതുവിതരണം
11. പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം
12. വിഭവസമാഹരണം



## സമർപ്പണം

കേരള ജനതയുടെ ചിരകാലാഭിലാഷമായിരുന്ന അധികാര വികേന്ദ്രീകരണം-അധികാരം ജനങ്ങൾക്ക് പാടിപ്പഴകിയ ശബ്ദം അത് പ്രാവർത്തികമാക്കുവാൻ കിട്ടിയ ധന്യമുഹൂർത്തത്തെ സ്വാഭിമാനം സ്വാഗതം ചെയ്യുന്നു. ജനകീയാസൂത്രണ സമിതിയുടെ സേവനതത്പരതയിൽ പഞ്ചായത്ത് തലത്തിലും ഗ്രാമ തലത്തിലും ശേഖരിച്ച ദ്വിതീയ വിവരശേഖരണവും ഭൂപ്രകൃതി പഠനയാത്രയും സംയോജിപ്പിച്ചപ്പോൾ വികസന റിപ്പോർട്ടിനു രൂപം വന്നു. ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ജനകീയ ആസൂത്രണപ്രസ്ഥാനത്തിനുമേൽ സിദ്ധിക്കുന്ന ഈ പഞ്ചായത്തിന്റെ നേട്ടങ്ങളിലും മേന്മകളിലും നല്ലവരായ എല്ലാം ജനങ്ങളുടെയും പങ്കാളിത്തവും സഹകരണവും അഭ്യർത്ഥിച്ചുകൊണ്ട് വികസന റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ

സി. രമണേശൻ

പ്രസിഡന്റ്

കൊല്ലയിൽ ഗ്രാമ പഞ്ചായത്ത്

കൊല്ലയിൽ

22.12.1996

# ആമുഖം



## ആമുഖം

ഇന്ത്യയുടെ ആത്മാവും ജീവവായുവും കുടി കൊള്ളുന്നത് ഗ്രാമങ്ങളിലാണെന്ന മഹാത്മാഗാന്ധിയുടെ ആപ്തവാക്യത്തിനു മുമ്പിൽ

സ്വാതന്ത്ര്യം കൈവരിച്ചതിന്റെ തുടക്കം മുതൽ തന്നെ ജനാധിപത്യ ഭരണഘടനാ വ്യവസ്ഥിതിയുടെ നിയമാവലികളിൽ അധികാരം ജനങ്ങളിൽ വികേന്ദ്രീകരിക്കുക എന്ന സന്ദേശം ഉൾക്കൊണ്ടിരുന്നു. പക്ഷെ പദ്ധതി എട്ടു കഴിഞ്ഞിട്ടും സ്വതന്ത്രമായ അധികാര വികേന്ദ്രീകരണം ജനങ്ങളിൽ എത്തിയില്ല. സ്വാതന്ത്ര്യത്തിന്റെ പ്രാണവായുവിനു തന്നെ തടസ്സങ്ങൾ സൃഷ്ടിച്ചു കൊണ്ടിരുന്ന ഭരണപരവും നീതിരഹിതവുമായ പ്രവർത്തനങ്ങൾ ഭരണാധികാരികളുടെ ബുദ്ധിശൂന്യമായ ചിന്തയിലും പ്രവർത്തിയിലും പ്രകടമായി കണ്ടപ്പോൾ ജനങ്ങൾ ഉണർന്നു. ജനങ്ങളുടെ പ്രതികരണത്തിന്റെ പ്രകടമായ ശബ്ദം അധികാര വികേന്ദ്രീകരണ പ്രസ്ഥാനത്തിന് രൂപവും ഭാവവും ജീവനും നൽകി കൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ രൂപപ്പെടുത്തിയ ഇന്നത്തെ ജനകീയ നേതാക്കളുടെ ഒത്തൊരുമിച്ചുള്ള ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൽ ജനങ്ങൾ സജീവമായി പങ്കു ചേരുന്നു.

ശാസ്ത്രസാങ്കേതിക രംഗത്ത് ഭാരതത്തിന്റെ വളർച്ച വികസിത രാഷ്ട്രങ്ങൾക്കിടയിൽപ്പോലും അസൂയ ഉളവാക്കുന്ന തരത്തിൽ ഏറെ പ്രശംസനീയമാണ്. അഗ്നി, പൃഥി, അർജ്ജുൻ തുടങ്ങിയ ഹ്രസ്വ-ദീർഘ-വേധ മിസൈലുകളുടെ നിർമ്മാണവും സാമ്രാജ്യത്വ ശക്തികൾക്കെതിരെ ആണവ നിരോധന കരാറിൽ ഉപ്പിടാത്ത ഇന്ത്യയുടെ തന്റേടവും ധൈര്യവും യാതൊരു ദേശ സ്നേഹിയേയും പുളകം കൊള്ളിക്കുന്ന ഒന്നാണ്. എന്നാൽ രാഷ്ട്രത്തിന്റെ മൗലിക പ്രശ്നങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ നമ്മുടെ പദ്ധതികൾ വിഭാവനം ചെയ്ത തരത്തിൽ ജനങ്ങൾക്കിടയിൽ എത്തിയിട്ടില്ലാത്ത തരത്തിൽ യാതൊരു ദേശ സ്നേഹിയേയും ദുഃഖിപ്പിക്കുന്ന ഒന്നാണ്.

ഐക്യകേരള പിറവിയ്ക്കു ശേഷം സാക്ഷര കേരള ദശാബ്ദങ്ങളായി കാത്തിരുന്ന ഒന്നാണ് പഞ്ചായത്ത് രാജ് സംവിധാനം. ഈ പുത്തൻ സംവിധാനത്തിന്റെ ഭാഗമായിട്ടുള്ള ത്രിതല ഭരണ സംവിധാനം കേരളത്തിൽ നിലവിൽ വന്നു എന്നുള്ളത് കേരളീയരെ സംബന്ധിച്ചടത്തോളം അഭിമാനം ഉണർത്തുന്ന ഒന്നാണ്. സംവത്സരങ്ങളായി കേരളത്തിന്റെ വികസന രംഗത്ത് ഒരു മുരടിപ്പ് അനുഭവപ്പെട്ടു കൊണ്ടിരിക്കുന്നതായി പലതരത്തിലുള്ള പഠനങ്ങൾ തെളിയിക്കുകയുണ്ടായി. കേരളത്തിന്റെ വികസന മുരടിപ്പു മാറ്റാൻ ഒരു പുത്തൻ വികസന രാഷ്ട്രീയ സംസ്കാര സൃഷ്ടിക്കായി കേരളത്തിന് ഒരു ജനകീയ പ്രസ്ഥാനം കാലഘട്ടത്തിന് അനിവാര്യമാണ്. അതുകൊണ്ട് ഒമ്പതാം പഞ്ചവത്സര പദ്ധതി ആസൂത്രണം ചെയ്യാൻ സംസ്ഥാന ആസൂത്രണ ബോർഡ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തെ ചുമതലപ്പെടുത്തുക ഉണ്ടായി.

ചരിത്രം ഉറങ്ങുന്ന അനന്തപുരിയുടെ നെറുകയിൽ കേരളസർവ്വകലാശാല സെനറ്റ് ഹാളിൽ ആയിരക്കണക്കിന് ചരിത്രകാരന്മാരെയും സാമ്പത്തിക വിദഗ്ധൻമാരെയും രാഷ്ട്രീയ, സാമൂഹിക സാംസ്കാരിക ആചാര്യന്മാരെയും സാക്ഷി

നിറുത്തി സാമൂഹിക രാഷ്ട്രീയ സാംസ്കാരിക രംഗത്തെ കുലപതിയും ഐക്യ കേരളത്തിന്റെ പ്രഥമമുഖ്യമന്ത്രിയുമായ ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് ജനകീയ ആസൂത്രണപ്രസ്ഥാനതത്തിന്റെ ഔപചാരിക ഉദ്ഘാടനകർമ്മം ചിങ്ങ മാസപ്പുലരിയിൽ നിർവ്വഹിക്കുകയുണ്ടായി. തുടർന്ന് കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും മുൻസിപാലിറ്റികളിലും ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളുടെ ആരവം ഉയരുക ഉണ്ടായി.

കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ തുടക്കമായി. 1996 ആഗസ്റ്റ് മാസത്തിൽ നടന്ന ജില്ലാ തല പരിശീലന ക്ലാസ്സിൽ പഞ്ചായത്ത് ഭരണ സമിതി തെരഞ്ഞെടുത്ത ഏഴു D.R.P മാരെ പങ്കെടുപ്പിച്ചു. അതിനെ തുടർന്ന് 1996 സെപ്റ്റംബർ മാസം 15-ാം തീയതി ധനുവച്ചപുരം പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ വച്ച് 50 പഞ്ചായത്ത് തല പരിശീലനകാർക്ക് (L.R.P) വേണ്ടി ഏകദിന ശില്പശാല സംഘടിപ്പിച്ചു. കൊല്ലയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സി. രമണേശന്റെ അധ്യക്ഷതയിൽ നടന്നയോഗം പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് അംഗം ശ്രീമതി. സി. ബേബി ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ മുൻപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ആർ. സെൽവരാജ്, വി. താണുപിള്ള, പഞ്ചായത്തു മെമ്പർമാരായ ജെ. അപ്പു, ജി. ഗോപകുമാർ തുടങ്ങിയവർ ആശംസകളർപ്പിച്ചു സംസാരിച്ചു. പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ജി. അരവിന്ദകുമാർ സ്വാഗതവും വൈസ് പ്രസിഡന്റ് എ. നവകുമാർ കൃതജ്ഞതയും രേഖപ്പെടുത്തി. തുടർന്ന് D.R.P മാർ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സുകൾ എടുത്തു. യോഗം അഞ്ചുമണിയ്ക്കു പിരിഞ്ഞു.

വിശേഷാൽ ഗ്രാമസഭായോഗങ്ങളുടെ നടത്തിപ്പിലേക്കായി രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ പ്രവർത്തകരെ വാർഡ് അടിസ്ഥാനത്തിൽ വിളിച്ചു ചേർത്ത് സംഘാടക സമിതി കൂടാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു.

നിശ്ചിത തീയതി പ്രകാരം ഒന്നാം വാർഡായ നടൂർക്കൊല്ല യിലെ ഗ്രാമസഭാ യോഗം 13.10.96 ഞായർ 1 PM ന് ഓണംകോട് എസ്. എൻ. ആഡിറ്റോറിയത്തിൽ ചേർന്നു. യോഗത്തിൽ 36 സ്ത്രീകളും 90പുരുഷന്മാരും ഉൾപ്പെടെ 126 പേർ പങ്കെടുത്തിരുന്നു. 12 വിഷയങ്ങളെ ആസ്പദമാക്കി 24 പേരെ തെരഞ്ഞെടുത്തു.

രണ്ടാം വാർഡായ മാങ്കോട്ടുകോണത്തെ ഗ്രാമസഭായോഗം 2.10.96 പകൽ 1 മണിയ്ക്ക് പാലപള്ളിയിൽ വച്ച് നടന്നു. 119 പുരുഷന്മാരും 78 സ്ത്രീകളും ഉൾപ്പെടെ 197 പേർ പങ്കെടുത്തു.

മൂന്നാം വാർഡായ മലയിക്കട ഗ്രാമസഭ 29.09.96 പകൽ ഒരുമണിയ്ക്ക് പാങ്കോട്ടുകോണത്തു ചേർന്നു. 110 പുരുഷന്മാരും 49 സ്ത്രീകളും ഉൾപ്പെടെ 159 പേർ പങ്കെടുത്തു. വിവിധ വിഷയങ്ങളെപ്പറ്റി ചർച്ച നടന്നു.

നാലാം വാർഡായ മഞ്ചവിളാകത്തെ ഗ്രാമസഭായോഗം 2.10.96 ഗാന്ധിജയന്തി ദിനത്തിൽ മഞ്ചവിളാകം പബ്ലിക് സ്റ്റേഡിയത്തിൽ നടന്നു. 154 പുരുഷന്മാരും 48 സ്ത്രീകളും ഉൾപ്പെടെ 202 പേർ പങ്കെടുത്ത യോഗത്തിൽ കൊല്ലയിൽ

വെറ്റിനറി സർജൻ ഡോ. സോഫിയ, ഗവ. യു.പി.എസ്. ഹെഡ്മാസ്റ്റർ ശ്രീ. എൻ. സുകുമാരൻ എന്നിവർ പങ്കെടുത്തു. 12 വിഷയങ്ങളെ ആസ്പദ മാക്കി അദ്ധ്യക്ഷൻ, കൺവീനർ എന്നിവരുൾപ്പടെ 24 പേരെ തെരഞ്ഞെടു ത്തു.

അഞ്ചാം വാർഡായ പാങ്കോട്ടുകോണം ഗ്രാമസഭായോഗം 6.10.96 1PMന് ചാരു വിളാകത്തു ചേർന്നു. 118 പുരുഷന്മാരും 71 സ്ത്രീകളുമടക്കം 189 പേർ പങ്കെടുത്തു. വിവിധ വിഷയങ്ങളെ അധികരിച്ച് ചർച്ച നടന്നു.

ആറാംവാർഡായ മേക്കൊല്ലഗ്രാമസഭാ യോഗം 12.10.96 1Pm ന് അയ്യൻകുഴി കാവിന് സമീപം നടന്നു. 127 പുരുഷന്മാരും 45 സ്ത്രീകളും ഉൾപ്പെടെ 172 പേർ പങ്കെടുത്ത ഗ്രാമസഭയിൽ വിവിധ വിഷയങ്ങളെ അധികരിച്ച് ചർച്ച നടന്നു.

ഏഴാം വാർഡ് ധനുവച്ചപുരം ഗ്രാമസഭ 12.10.1996 1 Pmന് ധനുവച്ചപുരം പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ കൂടിയ യോഗത്തിൽ 120 പുരു ഷന്മാരും 88 സ്ത്രീകളും ഉൾപ്പെടെ 208 ആളുകൾ പങ്കെടുത്തു. വിവിധ വിഷയങ്ങളെ അധികരിച്ച് ചർച്ച നടന്നു.

വാർഡ് എട്ടായ കൊറ്റാമം ഗ്രാമസഭായോഗം 13.10.96 1 Pm ന് PRDS കോമ്പൗണ്ടിൽ നടന്നു. പ്രസ്തുത യോഗത്തിൽ 101 പുരുഷന്മാരും 72 സ്ത്രീകളുമുൾപ്പടെ 173 അംഗങ്ങൾ പങ്കെടുത്തു. പങ്കെടുത്തവരിൽ ബഹു ഭൂരിപക്ഷവും കർഷകത്തൊഴിലാളികളാണ്. 12 വിഷയങ്ങളെ ആസ്പദ മാക്കി ചർച്ച നടന്നു. കൺവീനർ അദ്ധ്യക്ഷൻ ഉൾപ്പടെ 24 പേരെ തെര ഞ്ഞെടുത്തു.

വാർഡ് ഒമ്പതായ എയ്തുകൊണ്ട കാണിയിലെ ഗ്രാമസഭായോഗം 6.10.96 ധനുവച്ചപുരം പ്രതിഭാ ട്യൂട്ടോറിയൽ കോളേജിൽ കൂടി. പ്രസ്തുത യോഗ ത്തിൽ 116 പുരുഷന്മാരും 56 സ്ത്രീകളുമുൾപ്പടെ 172 ആളുകൾ പങ്കെടു ത്തു. 12 വിഷയങ്ങളെ ആസ്പദമാക്കി ചർച്ച നടക്കുകയും അധ്യക്ഷൻ, കൺവീനർ എന്നിവരായി 24 പേരെ തെരഞ്ഞെടുത്തു.

പത്താം വാർഡായ ദേവേശ്വരം ഗ്രാമസഭായോഗം 29.09.96 1 Pm ന് ആന ക്കുന്ന് RC Church സ്കൂളിൽ നടന്നു. 166 പുരുഷന്മാരും 67 സ്ത്രീകളും ഉൾപ്പെടെ 233 പേർ പങ്കെടുത്തു. 12 വിഷയങ്ങളെ ആസ്പദമാക്കി ചർച്ച നടക്കുകയും കൺവീനർ, അദ്ധ്യക്ഷൻ ഇവരായ 24 പേർ പങ്കെടുത്തു.

# വികസനരേഖ


കൊല്ലയിൽ ഗ്രാമപഞ്ചായത്ത്
വാർഡ് മേപ്പ്
N
E
S
W
പെരുമ്പഴുതൂർ പഞ്ചായത്ത്
പെരുങ്കടവിള പഞ്ചായത്ത്
കുന്നത്തുകാൽ പഞ്ചായത്ത്
തമിഴ്നാട്
പാറശ്ശാല പഞ്ചായത്ത്
നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി.
നടൂർക്കൊല്ല I
മാക്കോട്ടുകോണം II
മലയിക്കട III
മഞ്ചവിളാകം IV
പാക്കോട്ടുകോണം V
മേക്കൊല്ല VI
ധനുവച്ചപുരം VII
കൊറ്റാമം VIII
എയ്ത്തുകൊണ്ട-കാണി IX
ദേവേശ്വരം X

# ചരിത്രത്തിലേക്ക്



ചരിത്രത്തിലേക്ക്

നാഷണൽ ഹൈവേയിൽ (NH 47) തൊട്ടുകിടക്കുന്ന ഒരു ഗ്രാമപ്രദേശമാണ്. വയലേലകളും ഫലഭൂയിഷ്ടമായ കാർഷിക പ്രാധാന്യവുമുള്ള ഒരു സ്ഥലമാണ്. 13.73 സ്ക്വയർ കി.മീ. വിസ്തീർണ്ണമുള്ള ഈ പഞ്ചായത്ത് പ്രദേശത്തിന്റെ മദ്ധ്യഭാഗത്തോടു കൂടി പാടങ്ങൾക്ക് ജലസേചനം നല്കിക്കൊണ്ട് കൊല്ലയിൽ നടുത്തോട് നെയ്യാറിൽ ചേരുന്നു. നെയ്യാറിന് കിഴക്ക് മാറി സ്ഥിതി ചെയ്യുന്ന ഈ പ്രദേശം അയൽ സംസ്ഥാനമായ തമിഴ് നാടിനോട് തൊട്ടുകിടക്കുന്നു.

പഞ്ചായത്തിന്റെ ആസ്ഥാനം ധനുവച്ചപുരമാണ്. ധനുവച്ചപുരം എന്ന പേര് സിദ്ധിക്കാനുള്ള കാരണം പണ്ട് പഞ്ചപാണ്ഡവന്മാർ ഈ സ്ഥലത്തുകൂടി സഞ്ചരിച്ചിട്ടുള്ളതായും ആ സമയത്ത് ഇവിടെ നിന്ന് അർജ്ജുനൻ അമ്പ് എയ്ത് വിട്ട ശേഷം വില്ല് താഴെ വെച്ചുവെന്നും അങ്ങനെ ഈ സ്ഥലത്തിന് "ധനുവച്ചപുരം" എന്ന നാമകരണം ലഭിച്ചിട്ടുള്ളതുമായ ഈ സ്ഥലമാണ് ധനുവച്ചപുരമായി തീർന്നിട്ടുള്ളത്. എയ്തു വിട്ട അമ്പ് ചെന്ന് കൊണ്ട സ്ഥലമാണ് ഇന്നും ധനുവച്ചപുരത്തിനടുത്ത് എയ്തു"കൊണ്ട കാണി" എന്നറിയപ്പെടുന്നത്.

ആദ്യപഞ്ചായത്തിന്റെ ഉദ്ഘാടന പരിപാടിയോടനുബന്ധിച്ച് 15-8-53-ൽ ധനുവച്ചപുരം ഗവ: ഹൈസ്കൂൾ കോമ്പൗണ്ടിൽ വച്ച് ധനുവച്ചപുരം ബ്രഹ്മശ്രീ. നീലകണ്ഠരു കൃഷ്ണരു അവർകൾ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 7-ാം സ്വാതന്ത്ര്യദിനാഘോഷത്തിന്റെ പതാക ഉയർത്തിയതോടുകൂടി പരിപാടികൾ ആരംഭിച്ചു. തുടർന്നു നടന്ന പൊതു സമ്മേളനത്തിൽ – അഡ്വ. ശ്രീ. കൈപ്പള്ളിൽ കൃഷ്ണപിള്ള അദ്ധ്യക്ഷത വഹിക്കുകയും ബ്രഹ്മശ്രീ നീലകണ്ഠരു കൃഷ്ണരു അവർകൾ പഞ്ചായത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

15-8-1953-ൽ പഞ്ചായത്ത് കമ്മിറ്റിയുടെ ആദ്യയോഗം ചേർന്ന് പ്രസിഡന്റായി ശ്രീ. എ. നീലകണ്ഠപിള്ളയേയും വൈ: പ്രസിഡന്റായി ശ്രീ. കെ. രാഘവൻപിള്ളയേയും ഐകകണ്ഠേന തെരഞ്ഞെടുത്തു. ഈ കാലയളവിൽ ധനുവച്ചപുരം ബ്രഹ്മശ്രീ: നീലകണ്ഠരു കൃഷ്ണരു അവർകൾ 25 സെന്റ് സ്ഥലം പഞ്ചായത്താഫീസ് മന്ദിരം നിർമ്മിക്കാൻ സൗജന്യമായി വിട്ടു തരുകയും ആ സ്ഥലത്ത് പഞ്ചായത്താഫീസ് മന്ദിരം നിർമ്മിക്കുകയും ചെയ്തു. കൂടാതെ ഗവ: ഹൈസ്കൂൾ, ഗവ: ഐ.റ്റി.ഐ, വി.റ്റി.എം. എൻ.എസ്.എസ് കോളേജ്, ധനുവച്ചപുരം ഗവ: പി.എച്ച്.സി, പഞ്ചായത്ത് പബ്ലിക് ലൈബ്രറി തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ബ്രഹ്മശ്രീ നീലകണ്ഠരു കൃഷ്ണരു അവർകൾ സംഭാവനയായി നൽകിയ സ്ഥലത്താണ്. ധനുവച്ചപുരത്തിന്റെ സർവ്വോന്മുഖമായ പുരോഗതിക്ക് നിരവധി സംഭാവനകൾ നൽകിയ മഹാമനസ്കതയുടെ പ്രതീകമായ – ബ്രഹ്മശ്രീ: നീലകണ്ഠരു കൃഷ്ണരു അവർകളുടെ സ്മരണ എന്നും നിലനിൽക്കുന്നതാണ്.

ഈ ഗ്രാമപഞ്ചായത്തിൽ 1991 ലെ ജനസംഖ്യാ കണക്കിന്റ പ്രകാരം 21,491 പേരാണുള്ളത്. അതിൽ 10,601 പുരുഷന്മാരും 10,890 സ്ത്രീകളും ഉണ്ട്. പഞ്ചായത്തിൽ ആകെ 6,304 വീടുകൾ ഉണ്ട്.

ജനസംഖ്യയിൽ ഭൂരിഭാഗവും കൃഷിയെ ആശ്രയിച്ചു കഴിയുന്ന ഇടത്തരം കൃഷിക്കാരാണ്. നാമമാത്രമായ ചെറുകിട വ്യവസായത്തെ ആശ്രയിച്ചു ജീവിക്കുന്ന നെയ്ത്ത് തൊഴിലാളികളും മറ്റ് വിവിധ തരം തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന കൂലിപ്പണിക്കാരും അടങ്ങുന്നതാണ് ജനവിഭാഗം.

കന്യാകുമാരിയെ കാശ്മീരുമായി

ബന്ധിപ്പിക്കുന്ന റെയിൽപ്പാത കടന്ന് പോകുന്നത് ഈ പഞ്ചായത്തിലൂടെയാണ്. വികസന സാദ്ധ്യത ഏറെയുള്ള ധനുവച്ചപുരം റെയിൽവേ സ്റ്റേഷൻ വികസനത്തിന്റെ കനിവും കാത്ത് കഴിയുകയാണ്.

സാക്ഷരതാ പ്രവർത്തനത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന ഈ പഞ്ചായത്തിൽ ഇന്നും സാക്ഷരതാ പ്രവർത്തനം കാര്യക്ഷമമായി നടന്നു വരുന്നു. വികസനപ്രവർത്തനത്തിന് മാതൃകയായി പ്രവർത്തിച്ച ഈ പഞ്ചായത്തിൽ 1980-'81-ൽ തിരുവനന്തപുരം ജില്ലയിൽ നല്ല പഞ്ചായത്തിനുള്ള ട്രോഫി ലഭിച്ചിട്ടുണ്ട്. തുടർന്നു നടത്തിയിട്ടുള്ള പ്ലാൻ പദ്ധതികളുടെ പൂർത്തീകരണമാണ് ഇന്നു കാണുന്ന സർവ്വോന്മുഖമായ വികസനവും പുരോഗതിയും.

# പൊതുവിവരങ്ങളും
# ഭരണപരമായ ചരിത്രവും

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | കൊല്ലയിൽ ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന മറ്റു വില്ലേജുകളുടെ പേര് | കൊല്ലയിൽ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | കൊല്ലയിൽ, ഇരുമ്പിൽ |
| ബ്ലോക്ക് പഞ്ചായത്ത് | പെരുങ്കടവിള |
| താലൂക്ക് | നെയ്യാറ്റിൻകര |
| ജില്ല | തിരുവനന്തപുരം |
| ജില്ലാപഞ്ചായത്ത് മണ്ഡലങ്ങൾ | പാറശ്ശാല, പെരുമ്പഴുതൂർ |
| പാർലമെന്റ് മണ്ഡലം | തിരുവനന്തപുരം |
| അസംബ്ലി മണ്ഡലം | പാറശ്ശാല |
| വിസ്തീർണ്ണം | 13.73 ചതു. കി.മീ. |
| ജനസംഖ്യ | 21491 (1991 ലെ സെൻസസ്) |
| വാർഡുകളുടെ എണ്ണം | 10 |
| വനിതാ സംവരണം | 4 (I,III, VII, VIII) |
| പട്ടികജാതി സംവരണം | I (IX) |
| പ്രസിഡന്റ് | സി. രമണേശൻ |
| വൈസ് പ്രസിഡന്റ് | എ. നവകുമാരൻ |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | ജി. അരവിന്ദകുമാർ |

# കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ
# സാരഥികൾ ഇതേവരെ

| വാർഡ് | അംഗത്തിന്റെ പേര് | വർഷം |
|---|---|---|
| 1 | എ. നീലകണ്ഠപിള്ള | 1953 |
| 2 | കെ. രാഘവൻപിള്ള | |
| 3 | വി. പരമേശ്വരൻപിള്ള | |
| 4 | ജി. സത്യനേശൻ | |
| 5 | എം. ബാലകൃഷ്ണപിള്ള | |
| 6 | ജി. സൈറസ് | |
| 7 | ഡി. ഹെൽദാത്ത് | |

കുറിപ്പ്: മെമ്പർമാരായ ശ്രീ. ഹെൽദാത്തിന് അസുഖം നിമിത്തം കമ്മിറ്റിയിൽ ഹാജരാകാൻ കഴിയാതെ വരികയും ശ്രീ. വി. പരമേശ്വരൻപിള്ള സ്ഥാനം രാജിവെയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ 1959-ൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ ശ്രീ. എം. സത്യനേശനും ശ്രീ. പി. സുകുമാരൻനായരും തെരഞ്ഞെടുക്കപ്പെട്ടു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വർഷം |
|---|---|---|
| 1. | കൊല്ലയിൽ കെ. കൃഷ്ണൻ | 1963 |
| 2. | പി. സുകുമാരൻനായർ | |
| 3. | എൻ. പരമേശ്വരൻനായർ | |
| 4. | എം. ചിന്നപ്പൻ | |
| 5. | എം. സത്യനേശൻ | |
| 6. | എ.വി. ചെല്ലപ്പൻ | |
| 7. | ജി. സത്യനേശൻ | |

കുറിപ്പ്: 1964-ൽ ശ്രീമതി ആർ. ഗൗരിയെ വനിതാ മെമ്പറായി പഞ്ചായത്ത് കമ്മിറ്റി നോമിനേറ്റ് ചെയ്തു. ഔദ്യോഗിക കാരണത്താൽ ശ്രീ. ജി. സത്യനേശൻ മെമ്പർ സ്ഥാനം രാജിവച്ച സാഹചര്യത്തിൽ 1965-ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. എ. താംസൺ മത്സരിച്ചു ജയിച്ചു.

| വാർഡ് | അംഗത്തിന്റെ പേര് | വർഷം |
|---|---|---|
| 1 | കൊല്ലയിൽ കെ. കൃഷ്ണൻ | 1979 |
| 2. | പി. സുകുമാരൻ നായർ | |
| 3. | കെ. രാധമ്മ | |
| 4. | വി. കരുണാകരൻനായർ | |
| 5. | എം.ജി. കൃഷ്ണൻ | |
| 6. | എം. ശ്രീധരൻ | |
| 7. | പി. ഗോപിനാഥൻ | |
| 8. | ആർ സെൽവരാജ് | |
| 9. | പി. പരമേശ്വരൻ നായർ | |

കുറിപ്പ്: 1980-ൽ മെമ്പറായിരുന്ന ശ്രീ. എം. ശ്രീധരൻ ഗവണ്മെന്റ് സർവ്വീസിൽ ജോലി ലഭിച്ചതിനെത്തുടർന്ന് രാജി സമർപ്പിക്കുകയും തുടർന്നു നടന്ന ഉപതെരഞ്ഞെടുപ്പിൽ ശ്രീ. ചെല്ലപ്പൻ തെരഞ്ഞെടുക്കുകയും ചെയ്തു.

| വാർഡ് | അംഗത്തിന്റെ പേര് | വർഷം |
|---|---|---|
| 1. | കെ. കൊല്ലയിൽ കൃഷ്ണൻ | 1988 |
| 2. | പി. സുലോചനമ്മ | |
| 3. | ആർ. പ്രസന്നകുമാർ | |
| 4. | ഐ. ദേവനേശൻ | |
| 5. | കെ. എൻ. സദാശിവൻ നായർ | |
| 6. | ആർ. ഭാസ്കരൻ | |
| 7. | റ്റി. ജോർജ് | |
| 8. | ആർ. സെൽവരാജ് | |
| 9. | റ്റി. ദയാനന്ദദാസ് | |
| 10. | ആർ. രാജേശ്വരിയമ്മ | |

## നിലവിലുള്ള ഭരണസമിതി

| വാർഡ് | അംഗത്തിന്റെ പേര് | വർഷം |
|---|---|---|
| 1. | അഡ്വ. കെ. സുധാകുമാരി | 1995 |
| 2. | ജി. ഗോപകുമാർ | |
| 3. | ഡി. രമണി | |
| 4. | ജി. അരവിന്ദകുമാർ | |
| 5. | കെ. മാധവൻനായർ | |
| 6. | ജെ. അപ്പു. | |
| 7. | ബി. രമ | |
| 8. | സി. കമലമ്മ റ്റീച്ചർ | |
| 9. | സി. രമണേശൻ | |
| 10. | എ. നവകുമാരൻ | |

### വികസന രേഖ തയ്യാറാക്കിയ സമിതി

Dr. രാജേന്ദ്രൻ (K.R.P.)
കെ. എസ്. അനിൽ കുമാർ (D.R.P. Convenor)
വി. എസ്. പ്രമോദ് (D.R.P.)
കെ. രാജകുമാർ (do)
ബി. സതീഷ്കുമാർ(do)

### വികസന റിപ്പോർട്ട് തയ്യാറാക്കാൻ സമിതിയുമായി സഹായിച്ചവർ

ആർ. സെൽവരാജ് മുൻ വൈസ് പ്രസിഡന്റ്
ആർ. പ്രസന്നൻ (മുൻ പഞ്ചായത്ത് മെമ്പർ)
എം.ജി. കൃഷ്ണൻ (മുൻ മെമ്പർ)
എൻ. തങ്കയ്യൻ (Retd. BDO)
വി. താണുപിള്ള
എ. വിജയൻ
ജി. ശ്രീകണ്ഠൻ
എസ്. വിദ്യാധരൻ
വി. എസ്. പ്രതീപ്
ഷാജി കെ. ജോൺ
മാധവൻ നായർ
ആർ. നരേന്ദ്രൻ
എ. തങ്കയ്യൻ
റ്റി. രാധാകൃഷ്ണൻ
വി. ശശിധരൻ നായർ
ശശികുമാർ

### കൊല്ലയിൽ ഗ്രാമ പഞ്ചായത്ത് നിലവിലുള്ള ജീവനക്കാർ

| | |
|---|---|
| ആർ. കമലമ്മ | സെക്രട്ടറി |
| റ്റി. രാജയ്യൻ | UDC |
| വി. ചന്ദ്രശേഖരൻനായർ | UDC |
| വി.വി. വിജയൻ | UDC |
| എൽ. വസന്തകുമാരി | Full Time Librarian |
| ജി. സുധാകരപ്പണിക്കർ | LDC |
| എ.ജി. പത്മകുമാർ | LDC |
| ജെ. ക്രിസ്തുദാസ് | Peon |

# കൊല്ലയിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



സി. രമണേശൻ
പ്രസിഡന്റ്



എ. നവകുമാരൻ
വൈസ് പ്രസിഡന്റ്



ജി. അരവിന്ദകുമാർ
ചെയർമാൻ
സ്റ്റാന്റിംഗ് കമ്മിറ്റി



ആർ. കമലമ്മ
സെക്രട്ടറി



കമലമ്മ
മെമ്പർ



എസ്.കെ. സുധകുമാരി
മെമ്പർ



ജെ. അപ്പു
മെമ്പർ



കെ. മാധവൻനായർ
മെമ്പർ



ഗോപകുമാർ
മെമ്പർ



ബി. രമ
മെമ്പർ



ഡി. രമണി
മെമ്പർ



സി. ബേബി
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



വി.എസ്സ്. ബിന്ദു
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

# പ്രകൃതിയും വിഭവങ്ങളും



## ഭൂപ്രകൃതിയും വിഭവങ്ങളും

### ഭൂപ്രകൃതി

വിസ്തീർണ്ണം : 13.73 ച.കി.മീ.

സമുദ്രനിരപ്പിൽ നിന്ന് 100 മീറ്റർ പൊക്കത്തിൽ സ്ഥിതിചെയ്യുന്ന ഭൂ പ്രദേശമാണ് കൊല്ലയിൽ പഞ്ചായത്ത്. ഏറ്റവും പൊക്കം കൂടിയ നെല്ലിക്കുന്നിൽ നിന്നും നോക്കിയാൽ കടലിന്റെ അലകൾ ഉളകുന്നതു കാണാം. അത്രയ്ക്ക് തീരദേശത്തോടടുത്ത പ്രദേശമാണിത്. സഹ്യാദ്രി സാനുക്കളും താഴ്വരകളും കാണാം. കയ്യെത്താവുന്നിടമാണ് ശ്രീനാരായണ ഗുരുവിന്റെ തപോവനമായിരുന്ന അരുവിപ്പുറവും പുണ്യക്ഷേത്രവും. അരുവിയും, പിന്നെ കണ്ണോടിച്ചാൽ എങ്ങും കാർഷികവിള. ഭൂമിയുടെ പ്രധാന നാഡീഞരമ്പുകളെപ്പോലെ വളഞ്ഞ് പുളഞ്ഞ് ഉവിടവും കടന്ന് അന്യനാട്ടിലേയ്ക്ക് ഊർന്നിറങ്ങുന്ന ചാനലുകൾ, പ്രകൃതിയുടെ വരദാനമായി കിട്ടിയ തോടുകളും നീരുറവകളും. പിന്നെക്കാണുന്നത്, കാർഷിക വിളകളുടെ പച്ചത്തലപ്പുകൾ. കുന്നിറങ്ങി താഴ്വാരങ്ങളിലേക്ക് സഞ്ചരിച്ചാൽ എങ്ങും നിമ്നോന്നത. മണ്ണിന്റെ തരം പരിശോധിച്ചാൽ 75% വും ഉറപ്പുള്ള പാരുമണ്ണ്. തട്ടിയുടച്ച് പൊടിച്ച് കൃഷിയ്ക്ക് പാകപ്പെടുത്താവുന്ന മണ്ണ്. പാകപ്പെടുത്തി എടുത്താൽ എല്ലാ കാർഷിക വിളകൾക്കും സമ്പുഷ്ടമായി വളർന്നു വരാൻ പറ്റിയ മണ്ണ്. പാറക്കെട്ടുകൾ തുലോം കുറവ്; പാറകളും. വയലേലകളിലെ ചെളിമണ്ണിൽ അല്ലാംശം കൂടുതലായിക്കാണുന്നു. പരമ്പരാഗതമായി കർഷകർ പാരുമണ്ണിനെ പാകപ്പെടുത്തി ചെളിമണ്ണാക്കിയതാകാം. അതായിരിക്കാം ആഴമുള്ള ചതുപ്പുകളാകാഞ്ഞത്. സഞ്ചരിച്ച് അതിർത്തിയോടടുക്കാറാകുന്നതിനു മുമ്പ് കുഴികളും കിണറുകളും പരിശോധിച്ചതിൽ ശരാശരി 30 അടിയോളം താഴ്ചയിൽ ഉറച്ച പാരുമണ്ണും അതിനടിയിൽ പരന്ന പാറയാണെന്നും മനസ്സിലാക്കാം. ഏതായാലും ഉപരിതല മണ്ണ് കാർഷിക വിളകൾക്ക് അനുയോജ്യം തന്നെയാണ്. ഇനി സഞ്ചരിച്ച് പിന്നിട്ട ഭൂവിഭാഗത്തിന്റെ പ്രകൃതം നോക്കാം.

കുന്നിറങ്ങിയാൽ അധികം കയറ്റിറക്കങ്ങളില്ലാത്ത പ്രദേശങ്ങൾ. ചരിഞ്ഞ പ്രദേശങ്ങളും, ഏലാപ്രദേശങ്ങളും കാണാം. പഞ്ചായത്തിന്റെ കിഴക്കതിരായ കുന്നത്തുകാൽ തൊട്ട് മേക്കതിരായ നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി വരെ ഏഴു കിലോമീറ്റർ ദൂരം വരുന്നു. ഇതാണ് കൊല്ലയിൽ ഏല. ഏലായുടെ തുടക്കം മുതൽ ഒടുക്കം വരെ 20 മീറ്ററോളം ചരിഞ്ഞു കിടക്കുന്ന പ്രദേശം ഏലായുടെ അരിക് ചേർന്നും മധ്യേയും ഒഴുകുന്ന നടുത്തോട്.

വലിയ ഏലായിൽ വന്നു ചേരുന്ന കുണ്ടയത്തുകോണം, അയണംകോട്, കൊന്നാന്തൂർക്കോണം, മേഞ്ഞാല, ചാരുവിളാകം, പ്ലാവണ്ണറ, വാര്യം കുഴി, കോഴിപ്പറ, ചെമ്പറ, പശുക്കോട്ടുകോണം, നാഗക്കോട്ടുകോണം, എയ്തുകൊണ്ടാൻകാണി, ചെറുവിനാവിള, അമ്മോട്ടുകോണം എന്നീ കൊച്ചുകൊച്ചു ഏലാ വിഭാഗങ്ങളും ഇതിലുൾപ്പെടുന്നു. ഇവയുടെ അരികുപറ്റിയ ഒഴുകുന്ന കര തോടുകളും, വീണ്ടും കരഭാഗം, സമാന്യം ഉയർന്ന ഭാഗങ്ങൾ അതുകഴിഞ്ഞാൽ NH ൽ അവസാനിക്കുന്നതുവരെ പൊങ്ങിയ ഭൂപ്രദേശമാണ്.

### കാലാവസ്ഥ

പ്രകൃതി കനിഞ്ഞ് അരുളുന്ന കാലാവസ്ഥയുടെ സുഖദുഃഖങ്ങളിൽ മാത്രമലിഞ്ഞു ചേർന്നു ജീവിക്കുന്ന ജീവജാലങ്ങൾ. പരിസ്ഥിതിയുടെ സന്തുലിതാവ

സ്ഥയ്ക്ക് മാറ്റമുണ്ടാക്കുന്ന പ്രവർത്തികൾ മനുഷ്യൻ ചെയ്തതുകൊണ്ടാണ് , കാലാവസ്ഥയ്ക്ക് മാറ്റം വരുന്നതും മഴകുറയുന്നതും, ചൂടുകൂടുന്നതുമെന്നാണ് ശാസ്ത്രജ്ഞരുടെയും ബുദ്ധിമതികളുടെയും നിഗമനം. അതിനു പരിഹാരം കണ്ടെത്തുന്നതുവരെയുള്ള സുഖദുഃഖ അനുഭവങ്ങളിൽ ഇവിടത്തു കാരും ഭാഗവാക്കുകളാകാതെ തരമില്ല.

## ജലം

വർഷകാലത്തെ മാത്രം ആശ്രയിച്ചു കഴിയുന്ന , ജീവജാലങ്ങളാണിവിടുള്ളത്. കൃഷിയ്ക്കും കുടിനീരിനും ജലം കണ്ടെത്തിക്കൊണ്ടിരുന്ന കിണറുകളിലും ഇപ്പോൾ ജലം ദൗർലഭ്യം നേരിടുന്നു. കൂടുതൽ കുടുംബങ്ങളാകുമ്പോൾ കൂടുതൽ കിണറുകൾ വേണ്ടി വന്നു. കിണറുകൾ അടുത്തടുത്തായപ്പോൾ പരിസരങ്ങളിൽ കെട്ടിക്കിടന്ന ഭൂഗർഭജലം മേൽത്തട്ടിൽ നിന്നും കീഴ്ത്തട്ടിലേയ്ക്ക് വാർന്നൊലിച്ചു പോകുന്നതിലാണ് വെള്ളം കിണറുകളിൽ കുറയുന്നതെന്നും, വർഷം കുറഞ്ഞതു കൊണ്ടാണെന്നും മറ്റും ബുദ്ധിമതികൾ പറയുന്നു. ഭൂഗർഭജലം ചൂഷണം ചെയ്യാൻ കുഴൽ കിണറുകൾ നിർമ്മിച്ചു. നിലവിലുള്ള കിണറുകളുടെ അടിത്തട്ടിൽ നിന്നും വളരെ ആഴത്തിൽ കുഴിച്ച് പമ്പ് ചെയ്ത് എടുക്കുന്ന കുഴൽക്കിണറുകളുടെ പരിസരങ്ങളിലുള്ള മേൽത്തട്ടുകിണറുകളിലെ ജലം നിശ്ശേഷം വറ്റി വരളുന്നു. അതിനൊരു ഉദാഹരണമാണ് എയ്തുകൊണ്ടാൻ കാണി പമ്പു സെറ്റും വാട്ടർ സപ്ലൈ സ്കീമും. അതിലും ഇപ്പോൾ വെള്ളം വറ്റിത്തുടങ്ങി. പഞ്ചായത്തിന്റെ കുടിനീരിന്റെ ഏക ആശ്രയം ആ പദ്ധതിയായിരുന്നു. ഇനി മറ്റു മാർഗ്ഗങ്ങൾ തേടേണ്ടി വരുന്നു.

പണ്ടു കൃഷിക്കാശ്രയം പ്രകൃതിദത്തമായ കാലവർഷങ്ങളിൽ കിട്ടിയ ജലമായിരുന്നു. കുളങ്ങളിൽ സംഭരിച്ച് കൃഷിയ്ക്കുപയോഗിച്ചത് ജലനിരപ്പ് വറ്റാതിരിക്കാൻ ഊറ്റുറവകൾ ഉണ്ടായിരുന്നു. ഇന്നു വർഷം കുറഞ്ഞു. കെട്ടിനിർത്താൻ ജലം കുറഞ്ഞു. ഏല വലുതായി. കുളം ചെറുതാക്കി. ഉള്ള കുളങ്ങളെ നികത്തിയും വെള്ളം തുറന്നുവിട്ട് കുളത്തിനകത്ത് കൃഷി ചെയ്തും കാണുന്നു. ഇത്തരം പ്രവണതകൾ കണ്ടിട്ടില്ലെന്നും കേട്ടിട്ടില്ലെന്നും നടിച്ചിരുന്ന ജനങ്ങൾക്ക് അല്ലെങ്കിൽ കൃഷിക്കാർക്ക് ഒരു മഹാഭാഗ്യം കൈവന്നു. നെയ്യാർ ഇറിഗേഷൻ പ്രോജക്ട്, പ്രോജക്ടിന്റെ ആവിർഭാവത്തോടുകൂടി ഈ ഭൂപ്രദേശത്ത് ചാനലുകളുണ്ടായി. ഉള്ള കുളങ്ങളിൽ ജലം സംഭരിച്ച് ഏലാകളിൽ ഇരിപ്പു നെൽക്കൃഷിയ്ക്ക് അനുകൂലമായ സാഹചര്യം ഉണ്ടാക്കി. കാഡാ പദ്ധതിയിന്മേൽ പൊങ്ങിയ ഭാഗങ്ങളിൽ ലിഫ്റ്റിറിഗേഷൻ പദ്ധതി കൂടെ ഉൾപ്പെടുത്തിയാൽ ആ പ്രദേശങ്ങളും കൃഷിയോഗ്യമാകും. കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ കാഡാ പദ്ധതിയിൽ ഇത്തരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുണ്ട്. അവിടുള്ള കൃഷിക്കാർക്ക് വേണ്ടുവോളം പ്രയോജനം ലഭിക്കുന്നു. നെയ്യാർ ഇറിഗേഷൻ കാഡാ പദ്ധതികളുടെ നിലനില്പ് മഴയെ ആശ്രയിച്ചു മാത്രമാണിരിക്കുന്നത്. മഴകുറഞ്ഞാൽ ജലസംഭരണികളിൽ ജലമില്ലാതാകുന്നു. വെള്ളം കിട്ടാതെ നമ്മുടെ കാർഷിക വിളകൾ നശിക്കുന്നു. കുടിനീർ ജല ദൗർലഭ്യം ഒഴിവാക്കാൻ ഈ ചാനൽ ജലം, പല ഭാഗങ്ങളിലും ടാങ്കുകൾ നിർമ്മിച്ച് സംഭരിച്ച് ശുദ്ധിചെയ്ത് വിതരണം ചെയ്യാൻ സാധിക്കും വിധം പദ്ധതികൾ രൂപപ്പെടുത്താം. ഇന്നു ചാനലിൽ കൂടി ഒഴുകുന്ന ജലം പാഴായിപ്പോകുന്നത് കണ്ടറിഞ്ഞ് ആ പാഴ് ജലം ഉപയോഗിച്ചാൽ പോരെ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ കരകളിലും തോടുകളിലും വർഷകാലങ്ങളിൽ കിട്ടുന്ന ജലം സൗക

ര്യാർത്ഥം ചെക്ക് ഡാമുകൾ ചെയ്ത് സംഭരിച്ച് കൃഷിക്കുപയുക്തമാക്കാവുന്നവയേയുള്ളു. അത്തരം ജലസംഭരണങ്ങളിലൂടെ കാർഷിക വിള ഭൂമികൾക്ക് പ്രയോജനപ്രദമാക്കാൻ യത്നിക്കേണ്ടിയിരിക്കുന്നു.

## വിഭവങ്ങൾ

### കൃഷി

ആദ്യം നെൽക്കൃഷിയെ വീക്ഷിക്കാം. ഉണ്ടായിരുന്ന നെൽപ്പാടങ്ങൾ ചുരുക്കി മെലിഞ്ഞ് മഞ്ഞളിച്ച് വിളറി നിൽക്കുന്നു. മുഖ്യ ആഹാരമായ നെല്ലരിയെ സ്നേഹിച്ചിരുന്ന കൃഷിക്കാർക്ക് നെൽക്കൃഷിയെ സ്നേഹിക്കാൻ കഴിയുന്നില്ല. അമിതമായ കൂലി വർദ്ധനവ്, വളങ്ങളുടെ വില വർദ്ധനവ്, സ്വന്തമായി പണിയെടുക്കാനുള്ള കായിക ശേഷിക്കുറവ്, സാമ്പത്തിക ക്ഷാമം. പാടത്തിറങ്ങിയാൽ കാണുന്നത് നെല്ലുപാടങ്ങളുടെ മരണശയ്യയാണ്. മണ്ണിരയില്ല, ചീവീടില്ല, നത്തയില്ല, ഞണ്ടില്ല. മണ്ണിന്റെ സന്തുലിതാവസ്ഥ നിലനിർത്തുന്ന നൈട്രജനുൽപ്പാദിപ്പിക്കുന്ന ജീവാണുക്കളില്ല. കീടനാശിനി പ്രയോഗം കൊണ്ടും, രാസവള പ്രയോഗം കൊണ്ടും അത്തരം ജീവാണുക്കളെല്ലാം മരിച്ചു മണ്ണടിഞ്ഞു കിടക്കുന്നു. ശാസ്ത്രജ്ഞർ പഠിപ്പിക്കുന്ന പുതിയ കൃഷിപ്പാഠങ്ങൾ പഠിച്ച് കൃഷിചെയ്ത് അശാസ്ത്രീയതയിൽ പെട്ട് നട്ടം തിരിയുന്നു. വെറും രാസവളവും കീടനാശിനിയും ആശ്രയിച്ച് കൃഷി ചെയ്ത് ഫലം ഭക്ഷിച്ച് അനാരോഗ്യത്തിനും ദാരിദ്ര്യത്തിനും ചെന്നെത്തി നിൽക്കുന്ന കർഷകർ – അവരുടെ കുടുംബങ്ങൾ – ജൈവവളങ്ങളെ മറന്നു പോയ കൃഷിക്കാർ അത്തരം പ്രയാസങ്ങളിലും കൃഷി നഷ്ടത്തിലും ചെന്നു പെട്ടപ്പോൾ നെല്ലിനെക്കാൾ തെങ്ങും റബ്ബറും, മരിച്ചീനിയും, വാഴയും മതിയെന്ന ചിന്തയിലമർന്നു.

നെല്പാടങ്ങളെ കരകൃഷി പാടങ്ങളാക്കി മാറ്റി. അങ്ങനെ മുഖ്യാഹാരമായ നെല്ലരിക്കുവേണ്ടി മറുനാടുകളെ ആശ്രയിക്കുന്ന സ്ഥിതിയിലെത്തിയ കർഷകർ അടങ്ങിയ പഞ്ചായത്താണിത്. ഇവിടെന്നും നെൽകൃഷികൊണ്ട് സ്വയംപര്യാപ്തത നിറഞ്ഞ കർഷകർ പരിഹാരം തേടി അലയുന്നു.

### തെങ്ങ്

തെങ്ങും നെല്ലുമുണ്ടെങ്കിൽ വേറെന്തുണ്ടു ജീവിതം എന്നു പാടി നടന്ന കേരള ജനതയ്ക്ക് ആ പല്ലവിക്ക് നാവിൻ തുമ്പിൽ സ്ഥാനമില്ല. നെൽകൃഷി പോലെ തന്നെ തെങ്ങു വിളകളുടെയും പരിപാലന സമ്പ്രദായങ്ങളും വളമിടീലും അശാസ്ത്രീയമായ നിലയിൽ വന്ന് ഭവിക്കുന്നു. കാലഭേദങ്ങളോടൊത്ത് വളരാനും വിളനൽകാനും കഴിയുന്ന ഒരു കല്പവൃക്ഷമാണ് തെങ്ങ്. കാലാകാലങ്ങളിൽ വളപ്രയോഗവും അല്പം ഈർപ്പവും കിട്ടിയാൽ മതി. രാസവളം കുറച്ചും ജൈവവളവും ജീവാണുവളങ്ങളും കൂടുതലിട്ടു കൊടുത്താൽ സമൃദ്ധമായിതന്നെ നാളികേരം ഉല്പാദനം ലഭിക്കും എന്നതിനു സംശയമില്ല. കാറ്റ് വീഴ്ച തുടങ്ങിയ മാരകരോഗങ്ങളൊന്നും തെങ്ങിന് ഇവിടെ ബാധിച്ചിട്ടില്ല. എണ്ണക്കുരുവായി നാളികേരത്തെ പ്രഖ്യാപിച്ചിട്ടും ഉല്പാദിപ്പിച്ചെടുക്കുന്ന നാളികേര വിപണനം കൊണ്ട് ജീവിത സന്ധാരണത്തിന് കർഷകർക്ക് സാധിക്കുന്നില്ല. അതിനും പരിഹാരം തേടി ഉഴലുന്നു ഇവിടത്തെ കേര കർഷകർ.

### റബ്ബർ

കർഷകർക്ക് ജീവിക്കാൻ ഒരു താങ്ങും തണലുമായി വളർന്നു നിൽക്കുന്ന ഒരു പാൽ വൃക്ഷമാണ് റബ്ബർ. വ്യാവസായിക മേഖലകളിൽ മനുഷ്യന്റെ ജീവിത ചലനത്തെ ഉദ്ദേജിപ്പിക്കുന്നതും സംരക്ഷിക്കു

ന്ന ഒരു ഉപഭോഗവസ്തുവാണ് റബ്ബർ. സമൃദ്ധമായി കൃഷി ചെയ്യാൻ ഭൂമി ഉള്ള വർ വെമ്പൽ കൊള്ളുന്നു. റബ്ബർ കർഷ കർക്ക് ഗവണ്മെന്റിൽ നിന്നും ധാരാളം പ്രോത്സാഹനവും സഹായവും നൽകു ന്നു. ഇവിടത്തെ മണ്ണിന്റെ ഘടന തന്നെ റബ്ബർ കൃഷിയ്ക്ക് അനുയോജ്യമാണ്.

## പച്ചക്കറിയും മറ്റു കൃഷികളും

അടുത്തകാലത്തായി പച്ചക്കറി കൃഷിയും അതിന്റെ പ്രാധാന്യത്തെപ്പറ്റിയും ജനങ്ങൾ കാതോർക്കുന്നു. അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വന്ന നിത്യ ഉപയോഗ വസ്തുവായ പച്ചക്കറികൾ അഴുകിയും, ചീഞ്ഞും, നാറിയും നമ്മുടെ കൈകളിൽ എത്താൻ ഭാരിച്ച വില കൊടുക്കേണ്ടി വരുന്നു. എന്തു കൊണ്ട് സമൃദ്ധമായി നട്ടു വളർത്തി ഉപയോഗത്തിനും വിപണനത്തി നും സാധിക്കുന്നില്ലെന്നും കർഷകർ ചിന്തിച്ചു തുടങ്ങി. ഒരു മുറ്റം തന്നെ ഒരു മലക്കറിതോട്ടമാക്കാൻ എന്തെളുപ്പമെന്ന് ചിന്തിച്ചു തുടങ്ങി. ഗവണ്മെന്റ് നല്ല രീതി യിൽ കർഷകർക്ക് പ്രചോദനവും, സൗക ര്യവും ചെയ്ത് കൊടുക്കാൻ തുനിഞ്ഞ പ്പോൾ ഇവിടെ മലക്കറി കൃഷി സമൃദ്ധ മാക്കാൻ കർഷകർ തുനിയുന്നു. അതു പോലെതന്നെ മറ്റ് കൃഷികളായ വാഴ, മരി ച്ചീനി, ഇലക്കറികൾ, കിഴങ്ങുകൾ, പയ റുവർഗ്ഗങ്ങൾ, ഔഷധച്ചെടികൾ എന്നിവ യും കർഷകർ ഉത്സാഹ ഭരിതരായി ഈ പ്രദേശത്ത് കൃഷി ചെയ്യുന്നു.

### കാർഷിക നയം

കൃഷിയെ പരിപോഷിപ്പിച്ച് കാർഷിക വിഭവങ്ങൾക്ക് സ്വയം പര്യാ പ്തത ഉണ്ടാക്കാൻ ഗവണ്മെന്റ് പല ആസൂത്രണ പദ്ധതികളും നടപ്പാക്കി വരു ന്നു. പക്ഷെ കർഷകരുടെയും ശാസ്ത്ര ജ്ഞരുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടാ യ്മയായ പ്രവർത്തനം കൊണ്ടു മാത്രമേ ഉദ്ദേശം സഫലമാകൂ. കൃഷിയെപ്പറ്റിയും, കൃഷിരീതിയെപ്പറ്റിയും ഉള്ള പഠന ക്ലാസു കൾ കാലാകാലങ്ങളിൽ സംഘടിപ്പിക്കേ ണ്ടതാണ്. ആയതിന് വേണ്ട സഹായ വും സഹകരണവും ഗവൺമെന്റിൽ നിന്നും കർഷകരിൽ നിന്നും ഉണ്ടാവുക യും, ഉണ്ടാക്കി എടുത്തും ഗ്രൂപ്പ് ഫാമിംങ് രീതിയിൽ കൃഷിതലങ്ങളെ എത്തിക്കാൻ ഇവിടത്തെ കർഷകർ ആഗ്രഹിക്കുന്നു.

### ഭൂവിനിയോഗം

210 ഹെക്ടർ സ്ഥലം നെൽകൃ ഷിക്ക് ഉപയോഗിക്കുന്നു. 415 ഹെക്ടർ സ്ഥലം തെങ്ങു കൃഷിക്ക് ഉപയോഗിക്കു ന്നു. 512 ഹെക്ടർ സ്ഥലം റബ്ബർ കൃഷിക്ക് ഉപയോഗിക്കുന്നു. ഇവിടെ ഇൻഷ്വർ ചെയ്ത വിളകൾ 25 എണ്ണം ഉണ്ട്. ഒരു ലക്ഷം തൊഴിൽ ദാന പദ്ധതിയിൻ ഈ പഞ്ചായത്തിലെ 100 ആളുകളെ അംഗമാ ക്കിയിട്ടുണ്ട്.

### കൃഷിക്ക് ധനം സഹായം ചെയ്യുന്ന ബാങ്കുകൾ

എസ്.ബി.ടി ധനുവച്ചപുരം, ഐ.ഒ.ബി നെയ്യാറ്റിൻകര, കൊല്ലയിൽ സഹകരണ ബാങ്ക്, കൃഷിഭവൻ എന്നി വയാണ്.

55 പൊതുക്കിണറുകൾ, 21 കുഴൽ ക്കിണറുകൾ, 59 കുളങ്ങൾ, ജലസേചന ത്തിനുതകുമാറ് ഈ പഞ്ചായത്തിലുണ്ട്. ഇവിടത്തെ നെൽകൃഷി ഭൂമിയുടെ ആയ ക്കെട്ട് ഏരിയ 602 ഹെക്ടർ 23 ആർ ആണ്. ഈ പഞ്ചായത്തിൽ തരിശുഭൂമി യില്ല. ഒരു മൈതാനം ഉണ്ട്. 31 ഹൈന്ദവ ക്ഷേത്രങ്ങളും, 27 ക്രൈസ്തവ ദേവാല യങ്ങളും, 7 കാവുകളും ഈ പഞ്ചായ ത്തിൽ നിലനിൽക്കുന്നു.

**മുഖ്യവിളകൾ**

നെല്ല്, തെങ്ങ്, വാഴ, മരിച്ചീനി, റബ്ബർ എന്നിവയാണ്.

**ജൈവ സമ്പത്ത്**

**മൃഗങ്ങൾ**

| | |
|---|---|
| കാളകൾ, വിത്ത് കാളകൾ, | |
| സങ്കരയിനം | -62 എണ്ണം |
| നാടൻ കറവ പശുക്കൾ | -72 എണ്ണം |
| കറവയില്ലാത്ത നാടൻ പശുക്കൾ | - 175 എണ്ണം |
| സങ്കരയിനം കറവ പശുക്കൾ | -719 എണം |
| കറവയില്ലാത്ത സങ്കരയിനം പശുക്കൾ | -706 എണ്ണം |
| എരുമ കറവയുള്ളത് | -94 എണ്ണം |
| എരുമ കറവയില്ലാത്തത് | -133 എണ്ണം |
| പോത്ത് | -51 എണ്ണം |
| ആകെ എണ്ണം | -2012 |

**വളർത്തുപക്ഷികൾ**

| | |
|---|---|
| കോഴികൾ | -17,271 എണ്ണം |
| താറാവുകൾ | -276എണ്ണം |

വളർത്തുപന്നികൾ 40 എണ്ണവുമാണ് ഈ പഞ്ചായത്തിലെ ജൈവ സമ്പത്തുകൾ.

**മനുഷ്യവിഭവം**

ഇവിടത്തെ ആകെ ജനസംഖ്യ 21,491. പുരുഷന്മാർ -10,503, സ്ത്രീകൾ - 11,110

1991-ലെ കാനേഷുമാരി പ്രകാരമുള്ള കണക്കാണെങ്കിലും 1996-ൽ കണക്കെടുത്താൽ സാമാന്യം 2% ത്തോളം വർദ്ധനവുണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു. സാക്ഷരതാ പ്രസ്ഥാനം വിജയകരമായി ഭവിച്ചു എങ്കിലും നാമമാത്രമായ നിരക്ഷരർ ഇവിടെ അവശേഷിക്കുന്നു. സംപൂർണ്ണ സാക്ഷരതയ്ക്കു വേണ്ടി ഈ പഞ്ചായത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടത് ഏറ്റവും അത്യാവശ്യമാണ്. കൃത്യമായി കണക്കു പറയാൻ പറ്റാത്ത രീതിയിൽ വളരെ ഏറെ തൊഴിൽ രഹിതർ അവശേഷിക്കുന്നു. തൊഴിലില്ലായ്മ രൂക്ഷമാണ് ഈ നാട്ടിലെന്ന് വിളിച്ചോദുന്ന മട്ടിൽ.....

**മനുഷ്യവിഭവം**

കലാ കായിക സാംസ്കാരിക രംഗങ്ങളിൽ അതുല്യ പ്രതിഭകളെ വാർത്തെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ള സത്യം മറച്ചുവയ്ക്കുന്നില്ല. അത്തരം പ്രഗത്ഭമതികളെ വാർത്തെടുക്കേണ്ട പ്രാരംഭവേദി നഴ്സറി തൊട്ടു തന്നെയാണ്. ജന്മസിദ്ധവും കുടുംബപരവുമായ പരമ്പരാഗതസിദ്ധിയും ഉൾക്കൊള്ളുന്ന കൊച്ചുകുരുന്നു കുട്ടികളുടെ കലാസിദ്ധിയ്ക്ക് ചലനവും പ്രാത്സാഹനവും കൊടുക്കേണ്ടത് നഴ്സറി തൊട്ടാണ്. അതുകഴിഞ്ഞാൽ പിന്നെ ഉയർന്ന വിദ്യാലയങ്ങൾ. ഇന്ന് വിദ്യാലയങ്ങളിൽ ചടങ്ങിനെന്നോണം ലൈബ്രറികൾ ഉണ്ട്. ഫിസിക്കൽ എഡ്യുക്കേഷൻ മാസ്റ്റർമാരുണ്ട്. വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ആ വിഭാഗങ്ങളിലെ ആളും സ്ഥാനവും തിരിച്ചറിയാൻ തന്നെ സാധിക്കുന്നില്ല. അറിയിക്കാൻ തുനിയുന്നുമില്ല. അത്തരം ദുസ്ഥിതിമാറ്റിയെടുത്ത് കലയേയും സാഹിത്യത്തേയും കായികവിനോദങ്ങളേയും സത്വരമായി പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. ശാസ്ത്രസാഹിത്യ പരിഷത്ത് പോലുള്ള മഹാസംഘടനകളുടെ ബന്ധപ്പെടലും സേവനവും സാമൂഹ്യപരിവർത്തനാവിശ്യമായിരിക്കുന്നു. തൊഴിലില്ലായ്മയുടെ രൂക്ഷത കുറയ്ക്കാൻ ഇവിടെ വ്യവ

സായശാലകളുയരണം. സംഭരിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണനസാദ്ധ്യത ഉണ്ടാകണം. സാമൂഹ്യ ജീവിതത്തിൽ കെട്ടുപിണഞ്ഞു കിടക്കുന്ന പ്രതിബദ്ധതകളിൽപ്പെട്ട രാഷ്ട്രീയ ചിന്തകരും മത വർഗ്ഗീയ ചിന്തകരും ഒത്തൊരുമയോടുകൂടി ജീവിക്കുന്നതിൽ ഇന്നാട്ടിന് അഭിമാനമുണ്ട്. ഇവിടത്തെ സാമൂഹ്യജീവിതം ശാന്തമാണ്. സൗഹാർദ്ദമാണ്. ഈ പഞ്ചായത്തിലൊരു VTM NSS കോളേജും, രണ്ട് ഗവഃ ഹൈസ്ക്കൂൾ ഒരു NSS ഗേൾസ് ഹൈസ്ക്കൂൾ ഒരു ITI ഒരു ഗവഃ UPS രണ്ട് എയ്ഡഡ് LPS കൾ ഒരു അൺഎയ്ഡഡ് LPS-ഉം UPS-ഉം ഉണ്ട്. ഓരോ വാർഡിലും ഓരോ ഗവഃ LPS-ന്റെ അഭാവം കാണുന്നു. അത് പരിഹരിക്കപ്പെടാൻ ശ്രമിക്കപ്പെടേണ്ടതുണ്ട്. ഇവിടെ ധാരാളം ഭൂരഹിതരുണ്ട്. ഒരു തുണ്ട് ഭൂമിയുണ്ടെങ്കിൽ ഒരു വീടു വയ്ക്കാൻ വെമ്പൽകൊള്ളുന്നവരെ കണ്ട്പിടിച്ച് പാർപ്പിടവും പരിരക്ഷയും കൊടുക്കേണ്ടതുണ്ട്. ഗവൺമെന്റുമായി ബന്ധപ്പെട്ട് ------മാക്കണ്. മനുഷ്യവിഭവത്തിന്റെ മാനദണ്ഡം മനസ്സിലാക്കാൻ സന്നദ്ധസേവകരെത്തന്നെ കണ്ടെത്തേണ്ടതുണ്ട്. ഹരിജനങ്ങളുടെയും പട്ടിക വർഗ്ഗ പട്ടിക ജാതിക്കാരുടെയും ജീവിതോന്നതിയ്ക്കു വേണ്ടി ഉപകരിക്കുന്ന പ്രസ്ഥാനങ്ങളെയും സംഘടനകളെയും വേണ്ടതിൻ വണ്ണം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ആയതിനുവേണ്ടി പഞ്ചായത്ത് ഭരണാധികാരികളുടെയും ജനപ്രതിനിധികളുടെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിന് ആക്കം കൂട്ടേണ്ടതുണ്ട്. പൊതുജനാരോഗ്യ പ്രവർത്തനതലങ്ങളിൽ പൊതു സ്ഥലങ്ങളിലും പാതയോരങ്ങളിലും അടിഞ്ഞുകൂടുന്ന മാലിന്യങ്ങളെ മാറ്റാനും, മലിനപ്പെടുത്താതിരിക്കാനും വേണ്ട എർപ്പാടു ചെയ്തു കിട്ടാൻ പഞ്ചായത്തിന് യത്നിക്കേണ്ടിയിരിക്കുന്നു.

## പഞ്ചായത്തിലെ ഗ്രാമവികസന പദ്ധതികൾക്കായി പൊതുനിർദ്ദേശങ്ങൾ

1. കൈത്തറി വ്യവസായത്തിന് ഒരു സ്പിന്നിംഗ് മിൽ
2. വ്യവസായ പുരോഗതിക്ക് ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്.
3. ധനുവച്ചപുരം ITI ഒരു പ്രൊഡക്ഷൻ സെന്റർ
4. വനിതകൾക്കായി ഒരു കരകൗശലപരിശീലനകേന്ദ്രം
5. പനയോല വ്യവസായ സഹകരണസംഘം.
6. കല്യാണമണ്ഡപം
7. ആയുർവേദ ആശുപത്രി
8. NKM BHS ഒരു ഹൈയർ സെക്കന്ററി സ്കൂൾ
9. പ്ലാവണ്ണറക്കുളം ശുദ്ധജലപദ്ധതി
10. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി
11. മുഴുവൻ പൗരന്മാർക്കും ഹെൽത്ത്കാർഡ്
12. എല്ലാ കുടുംബക്കാർക്കും സാനിറ്ററി സൗകര്യം
13. പാർപ്പിടസൗകര്യം ഉറപ്പുവരുത്തുക.
14. പൊതു ശ്മശാനം
15. മൃഗാശുപത്രിക്ക് കെട്ടിടം
16. വില്ലേജ് എക്സറ്റൻഷൻ ഓഫീസ് കെട്ടിടങ്ങൾ
17. പഞ്ചായത്ത് കേന്ദ്രത്തിൽ മാർക്കറ്റ്.
18. കന്നുകാലിചന്ത
19. N.K.M. BHS ൽ L.P. സ്കൂൾ
20. മഞ്ചവിളാകം UPSൽ ഹൈസ്കൂൾ
21. കാർഷികവ്യാവസായിക പുരോഗതി ലക്ഷ്യമിട്ട് മുഴുവൻ പ്രദേശത്തും വൈദ്യുതി.
22. പരിസര ശുചീകരണത്തിന് ആരോഗ്യകേന്ദ്രം
23. റോഡുകളും നടപ്പാതകളും യോജിപ്പിക്കുന്നതിന് പാലങ്ങൾ
24. പൊതുവിതരണം മെച്ചപ്പെടുത്തുന്നതിന് കർമ്മപദ്ധതി.
25. ധനുവച്ചപുരം റെയിൽവെ സ്റ്റേഷൻവികസനം
26. സാധുവിദ്യാർത്ഥി ചികിത്സാനിധി.
27. ഊർജ്ജിത പച്ചക്കറി കൃഷി.

# വികസന മേഖലകൾ



# കൃഷി
# ജലസേചനം



(അവലംബം. (കൃഷിഭവൻ രേഖകൾ)

കാർഷികമേഖലയായ കൊല്ലയിൽ ഈ നൂറ്റാണ്ടിന്റെ ആരംഭത്തോടെ ഏകദേശം എല്ലാപ്രദേശങ്ങളിലും കൃഷി വ്യാപിച്ചിരുന്നു. കൃഷിയോഗ്യ തരിശ്ഭൂമി കൊല്ലയിൽ പഞ്ചായത്തിൽ ഇല്ല. കൊല്ലയിൽ പഞ്ചായത്തിൽ 210 ഹെകൂർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നുണ്ട്. നെൽകൃഷി ഇരുപ്പൂകൃഷിയാണ്. നെൽപാടങ്ങൾ നികത്തി തെങ്ങ്കൃഷി ചെയ്യുന്ന സമ്പ്രദായം 1976 മുതൽ ആരംഭിച്ചു. എൺപതുകളുടെ അവസാനത്തിൽ ഇത് വളരെ വേഗത്തിലായി. നെൽപാടങ്ങൾ നികത്തി ദീർഘകാലവിളകൾ കൃഷിചെയ്യുന്ന സമ്പ്രദായം നിയമം മൂലം നിരോധിക്കേണ്ടതാണ്.

തെങ്ങുകൃഷി 415 ഹെകൂർ സ്ഥലത്ത് ചെയ്യുന്നു. ഈ പഞ്ചായത്തിലെ എല്ലാവാർഡുകളിലെയും മണ്ണ് തെങ്ങ് കൃഷിക്ക് അനുയോജ്യമാണ്. കൊല്ലയിൽ പഞ്ചായത്തിൽ കൃഷിഭവൻ മുഖാന്തിരം സമഗ്ര നാളികേരവികസനപദ്ധതി 1994-95 മുതൽ മൂന്ന് വർഷത്തേയ്ക്ക് 1996-97 വർഷത്തേയ്ക്ക് നടപ്പാക്കി വരുന്നു. സാധ്യതയ്ക്ക് അനുസൃതമായി തെങ്ങുകൃഷി സമ്പ്രദായം വർദ്ധിക്കുന്നില്ല. ആയതിനാൽ വാർഡ് തല കേരവികസനസമിതികൾ രൂപീകരിച്ച് തെങ്ങ് കൃഷി വർദ്ധിപ്പിക്കേണ്ടതാണ്.

റബ്ബർകൃഷി 512 ഹെകൂർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്. മലയിക്കട, മേക്കൊല്ല, മഞ്ചവിളാകം, കൊറ്റാമം എന്നീ വാർഡുകളിൽ റബ്ബർ കൂടുതലായി കൃഷി ചെയ്തുവരുന്നു. റബ്ബർ വ്യവസായരംഗത്തെ വികസിപ്പിക്കുന്നതിന് വേണ്ടി കർഷകരെ ബോധവൽക്കരണം നടത്തേണ്ടതാണ്. വാഴകൃഷി എല്ലാവാർഡുകളിലും നല്ലരീതിയിൽ ചെയ്തുവരുന്നു. പച്ചക്കറികൃഷി വളരെ കുറഞ്ഞരീതിയിൽ വാർഡുകളിൽ ചെയ്തുവരുന്നു. ആയതിനാൽ കൃഷിഭവന്റെ സഹായത്തോടെ വാർഡുകളിൽ പച്ചകൃഷി സമ്പ്രദായം വ്യാപിപ്പിക്കേണ്ടതാണ്. കുരുമുളക് കൃഷി വളരെ കുറഞ്ഞ തോതിൽ നടത്തി വരുന്നു. ശാസ്ത്രീയമായ രീതിയിൽ മണ്ണ് പരിശോധന നടത്തി കാർഷികരംഗം വികസിപ്പിക്കേണ്ടതാണ്.

കാർഷികവിളകൾക്ക് ജലസേചനത്തിനുവേണ്ടി കനാൽ വെള്ളത്തെ ഉപയോഗപ്പെടുത്തേണ്ടതാണ്. കനാൽവെള്ളം ലഭ്യമാകാത്ത വാർഡുകളിൽ ആവശ്യാനുസരണം കുളങ്ങൾ കുഴൽകിണർ ഇവ കുഴിക്കേണ്ടതാണ്.

പുരയിടകൃഷിയിൽ പ്രകടമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. പുരയിടങ്ങളിൽ തെങ്ങ്, കുരുമുളക്, കപ്പ, വാഴ, പച്ചക്കറികൾ, പ്ലാവ്, മാവ് തുടങ്ങിയവയായിരുന്നു പ്രധാനമായും കൃഷി ചെയ്തു വന്നിരുന്നത്. എന്നാൽ ഇപ്പോൾ തെങ്ങുകൃഷിയിലും റബ്ബർകൃഷിയുമായി പുരയിടകൃഷി മാറിക്കൊണ്ടിരിക്കുകയാണ്. ജനസംഖ്യാവർദ്ധനവും പുരയിടകൃഷിയെ ബാധിച്ചിട്ടുണ്ട്.

## ഭൂവിനിയോഗം

| വിനിയോഗം | വിസ്തീർണ്ണം (ഹെക്ടർ) | ഉല്പാദനക്ഷമത (ഹെക്ടർ) |
|---|---|---|
| നെല്ല് (ഒന്നാംവിള) | 210 ഹെകൂർ | 1950 kg/ഹെക്ടർ |
| നെല്ല് (രണ്ടാംവിള) | 210 " | " |
| നെല്ല് (മൂന്നാംവിള) | 12 " | |
| പയർ | 6 " | 2200kg/ഹെക്ടർ |
| പച്ചക്കറികൾ | 25 " | 650kg/ഹെക്ടർ |
| തെങ്ങ് | 415 " | 5600nut/ഹെക്ടർ |
| വാഴ | 80 ഹെകൂർ | 12000kg/ഹെക്ടർ |
| മരച്ചീനി | 75 ഹെക്ടർ | 11250kg/ഹെക്ടർ |
| കുരുമുളക് | 25 " | 475kg/ഹെക്ടർ |
| റബ്ബർ | 512 ഹെക്ടർ | 325kg/ഹെക്ടർ |

കൊല്ലയിൽ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ വിള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു (95 96) പ്രസ്തുതപദ്ധതിപ്രകാരം 25 ഓളം വിളകൾ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

ഭൂരിഭാഗം കൃഷിക്കാരുടെയും കാർഷികവരുമാനം വളരെ തുച്ഛമാണ്. വെറും 7 ശതമാനം കുടുംബങ്ങൾ മാത്രമേ കൃഷിയെ ആശ്രയിച്ചു കഴിയുന്നുള്ളൂ. കൃഷി മുഖ്യവരുമാനമാർഗ്ഗമാക്കാത്തതാണ് ഇതിനു കാരണം. കർഷകത്തൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ട് കാർഷികരംഗത്തെ വളരെയധികം ബാധിച്ചിട്ടുണ്ട്. കർഷകകുടുംബങ്ങളിലെ പലരും മറ്റു പണികളെ ആശ്രയിച്ചുപോയിട്ടുണ്ട്. ഇത് മാറ്റേണ്ട ഒരു പ്രവണതയാണ്. ഈയടുത്ത കാലത്തായി കർഷകരുടെ കൂലിനിരക്ക് ചെറിയ തോതിൽ വർദ്ധിച്ചിരിക്കുന്നു. സ്ത്രീകൾക്ക് ഏകദേശം 35-40 രൂപയും പുരുഷന്മാർക്ക് 65-70 രൂപയുമാണ് ദിവസകൂലി.

## കൃഷിഭവന്റെ കീഴിൽ നടപ്പിലാക്കുന്ന വിവിധപദ്ധതികൾ

### സമഗ്രനാളികേര വികസനപദ്ധതി

സമഗ്രകേരവികസനം ഉൾക്കൊണ്ടുകൊണ്ടുള്ള പദ്ധതിയാണിത്. പ്രസ്തുത പദ്ധതിപ്രകാരം കിണർ കുഴിക്കുന്നതിനും പമ്പുസെറ്റ് സ്ഥാപിക്കുന്നതിനും ധനസഹായം നൽകുന്നു. സബ്സിഡി നിരക്കിൽ രാസവളം, റോക്കർ സ്പ്രെയർ ഇവ വിതരണം ചെയ്യുന്നു. നെൽകൃഷിയ്ക്ക് ഉല്പാദനബോണസ്സ് സെന്റിന് ഒരു രൂപാ നിരക്കിൽ നൽകിവരുന്നു. വിള ഇൻഷുറൻസ് പദ്ധതി 1995-96 വർഷത്തിൽ നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം 25ഓളം വിളകൾ ഇൻഷ്വർ ചെയ്തിട്ടുണ്ട്. പ്രത്യേക തൊഴിൽ ദാനപദ്ധതി പ്രകാരം 100 പേരെ കൃഷിഭവനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 95-96 വർഷത്തിൽ തേനീച്ച വളർത്തൽ, വെറ്റിലകൃഷി, കൊപ്ര പ്രൊസ്സസിംഗ് മുതലായവയ്ക്ക് സബ്സിഡി നൽകിയിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലം കൃഷിനശിച്ചവർക്ക് ആനുകൂല്യം നൽകിവരുന്നു.

കൃഷിഭവൻ വഴി വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ വിവരം

| ഇനം | 1993-1994 | 1994-1995 | 1995-1996 |
|---|---|---|---|
| തെങ്ങ് | 600 | 265 | 485 |
| കശുമാവ് | | 240 | |
| കുരുമുളക് | 2500 | 4700 | 4600 |
| നെല്ല് | 700kgs | 270kgs | 400kgs |
| പച്ചക്കറിവിത്ത് | 1100packets | 900packets | 500packets |
| പഴവർഗ്ഗതൈകൾ | 220 | 224 | 20 |

### തെങ്ങ് കൃഷിയെ സംബന്ധിച്ച് വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | ലീഫ് റൂട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | ആകെ |
|---|---|---|---|---|---|
| I | 25787 | 12 | 60 | 50 | 122 |
| II | 19228 | 10 | 52 | 45 | 107 |
| III | 17318 | 9 | 49 | 42 | 100 |
| IV | 36849 | 17 | 73 | 56 | 146 |
| V | 13975 | 8 | 47 | 39 | 97 |
| VI | 23267 | 10 | 52 | 43 | 105 |
| VII | 20245 | 19 | 52 | 43 | 105 |
| VIII | 16729 | 8 | 70 | 55 | 133 |
| IX | 7883 | 8 | 62 | 44 | 114 |
| X | 26169 | 13 | 75 | 60 | 148 |

ഗ്രാമസഭയിൽ നടന്ന ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങളുടെ അടി

സ്ഥാനത്തിൽ കാർഷികരംഗത്ത് പരിഗണിക്കേണ്ട പ്രധാന നിർദ്ദേശങ്ങളും ആവശ്യങ്ങളും

1. കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കണം.
2. നെൽപാടങ്ങളിൽ കൃഷിയൊഴിച്ചുള്ള മറ്റുകൃഷികൾ നിയമം മൂലം നിരോധിക്കുക.
3. എല്ലാവാർഡിലും അടുക്കളത്തോട്ടം വച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുക.
4. കേരകർഷകസമിതിയുടെ പ്രവർത്തനം പഞ്ചായത്തടിസ്ഥാനത്തിൽ ഊർജ്ജിതപ്പെടുത്തുക.
5. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.
6. തേങ്ങ, കൊപ്ര, തൊണ്ട്, കുരുമുളക്, റബ്ബർ എന്നിവയുടെ വിപണനത്തിന് സഹകരണസംഘമോ സംഭരണകേന്ദ്രമോ രൂപീകരിക്കുക.
7. ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട തോടായ മേക്കൊല്ല മുതൽ കണ്ണൻകുഴിവരെയുള്ള നടുത്തോടിലും പഞ്ചായത്ത് പ്രദേശത്തെ അനുയോജ്യമായ തോടുകളിലും തടയണകെട്ടി ജലസേചനസൗകര്യം വർദ്ധിപ്പിക്കുക.
8. മണ്ണ് പരിശോധനാകേന്ദ്രവും മണ്ണിലെ അമ്ലഗുണം മാറ്റാനുള്ള രാസവസ്തുക്കൾ കുറഞ്ഞവിലയ്ക്ക് വിതരണം ചെയ്യുക.
9. കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും സംഭരിക്കുന്നതിനും കാർഷിക ഉപകരണങ്ങളും വളവും വിത്തും വിതരണം ചെയ്യുന്നത് ഒരു കാർഷിക സഹകരണസംഘം ആരംഭിക്കുക.
10. പുൽകൃഷിയും പച്ചക്കറികൃഷിയും വ്യാപകമാക്കുക.
11. കൃഷിഭവന്റെ സബ്സെന്റർ ധനുവച്ചപുരത്ത് സ്ഥാപിക്കുക.
12. കുരുമുളക് കൃഷിക്കാർക്ക് വേണ്ടി കുരുമുളക് സമിതി രൂപീകരിക്കുക,
13. അന്യം നിന്നുപോയ മരച്ചീനി കൃഷി വ്യാപകമായി നടപ്പാക്കുന്നതിന് വേണ്ട നടപടി ഊർജ്ജിതപ്പെടുത്തുക.
14. ഒന്നാം വാർഡിലെ മരുക്കകുളം, പെരുമ്പോട്ടുകോണം കുളം, ആമോട്ടുകോണം കുളം, കൂഞ്ചുകുളം രണ്ടാം വാർഡിലെ കോട്ടിയമൂലക്കുളം, അയിരവേലുക്കുളം, മോന്തൻകുളം, കൊക്കിടിക്കുളം, പമ്മൻകുളം, കാരോട്ടുകോണം കുളം കൊച്ചുവീട്ടിൽ കുളം, മൂന്നാം വാർഡിലെ ചെറുവട്ടൂർകോണം കുളം, കോഴിപ്പറക്കുളം, പൂവങ്കുളം, മണലിക്കോണം കുളം, നാലാം വാർഡിലെ കീഴതിൽക്കുളം, പൊരുതൽകോണം കുളം, കുരിയാണിക്കൽകുളം, കളളന്നൂർക്കോണം കുളം, അഞ്ചാംവാർഡിലെ ഇടപുന്നക്കാവ് കുളം, ചെറിയ പുന്നക്കാവ് കുളം, നെടുങ്കുളം, കളിയിക്കൽ കുളം, ആറാം വാർഡിലെ കുമാരകുളം, കുളങ്ങരക്കോണം കുളം, കണ്ടമംഗലത്ത് പറകുളം, കുണ്ടയത്ത് കോണംകുളം വട്ടകുളം, കാട്ടാമരകുളം,അയണംകോട് കുളം, പാറാട്ടറകുളം, ഏഴാം വാർഡിലെ ധനുവച്ചപുരം ചിറക്കുളം,പുന്നോട്ട്കോണം കുളം, പ്ലാവണ്ണറക്കുളം, കളിയിക്കാക്കുളം, എട്ടാം വാർഡിലെ കരിയ്ക്കത്തുകുളം, വടപ്പറാഞ്ചേരുക്കുളം, മടപ്പറാഞ്ചിത്താഴെത്തട്ടുക്കുളം, പതവൻകോട്ടുകോണം കുളം, ഒമ്പതാം വാർഡിലെ എയ്തുകൊണ്ടകാണിചിറകുളം, വള്ളിക്കോട്ടുകോണംകുളം, പശുമാനൂർകുളം, പത്താം വാർഡിലെ പറമ്പികുളം, കാട്ടുകുളം,നാഗക്കോട്ട്കുളം, മണ്ണാംകുളം, നീറകത്തലക്ഷേത്രത്തിന് സമീപമുള്ള

മാതുക്കകുളം, എന്നിവ ജലസേചന സൗകര്യാർത്ഥം പുതുക്കിപ്പണിയുക.

15. കൃഷിക്ക് ഹാനികരമായ എലികളെ നശിപ്പിക്കാനരി ആധുനിക സംവിധാനം നടപ്പിലാക്കുക.

16. നെൽകൃഷിക്ക് ദോഷകരമായി മാറുന്ന കീടങ്ങളേയും തെങ്ങുകൃഷിക്ക് ദോഷകരമായി ബാധിക്കുന്ന ചെമ്പൻചെല്ലിയേയും കൊമ്പൽചെല്ലിയേയും (മണ്ടചീയൽ രോഗം) നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ആധുനിക സജ്ജീകരണങ്ങൾ നടപ്പിലാക്കുക.

17. ചാനൽജലം ലഭ്യമാകേണ്ട സമയത്ത് അറ്റകുറ്റപ്പണിനിമിത്തം ജലദൗർലഭ്യം അനുഭവപ്പെടുന്നു. ഈ ദൗർലഭ്യം ഒഴിവാക്കുക.

18. മണ്ണൊലിപ്പ് തടയുന്നതിന് സോയിൽ കൺസർവേഷൻ പദ്ധതി പഞ്ചായത്തിൽ പൂർണ്ണമായും നടപ്പിലാക്കുക.

19. കിണർ കുഴിക്കുന്നതിനും പമ്പ് സെറ്റ് വാങ്ങുന്നതിനുമുള്ള സബ്സിഡി വർദ്ധിപ്പിക്കേണ്ടതും, സബ്സിഡിക്കുവേണ്ടി ബാങ്ക് വായ്പവ്യവസ്ഥകൾ ഒഴിവാക്കേണ്ടതും കൃഷിക്കാർക്കുള്ള ബാങ്ക് വായ്പാ നിബന്ധനകൾ ലഘൂകരിക്കേണ്ടതുമാണ്.

20. പുഷ്പകൃഷി പഞ്ചായത്ത് തലത്തിൽ ഫലപ്രദമായി നടപ്പിലാക്കുക.

21. വിള ഇൻഷുറൻസ് പദ്ധതി വ്യാപകമാക്കി ഫലപ്രദമായി നടപ്പിലാക്കുക.



കൊല്ലയിൽ ഗ്രാമ പഞ്ചായത്ത്
I
II
III
V
VI
VII
VIII
IX
XI

കൊല്ലയിൽ ഗ്രാമപഞ്ചായത്ത്
വാർഡുകളുടെ മേപ്പ്



## കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ വലുതും ചെറുതുമായ തോടുകൾ

1. നടുതോട് - മേക്കൊല്ലമുതൽ കണ്ണംകുഴിവരെ
2. വള്ളുക്കോടുകോണം മുക്കൽ കണ്ണംകുഴി വരെ
3. എയ്തുകൊണ്ടകാണികാട്ടുകുളം മുതൽ നടൂർക്കൊല്ല **ബണ്ടിൽ ചേരുന്നത്.**
4. പെരംമ്പോട്ടുകോണം മുതൽ തട്ടാം വിളാകം വരെയുള്ള തോട്
5. പശുക്കോട്ടുകോണം കിഴക്കിൻകര തോട്
6. ചെറുവട്ടൂർക്കോണം കിഴക്കിൻകര തോട്
7. മണലീക്കോണം പടിഞ്ഞാറേക്കരതോട്
8. പാങ്കോട്ടുകോണം കിഴക്കിൻകര തോട്
9. നെടുംകുളം മുതൽ കോഴിപ്പറവരെയുള്ള തോട്
10. മഞ്ചവിളാകം പടിഞ്ഞാറേക്കരതോട്
11. മഞ്ചവിളാകം കിഴക്കേകര തോട്
12. പൊരുതൽക്കോണം പടിഞ്ഞാറേക്കരതോട്
13. കള്ളന്നൂർക്കോണം തോട്
14. ആനായിക്കോണം കിഴക്കിൻകര തോട്
15. ആനായിക്കോണം പടിഞ്ഞാറേക്കര തോട്
16. പൂവത്തൂർ കിഴക്കേകര തോട്
17. നുളയ്ക്കോണം വടക്കിൻകരതോട്
18. കുഴിയറത്തല തോട്
19. ധനുവച്ചപുരം തത്തിക്കുളം തോട് മുതൽ ഉദിയൻകുളങ്ങര വരെ
20. പുന്നോട്ടുകോണം മേക്കത്നടതോട്
21. ചിറക്കുളം മുതൽ പലവക്കുളങ്ങര തോട്
22. ചെട്ടിക്കുളം മുതൽ പലവക്കുളം വരെ തോട്
23. നാഗക്കോട്ടുകോണം മുതൽ നയനാംവിളാകം നടവരമ്പ് തോട്
24. ധനുവച്ചപുരം കിഴക്കേക്കര, പടിഞ്ഞാറേക്കര തോടുകൾ
25. അയണംകോട് കിഴക്കേകര പടിഞ്ഞാറേക്കര തോടുകൾ
26. ഉദിയൻകുളങ്ങര പൂവൻ വിളാകം കുണ്ടൂർ എയ്തുകൊണ്ടകാണി തോട്
27. ചെറുവിതാക്കുളം തോട്
28. ചെമ്പറ മുതൽ നീറകത്തലവരെയുള്ള തോട്
29. കാരോട്ടുകോണം മുതൽ ആലപ്പറത്തുനട വരെയുള്ള തോട്
30. വാരിയം കുഴി തോട്
31. കുരിയാണിക്കൽ പടിഞ്ഞാറേക്കര തോട്
32. ഏലംകോട്നട തോട്

# മൃഗസംരക്ഷണം
# മത്സ്യബന്ധനം



ജനകീയാസൂത്രണത്തിലൂടെ 9-ാം പഞ്ചവത്സരപദ്ധതിയ്ക്ക് രൂപം കൊടുക്കാൻ പോകുന്ന അവസരത്തിൽ മൃഗസംരക്ഷണ മേഖലയെപ്പറ്റി ഒരു അവലോകനം വേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിൽ ഇതുവരെ നേടിയതും ഇനി നേടേണ്ടവയും അവയുടെ ആവശ്യകതയും അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളുമാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പത്ത് വാർഡുകളുള്ള കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ 6098 കുടുംബങ്ങൾ ഉണ്ട്. നമ്മുടെ മൃഗസമ്പത്ത് താഴെപ്പറയുന്ന വിധമാണ്. പശുക്കൾ 1674. എരുമ 268, ആട് 373, പന്നികൾ 40, പട്ടികൾ 2068, കോഴി 17271, താറാവ് 274. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷകത്തൊഴിലാളികളുമാണ്. പ്രസ്തുത പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും രണ്ട് ഉപകേന്ദ്രങ്ങളും ഉണ്ട്. എല്ലാം വാടകക്കെട്ടിടങ്ങളിലാണ്. പൊതുവെ ആടു വളർത്തലിനും കന്നുകാലി വളർത്തലിനും സാദ്ധ്യതകളുള്ള പ്രദേശമാണിത്.

സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന ഭൂസ്വത്തുകാരുടെ സമ്പത്ത് മൃഗസംരക്ഷണ മേഖലയിലേക്ക് കൊണ്ടു വരിക വഴി ദേശീയ വരുമാനത്തിനും കാർഷിക വരുമാനത്തിനും വർദ്ധനവുണ്ടാക്കാം. ഇന്നത്തെ പ്രതിസന്ധികൾ നേരിടാൻ കഴിവുള്ള ഒരു സമൂഹത്തിന്റെ സഹകരണം ഈ മേഖലയിൽ ഉറപ്പു വരുത്തണം. ഭൂമിയുടെ ഫലഭൂയിഷ്ടതയ്ക്ക് രാസവളത്തെ മാറ്റി ജൈവവളത്തെ പ്രതിഷ്ഠിക്കേണ്ടിയിരിക്കുന്നു. അതിന് ജന്തു ലോകം അത്യാന്താപേക്ഷിതമാണ്.

പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതിയുടെ പ്രയോജനം ഇപ്പോൾ വളരെ കുറച്ചാളുകൾക്ക് വരുമാനം അനുസരിച്ച് ലഭിക്കുന്നു. ഒരു പ്രദേശത്തെ എല്ലാവർക്കും ലഭ്യമാകുന്നതിന് കഴിഞ്ഞാൽ കർഷകർക്ക് കന്നുകാലി വളർത്തലിൽ താല്പര്യമുണ്ടാകുന്നതിനു കഴിയും. ക്യാമ്പുകൾ സംഘടിപ്പിച്ച് പഞ്ചായത്തിലെ എല്ലാ മേഖലയിലും നായ്ക്കളേ സൗജന്യനിരക്കിൽ പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കുകയും ആവശ്യാനുസരണം വാക്സിൻ ലഭ്യമാക്കുകയും വേണം. അലഞ്ഞു നടക്കുന്ന നായ്ക്കളെ പഞ്ചായത്തിന്റെ ചുമതലയിൽ കൊന്നൊടുക്കുവാൻ കഴിയണം. കുളമ്പുരോഗം, അടപ്പൻ, കാലിവസന്ത തുടങ്ങിയ രോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തിവയ്പ് നിലവിലുണ്ടെങ്കിലും മൃഗാശുപത്രികളിലൂടെ ആവശ്യാനുസരണം എല്ലായിടത്തും കുത്തിവയ്പ് നടത്തുവാൻ കഴിയുന്നില്ല. മരുന്നു സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തതാണ് പ്രധാനകാരണം. പൊതു ജനങ്ങളുടെ സഹകരണക്കുറവും പ്രതിരോധകുത്തിവയ്പിന് തടസ്സമാകുന്നു. ഐ.ആർ.ഡി.പി. പദ്ധതിയിൽ ഉൾപ്പെട്ട പശു വളർത്തലിൽ അർഹത ഇല്ലാത്തവരും ആവശ്യമില്ലാത്തവരും കടന്നു വരുന്നു. പശു വളർത്തൽ തുടർന്നു കൊണ്ടു പോകാനുള്ള ബുദ്ധിമുട്ടും താല്പര്യക്കുറവുമൂലം ഈ പദ്ധതി വേണ്ടത്ര വിജയിക്കാറില്ല.

ജില്ലാ അധികൃതർ തെരഞ്ഞെടുത്ത ചില ബ്ലോക്കുകളിൽ വീട്ടുവളപ്പിലെ കോഴി വളർത്തൽ പദ്ധതി നടപ്പിലായി വരുന്നു. ഹരിജനങ്ങൾക്ക് സൗജന്യമായും ബാക്കി ഉള്ളവർക്ക് പകുതി വിലയ്ക്കും കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നുണ്ടെങ്കിലും ആവശ്യാനുസരണം നല്ല കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ കഴിയുന്നില്ല. വളരെ അകലെ നിന്നു കൊണ്ടു വരുന്ന ചെറിയ കുഞ്ഞുങ്ങളെ മരണ നിരക്ക് വളരെ കുറവാണ്. ഇതു വഴി ഉപഭോക്താക്കൾക്ക് വളരെ നഷ്ടമുണ്ടാകുന്നു.

ഇറച്ചിക്കോഴി വളർത്തൽ പദ്ധതി വഴി സഹായം ലഭിക്കുന്നതിനു വേണ്ടി താലൂക്കുകളിൽ സഹകരണസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട് എങ്കിലും ഇവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനോ ക്രോഡീകരിക്കാനോ കഴിഞ്ഞിട്ടില്ല. ആവശ്യാനുസരം കോഴിക്കുഞ്ഞുങ്ങളെ നൽകുന്നതിനും രണ്ടുമാസമാകുമ്പോൾ വിറ്റഴിക്കാനും കോഴിത്തീറ്റ വിതരണം ചെയ്യാനും സഹകരണസംഘങ്ങൾക്ക് കഴിയുന്നില്ല. സ്വകാര്യ ഏജൻസികളുടെ ചൂഷണം ഏറെയുണ്ട്. സമയത്തിനു കോഴിത്തീറ്റ നൽകാതിരിക്കുകയും കുറഞ്ഞ വിലയ്ക്ക് കോഴികളെ വിൽക്കേണ്ടി വരികയും ചെയ്യുന്ന സാഹചര്യങ്ങൾ ഉണ്ടാക്കി മദ്ധ്യവർത്തികൾ ഈ പദ്ധതിയെ തകർത്തുകൊണ്ടിരിക്കുന്നു.

സബ്സിഡി മുഖേന പലയിടത്തും പന്നിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നുണ്ടെങ്കിലും വില്പന സമയത്ത് സഹായിക്കാൻ കഴിയുന്നില്ല. ന്യായമായ വില ലഭ്യമാക്കാത്തതു മൂലം പലരും പിന്മാറുന്നു.

ആടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്ന മഹിളാ സമാജങ്ങൾ വഴി സർക്കാർ തലത്തിൽ പല പദ്ധതികളും നിലവിലുണ്ട് എങ്കി

ലും ആവശ്യമായ നിർദ്ദേശങ്ങളോ സഹായങ്ങളോ അവർക്ക് ലഭിക്കുന്നില്ല. എല്ലാ പഞ്ചായത്തുകളിലും മൃഗാശുപത്രി ഉണ്ടെങ്കിലും ആവശ്യത്തിനു മരുന്നുകൾ ലഭ്യമാകുന്നില്ല. പല സ്ഥാപനങ്ങളും അപ്രാപ്യമായ സ്ഥലങ്ങളിലാണ്. ആവശ്യസൗകര്യങ്ങളോ വാഹനസൗകര്യങ്ങളോ ഇല്ല. ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രി ഈ പഞ്ചായത്തിലില്ല.

പല പഞ്ചായത്തുകളിലും വളരെ കൃത്യനിഷ്ഠയോടെ അറവു ശാലകളിൽ മാംസപരിശോധനയും അറവുമാടുകളെ മുൻകൂട്ടി പരിശോധിക്കുന്ന സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ട് എങ്കിലും ഈ പഞ്ചായത്തിൽ ഇതുവരെ പ്രാബല്യത്തിൽ വന്നിട്ടില്ല. പഞ്ചായത്തുതലത്തിൽ ശക്തമായ നിയമ പിൻബലത്തോടെ മാംസപരിശോധന നടപ്പിൽ വരുത്തുകയും മൃഗാശുപത്രിയിലെ ഡോക്ടറുടെ സേവനം ഈ മേഖലയിൽ പ്രയോജനപ്പെടുത്തുകയും വേണം.

മറ്റു കൃഷിമേഖലയിലുള്ള ആനുകൂല്യങ്ങൾ കണക്കിലെടുക്കുമ്പോൾ മൃഗസംരക്ഷണമേഖലയിൽ കർഷകർക്ക് ഉചിതമായ സഹായം ഇതുവരെ ലഭിച്ചിട്ടില്ല. ഏതൊക്കെ പദ്ധതികൾ ആസൂത്രണം ചെയ്താലും ന്യായവിലയ്ക്ക് കോഴിത്തീറ്റയും കാലിത്തീറ്റയും കർഷകർക്ക് ലഭ്യമാക്കാൻ കഴിയാത്തിടത്തോളം കാലം അവർക്ക് ഈ മേഖലയിൽ താൽപര്യം ഉണ്ടാവുകയില്ല. വിളകൾക്ക് എന്നപോലെ വളർത്തു മൃഗങ്ങൾക്കും സമഗ്ര ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തേണ്ടതുണ്ട്. ഈ മേഖലയിൽ ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ അടിയന്തിരമായി ഏർപ്പെടുത്തേണ്ടതുണ്ട്.

മത്സ്യബന്ധനം

മത്സ്യബന്ധനകൃഷി ഇപ്പോൾ ഈ പഞ്ചായത്തിൽ ഒരിടത്തും ഫലപ്രദമായി നടക്കാത്ത സ്ഥിതിയാണുള്ളത്. ചില കർഷകർ പഞ്ചായത്തു വക കുളങ്ങളിലും മറ്റും അപൂർവ്വമായി ഈ കൃഷി നടത്തുന്നു. ആയതിനാൽ മത്സ്യഫെഡ് ഫിഷറീസ് എന്നിവയുടെ സഹായത്തോടുകൂടി സഹകരണാടിസ്ഥാനത്തിൽ ഈ കൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ചെമ്മീൻ കൃഷിയ്ക്ക് അനുയോജ്യമായ കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഗ്രാമപഞ്ചായത്തിലുള്ള കുളങ്ങൾ മത്സ്യകൃഷിക്കായി വ്യക്തികൾക്ക് കരാർ വ്യവസ്ഥയിൽ നൽകുകയും ഇങ്ങനെ ലഭ്യമാകുന്ന മത്സ്യങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുകയും വേണം. അതുപോലെ ഗ്രൂപ്പ് അടിസ്ഥാനത്തിലും മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കണം.

നിർദ്ദേശങ്ങൾ

1) പ്രാദേശികമായി ലഭ്യമാകുന്ന വിഭവങ്ങളായി മരിച്ചീനി, തവിട്, വയ്ക്കോൽ എന്നിവ സമാഹരിച്ച് കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ തുടങ്ങുവാൻ കഴിയും.

2) ഈ പഞ്ചായത്തിൽ മൃഗാശുപത്രിയ്ക്കു സ്വന്തമായി ഒരു കെട്ടിടം ഉണ്ടാവുകയും അവടെ ലബോറട്ടറി മരുന്നുകൾ അതു സൂക്ഷിക്കുന്നതിനുള്ള റഫ്രിജിറേറ്റർ, ടെലിഫോൺ എന്നിവയുമുണ്ടാകണം.

3) പഞ്ചായത്ത് തലത്തിൽ വളർത്തു മൃഗങ്ങൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷുറൻസ് പരിരക്ഷ ഉണ്ടാകണം.

4) കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ 500 പശുക്കൾക്ക് 1 എന്ന നിലയിൽ പുനരാസൂത്രണം ചെയ്ത് മൃഗാശുപത്രിയുടെ പരിധിയിൽ കൊണ്ടു വരണം.

5) ആധുനിക രീതിയിലുള്ള അറവുശാലകൾ പ്രാദേശികമായി സ്ഥാപിക്കുകയും നീഫ് പായ്ക്കറ്റുകൾ ലഭ്യമാക്കുകയും വേണം.

6) ചികിത്സാരംഗം രജിസ്ട്രേഷനുള്ളവർക്ക് മാത്രമായി പ്രാബല്യത്തിൽ വരുത്തണം.

7) വനിതാ സംഘങ്ങൾ വഴി മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ നടപ്പിൽ വരുത്തിയാൽ സ്ത്രീകൾക്കു തൊഴിൽ സാദ്ധ്യതയും വരുമാനവും ഉണ്ടാകും.

8) മൃഗാശുപത്രി വികസനസമിതി രൂപീകരിച്ച് ആധുനിക സൗകര്യങ്ങളിലൂടെ മൃഗാശുപത്രികൾ പുനർ നിർണ്ണയം ചെയ്യണം.

9) പേവിഷ നിർമ്മാർജ്ജന പദ്ധതി സാർവ്വത്രികമാക്കുകയും സൗജന്യ നിരക്കിൽ എല്ലാ വളർത്തു നായ്ക്കൾക്കും പ്രതിരോധ കുത്തിവയ്പ് ഏർപ്പെടുത്തണം.

10) എറച്ചിക്കോഴി വളർത്തലിന് കർഷകരുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് വിപണനത്തിൽ സ്ഥിരമായൊരു സംവിധാനം ഉണ്ടാകണം.

11) എഗ്ഗർ നെഴ്സറികൾ പഞ്ചായത്ത് തലത്തിൽ ഒന്നെങ്കിലും ഉണ്ടാകണം.

12) സ്കൂൾ തലത്തിലെ വിദ്യാർത്ഥികൾക്ക് മൃഗസംരക്ഷണ മേഖലകളുമായി ആഭിമുഖ്യം ഉണ്ടാകത്തക്ക പദ്ധതികൾ ആസൂത്രണം ചെയ്യണം.

13) ലൈസൻസില്ലാത്ത വളർത്തു നായ്ക്കളെ കണ്ടുപിടിക്കാനും അത് അവസാനിപ്പിക്കാനുമുള്ള വേണ്ട നടപടികൾ ഉണ്ടാകണം.

14) പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ സാമ്പത്തിക പരിഗണന കൂടാതെ എല്ലാ വിഭാഗം ജനങ്ങൾക്കും ബാധകമാക്കുകയും സങ്കരയിനം പശുക്കുട്ടികളെയും എരുമക്കുട്ടികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം.

15) മാതൃകാ കാലിത്തൊഴുത്തുകൾ നിർമ്മിക്കേണ്ട സാമ്പത്തിക സഹായം നൽകണം.

16) വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി ക്ഷീരോല്പന്ന യൂണിറ്റുകൾ സ്ഥാപിക്കണം.

17) ക്ഷീരകർഷക സമ്പർക്ക പരിപാടി ക്ഷീരോല്പന്ന നിർമ്മാണ പ്രവർത്തനം എന്നിവ സംഘടിപ്പിക്കണം.

18) തെങ്ങിൻ തോട്ടങ്ങൾ പാട്ടത്തിനെടുത്ത് പുൽക്കൃഷി ചെയ്ത് സ്ഥലമില്ലാത്ത ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നതിനായി ധനസഹായം നൽകണം.

19) മൃഗസംരക്ഷണ വകുപ്പിൽ നിന്നും വീടു വീടാന്തരം കയറിഇറങ്ങി കോഴി വസന്തയ്ക്കെതിരെ പ്രതിരോധ സൗജന്യ കുത്തിവയ്പ് മാസാടിസ്ഥാനത്തിൽ നടപ്പിലാക്കണം.

20) ധനുവച്ചപുരത്ത് പുതുതായി മൃഗാശുപത്രി അനുവദിക്കുക.

21) വാർഡുതലത്തിൽ ക്ഷീരോല്പാദന യൂണിറ്റ് സ്ഥാപിക്കുക.

22) പുൽക്കൃഷിയ്ക്കാവശ്യമായ വിത്തും വളവും സബ്സിഡിയായി നൽകുക.

23) പഞ്ചായത്തിൽ വ്യാപകമായി ഗോബർഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ധനം സഹായം അനുവദിക്കുക.

24) വെറ്റിനറി സബ്സെന്ററുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കുക.

25) പഞ്ചായത്ത് കേന്ദ്രീകരിച്ച് പൗൾട്ടറി ഫാം അനുവദിക്കുക.

26) മാതൃകാ കാലിത്തൊഴുത്തിനു നൽകുന്ന സബ്സിഡി വാർഡു തലത്തിൽ ലഭ്യമാക്കുക.

27) നടൂർകൊല്ല വാർഡിൽ ആടു വളർത്തൽ കേന്ദ്രം അനുവദിക്കുക.

28) പഞ്ചായത്തിലെ ആശുപത്രികളിൽ പ്രിമിയം പൂൾ കുത്തിവയ്പ് ഏർപ്പെടുത്തേണ്ടതാണ്.

മത്സ്യബന്ധനം

1) പഞ്ചായത്തിൽ മത്സ്യകൃഷിയ്ക്കനുയോജ്യമായ കുളങ്ങളിൽ മത്സ്യകൃഷി ചെയ്യുന്നതിനു വേണ്ട നടപടി സ്വീകരിക്കും.

2) പഞ്ചായത്ത് തലത്തിൽ 10 പേർക്കെങ്കിലും മത്സ്യക്കൃഷി നടുത്തുന്നതിന് വേണ്ട സാങ്കേതിക പരിശീലനം നൽകുകയും ബാങ്കുകൾ മുഖേന ദീർഘകാല വായ്പകൾ ലഭ്യമാക്കുകയും ചെയ്യുക.

3) മത്സ്യഫേഡിന്റെ വിപണന കേന്ദ്രങ്ങൾ പഞ്ചായത്തിൽ സ്ഥാപിയ്ക്കുക.

## കൊല്ലയിൽ പഞ്ചായത്ത്
## രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 552 | 12 | 468 | - | - | 2460 | - | - | - | - |
| 2 | ശ്വാസകോശസംബന്ധം | 36 | - | 36 | - | - | 1092 | - | - | - | - |
| 3 | ഉപാപചയ സംബന്ധം | 240 | - | 12 | - | - | - | - | - | - | - |
| 4 | ത്വക്ക് രോഗങ്ങൾ | 180 | 36 | - | - | - | - | - | - | - | - |
| 5 | ധാതുലവണങ്ങളുടെ അഭാവം | 13 | - | 60 | - | - | - | - | - | - | - |
| 6 | പരാദരോഗങ്ങൾ | 456 | 144 | 60 | - | 24 | 240 | - | - | - | - |
| 7 | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 696 | 96 | - | - | - | - | - | - | - | - |
| 8 | വന്ധ്യത | 432 | 72 | - | - | - | - | - | - | - | - |
| 9 | അകിടുവീക്കം | 336 | 96 | 96 | - | - | - | - | - | - | - |
| 10 | മുടന്തൽ പനി | 144 | - | 118 | - | - | 240 | - | - | - | - |
| 11 | പകർച്ചവ്യാധികൾ | | | | | | | | | | |

## അനുബന്ധം - 4
## കൊല്ലയിൽ ഗ്രാമപഞ്ചായത്ത്
### 4-1 വളർത്തുമൃഗസംഖ്യ

| വാർഡ്നമ്പർ | കാളനാടൻ | | കാളസങ്കരം | | പശുനാടൻ | | പശുസങ്കരം | | എരുമ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | പോത്ത് | ആട് | പട്ടി | ആന |
| 1-10 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| | 2 | 7 | 11 | 51 | 72 | 175 | 719 | 706 | 94 | 133 | 51 | 1470 | 1994 | Nil |

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിൽ രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവരുന്നവ |
|---|---|---|---|
| പശു | 1440 | 728 | 108 |
| കിടാരി | 232 | 252 | 160 |
| എരുമ | 227 | 78 | 42 |

കൊല്ലയിൽ ഗ്രാമപഞ്ചായത്ത്
4.2 വളർത്തുപക്ഷിസംഖ്യ

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | |
| 1-10 | 3549 | 3292 | 10138 | 92 | 191 | 32 |

# വിദ്യാഭ്യാസം



വിദ്യാഭ്യാസപരമായി പിൻനിരയിലായിരുന്നതും ഇപ്പോൾ അഗ്രഗണ്യസ്ഥാനത്തുള്ളതുമായ ഒന്നാണ് കൊല്ലയിൽ ഗ്രാമപഞ്ചായത്ത്. മേച്ചേരി ശ്രീ. ശങ്കരപിള്ള ആശാൻ സ്വന്തമായി നടത്തിവന്ന കുടിപള്ളികൂടമാണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. കാലാന്തരത്തിൽ ശങ്കരവിലാസം പ്രൈമറി സ്കൂളായും, മഞ്ചവിളാകം ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളായും രൂപാന്തരപ്പെട്ടു.

ഹൈസ്കൂൾ വിഭാഗത്തിൽ ധനുവച്ചപുരം മഠാധിപനുമായ ബ്രഹ്മശ്രീ നീലകണ്ഠരു കൃഷ്ണരു ദാനമായി നൽകിയ ഭൂമിയിൽ 1952-53 സ്കൂൾ വർഷത്തിൽ സ്ഥാപിച്ച ഗവൺമെന്റ് സ്കൂളാണ് പഞ്ചായത്തിലെ ആദ്യത്തേത്. കുട്ടികളുടെ ക്രമാതീതമായ വർദ്ധനവ് നിമിത്തം 1967-68-ൽ ഈ സ്കൂളിലെ പെൺകുട്ടികളെ വേർതിരിച്ച് ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ സ്ഥാപിച്ചു. ഈ പഞ്ചായത്തിൽ ധനുവച്ചപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന ഹൈസ്കൂളുകൾ, കോളേജ്, ഐ റ്റി ഐ എന്നിവ ബ്രഹ്മശ്രീ നീലകണ്ഠരു കൃഷ്ണരു ദാനമായി നൽകിയ സ്ഥലത്താണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്.

പഞ്ചായത്തിൽ ഒരു കോളേജും ഒരു ഗവൺമെന്റ് ഐ ടി ഐയും രണ്ട് ഗവൺമെന്റ് ഹൈസ്കുളുകളും, ഒരു ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളും, ഒരു എയ്ഡഡ് ഹൈസ്കൂളും, രണ്ട് എയ്ഡഡ് എൽ പി സ്കൂളുകളും, മൂന്ന് അൺ എയ്ഡഡ് യു പി സ്കൂളുകളും രണ്ട് അൺ എയ്ഡഡ് എൽ പി സ്കൂളുകളും പ്രവർത്തിച്ചുവരുന്നു.

കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ ഹൈസ്കൂളുകളിലെ കഴിഞ്ഞ അഞ്ചുവർഷത്തെ വിജയശതമാനം ചുവടെ ചേർക്കുന്നു.

മേൽപ്പറഞ്ഞ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ പത്തോളം പാരലൽകോളേജുകളും ട്യൂട്ടോറിയൽ കോളേജുകളും 13 അംഗനവാടികളും നിരവധി നഴ്സറി സ്കൂളുകളും ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും സ്വകാര്യ ഐ ടി സി കളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

മിക്കവാറും എല്ലാ സ്കൂളുകളിലും പി ടി എ കമ്മിറ്റികളും, മാതൃസംഗമം എന്നിവ സജീവമായി പ്രവർത്തിച്ചുവരുന്നു.

പല സ്കൂളുകളിലും ശാസ്ത്ര ഗണിത ശാസ്ത്ര പ്രവൃത്തി പരിചയമേളകളിലും ബാലയുവജനോൽസവങ്ങളിലും പങ്കെടുത്തുവരുന്നു. കഴിഞ്ഞ 20-തു വർഷങ്ങളായി ശാസ്ത്രമേളയിൽ സബ്ജില്ലാ, ജില്ലാ സംസ്ഥാന തലങ്ങളിൽ മഞ്ചവിളാകം ഗവൺമെന്റ് യു പി എസ് സ്ഥിരമായി പങ്കെടുക്കുകയും സബ്

വിദ്യാലയവിവരങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|---|
| 1 | വി ടി എം എൻ എസ് എസ് കോളേജ്, ധനുവച്ചപുരം | എയ്ഡഡ് | 3573 | 99 |
| 2 | എൻ.കെ.എം. ഗവൺമെന്റ് ബി എച്ച് എസ്, ധനുവച്ചപുരം | സർക്കാർ | 750 | 29 |
| 3 | ഗവൺമെന്റ് ജി എച്ച് എസ്, ധനുവച്ചപുരം | സർക്കാർ | 548 | 23 |
| 4 | എൻ എസ് എസ് ജി എച്ച് എസ്, ധനുവച്ചപുരം | എയ്ഡഡ് | 198 | 13 |
| 5. | ഗവൺമെന്റ് യു പി എസ്, മഞ്ചവിളാകം | സർക്കാർ | 1061 | 29 |
| 6. | എൽ എം എസ് എൽ പി എസ്, പൂവത്തൂർ | എയ്ഡഡ് | 201 | 5 |
| 7. | എൽ എം എസ് എൽ പി എസ്, ഉദിയൻകുളങ്ങര | എയ്ഡഡ് | 234 | 4 |
| 8 | എസ് ഡി എ യു പി എസ്, ധനുവച്ചപുരം | അൺ എയ്ഡഡ് | 145 | 10 |
| 9 | ആൾ സെയിന്റ്സ് എൽ പി എസ്, മണിവിള | അൺ എയ്ഡഡ് | 408 | 15 |
| 10 | എൻ എസ് എസ് ഇംഗ്ലീഷ് മീഡിയം,ധനുവച്ചപുരം | അൺ എയ്ഡഡ് | 234 | 11 |
| 11 | വിമലഹൃദയം ഇംഗ്ലീഷ് മീഡിയം കോൺവെന്റ്, ആനക്കുന്ന് | അൺ എയ്ഡഡ് | 31 | 3 |
| 12 | ഉദയാ എൽ പി എസ്, ധനുവച്ചപുരം | അൺ എയ്ഡഡ് | 119 | 8 |
| 13 | ഗവൺമെന്റ് ഐ ടി ഐ, ധനുവച്ചപുരം | സർക്കാർ | 1003 | 76 |
| | ആകെ | | 8505 | 315 |

## എസ്. എസ്. എൽ. സി വിജയശതമാനം

| വർഷം | എൻ. കെ. എം. ഗവ. ബി. എച്ച് എസ്, ധനുവച്ചപുരം | ഗവ: ജി. എച്ച് എസ്, ധനുവച്ചപുരം | എൻ എസ് എസ് ജി എച്ച് എസ്, ധനുവച്ചപുരം |
|---|---|---|---|
| 1991 - 92 | 59% | 51% | - |
| 1992-93 | 50% | 57% | - |
| 1993-94 | 43% | 51% | 70% |
| 1994-95 | 49% | 56% | 48% |
| 1995-96 | 43% | 55% | 56% |

ജില്ലാ തലത്തിൽ തുടർച്ചയായും ജില്ലാ സംസ്ഥാനതലങ്ങളിൽ മിക്കവാറും വർഷങ്ങളിലും ട്രോഫി കരസ്ഥമാക്കി വരികയാണ്.

1980 -90 വർഷത്തിൽ സംസ്ഥാനതലത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയതിനുള്ള യു പി വിഭാഗത്തെ ട്രോഫി മഞ്ചവിളാകം യു പി എസിനാണ് ലഭിച്ചത്.

വിദ്യാലയ സർവ്വേയിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നത് പഞ്ചായത്തിലെ അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. അദ്ധ്യാപകരിൽ നല്ലൊരും ഭാ

### പട്ടിക - വിദ്യാലയസൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം (ഏക്കർ) | ഓഫീസ്മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ബി ടി എം എൻ എസ് എസ് കോളേജ്, ധനുവച്ചപുരം | 27 ന്റ | ഉ | ഉ | ഉ | ഉ | ഉ | ഉ | ഉ | ഉ | ഉ | ഉ |
| 2 | എൻ കെ എം ഗവ: ബി എച്ച് എസ്, ധനുവച്ചപുരം | 6 ന്റ | ഉ | ഉ | ഉ | ഉ | ഉ | ഇ | ഇ | ഉ | ഉ | ഇ |
| 3 | ഗവൺമെന്റ് ജി എച്ച് എസ്, ധനുവച്ചപുരം | 4.91 | ഉ | ഉ | ഉ | ഉ | ഉ | ഇ | ഉ | ഉ | ഉ | ഇ |
| 4 | എൻ എസ് എസ് ജി എച്ച് എസ്, ധനുവച്ചപുരം | 3.00 | ഉ | ഉ | ഉ | ഉ | ഉ | ഉ | ഇ | ഉ | ഉ | ഉ |
| 5 | ഗവൺമെന്റ് യു പി എസ്, മഞ്ചവിളാകം | 0.51 | ഉ | ഉ | ഉ | ഉ | ഉ | ഉ | ഉ | ഉ | ഇ | ഉ |
| 6 | എൽ എം എസ് എൽ പി എസ്, പുവത്തൂർ | .50 | ഉ | ഇ | ഇ | ഉ | ഇ | ഇ | ഉ | ഇ | ഇ | ഇ |
| 7 | എൽ എം എസ് എൽ പി എസ്, ഉദിയൻകുളങ്ങര | .71 | ഇ | ഇ | ഇ | ഇ | ഉ | ഇ | ഉ | ഇ | ഉ | ഇ |
| 8 | എസ് ടി എ യു പി എസ്, ധനുവച്ചപുരം | 2.10 | ഉ | ഇ | ഉ | ഉ | ഉ | ഉ | ഉ | ഉ | ഉ | ഉ |
| 9 | ആൾസെയിൻസ് എൽ പി എസ് മണിവിള | 1.50 | ഉ | ഉ | ഇ | ഇ | ഉ | ഉ | ഇ | ഉ | ഉ | ഉ |
| 10 | എൻ എസ് എസ് ഇംഗ്ലീഷ് മീഡിയം, ധനുവച്ചപുരം | 2.50 | ഉ | ഉ | ഇ | ഇ | ഉ | ഉ | ഉ | ഉ | ഉ | ഉ |
| 11 | വിമലഹൃദയം ഇംഗ്ലീഷ് മീഡിയം കോൺവെന്റ്, ആനക്കുന്ന് | 2.00 | ഉ | ഇ | ഇ | ഇ | ഉ | ഉ | ഇ | ഉ | ഉ | ഉ |
| 12 | ഉദയാ എൽ പി എസ് ധനുവച്ചപുരം | .50 | ഉ | ഉ | ഇ | ഉ | ഉ | ഉ | ഉ | ഉ | ഉ | ഉ |
| 13 | ഗവ: ഐ ടി ഐ, ധനുവച്ചപുരം | 15.5 | ഉ | ഉ | ഇ | ഉ | ഉ | ഉ | ഉ | ഉ | ഉ | ഉ |

ഗം ഇൻ സർവ്വീസ് ട്രെയിനിംഗിന് വിധേയരായിട്ടില്ല. കുടിവെള്ളത്തിലുള്ള സൗകര്യങ്ങൾ മിക്ക വിദ്യാലയങ്ങളിലും ലഭ്യമല്ല. സ്കൂളുകൾ പൂർണ്ണമായും വൈദ്യുതീകരിച്ചിട്ടില്ല. ആവശ്യാനുസരണം ഫർണിച്ചറുകളും ലഭ്യമല്ല. സ്കൂളുകളുടെ ഓല ഷെഡ്ഡുകളുടെ അവസ്ഥ പരിതാപകരമാണ്.

സാമൂഹ്യ ക്ഷേമവകുപ്പിന്റെ കീഴിൽ 13 അംഗനവാടികൾ പ്രവർത്തിക്കുന്നു. ഇവയിൽ നാലെണ്ണം ഒഴിച്ച് ബാക്കിയുള്ളവയ്ക്ക് ഒന്നിനും സ്വന്തമായി കെട്ടിടം ഇല്ല. അംഗനവാടികളിൽ ഒന്നിനും വേണ്ടത്ര കളിക്കോപ്പുകളില്ല.

**കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾ നേരിടുന്ന പ്രശ്നങ്ങൾ**

1 പല സ്കൂളുകളുടെയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.

2. കുട്ടികളുടെഎണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറയാനുള്ള സാഹചര്യങ്ങൾ മിക്ക വിദ്യാലയങ്ങളിലും നിലനിൽക്കുന്നു.

3. ഇംഗ്ലീഷ്മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുകയാണ്.

4. സ്കൂൾ വിദ്യാർത്ഥികളിലെ നിരക്ഷരതാ കുറയ്ക്കാൻ കഴിഞ്ഞിട്ട് ഉണ്ടെങ്കിലും ഇപ്പോഴും ഗണ്യമായ അളവിൽ നിലനിൽക്കുന്നു.

5. മഞ്ചവിളാകം, മേക്കൊല്ല, പാങ്കോട്ടുകോണം, മാങ്കോട്ടുകോണം എന്നീ വാർഡിലെ കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് വേണ്ടി വളരെ ദൂരം യാത്രചെയ്യേണ്ടിവരുന്നു. ഇത് കുട്ടികളുടെ പഠന നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു.

6. ശിശുവിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങൾ ഇല്ല.

7. അനൗപചാരിക വിദ്യാഭ്യാസത്തിന് ആസൂത്രിത പരിപാടികളൊന്നും നടപ്പിലാകുന്നില്ല.

7. കലാഭ്യസനത്തിന് വേണ്ടത്ര സൗകര്യങ്ങൾ പഞ്ചായത്തിലില്ല.

**വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ചില നിർദ്ദേശങ്ങൾ**

1. അദ്ധ്യാപക രക്ഷകർത്തൃബന്ധം ശക്തിപ്പെടുത്തുക.

2. വിദ്യാഭ്യാസസ്ഥാപനങ്ങളിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുക.

3. മാറിവരുന്ന സിലബസ്സ് ആസ്പദമാക്കി അദ്ധ്യാപകർക്ക് ഇൻസർവ്വീസ് കോഴ്സുകൾ നൽകുക.

4. കലാ–കായിക പരിപോഷണത്തിനുള്ള നടപടി സ്വീകരിക്കുക.

5. സ്കൂൾ തുറക്കുന്നതിന് മുമ്പായി പാഠപുസ്തകങ്ങൾ സ്കൂളുകളിൽ ലഭ്യമാക്കുക.

6. വിദ്യാജ്യോതിയുടെ പ്രവർത്തനം ശക്തമാക്കുക.

7. മെച്ചപ്പെട്ട ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുക.

8. പുതിയ അൺ–എയ്ഡഡ് സ്കൂളുകൾ അനുവദിയ്ക്കാതിരിക്കുക.

9. അദ്ധ്യാപകനിയമനം യഥാസമയം നടത്തുവാനുള്ള നടപടി സ്വീകരിക്കുക.

**ഗ്രാമസഭകളുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും**

1. എല്ലാ സർക്കാർ സ്കൂളുകളിലും കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

2. എല്ലാ സർക്കാർ സ്കൂളുകളിലേയും അറ്റകുറ്റപണികൾ നടത്തുകയും, പ്രാഥമികസൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

3. ധനുവച്ചപുരം N.K.M ഗവ. B.H.S –ൽ എൽ. പി വിഭാഗം അനുവദിക്കുക.

4. മഞ്ചവിളാകം യു. പി.എസിനെ ഹൈസ്കൂളായി ഉയർത്തുക.

5. മങ്കോട്ടുകോണം, നടൂർകൊല്ല, ദേവേശ്വരം, മേക്കൊല്ല വാർഡുകളിൽ എൽ. പി സ്കൂൾ സ്ഥാപിക്കുക.

6. എല്ലാ സർക്കാർ സ്കൂളുകളിലും ആവശ്യമുള്ള ഫർണിച്ചറുകൾ നൽകുക.

7. മഞ്ചവിളാകം യു. പി.എസിൽ പ്രീ പ്രൈമറിസ്കൂൾ സ്ഥാപിക്കുക.

8. ധനുവച്ചപുരത്ത് സർക്കാർമേഖലയിൽ ഹയർ സെക്കന്ററി സ്കൂൾ അനുവദിക്കുക.

9. ധനുവച്ചപുരത്ത് ഒരു ഗവ: വനിത ഐ. ടി. ഐ അനുവദിക്കുക.

10. സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടിക്ക് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ച് നൽകുക.

11. ധനുവച്ചപുരം N.K.M. ഗവ: B.H.S–ൽ കമ്പ്യൂട്ടർക്ലാസ്സ് കാര്യക്ഷമമാക്കുക.

12. ഐ. ടി.ഐ യിൽ പുതിയ കോഴ്സുകൾ അനുവദിക്കുക. കമ്പ്യൂട്ടർകോഴ്സ് SC/ST ക്ക് പുറമേ ജനറൽ കാറ്റഗറിയിലും അനുവദിക്കുക.

**വിദ്യാർത്ഥികൾക്കുണ്ടാകുന്ന മാരകരോഗങ്ങൾ**

ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിലും പത്താംക്ലാസ്സിനു മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിലും ചുരുക്കം ചിലർക്കെങ്കിലും മാരകരോഗങ്ങൾ വന്നുപെടാറുണ്ട്. ദൈനംദിനജീവിതത്തിൽ ക്ലേശങ്ങൾ അനുഭവിക്കുന്ന രക്ഷകർത്താക്കൾ സ്വന്തം കുട്ടികളുടെ ജീവൻ രക്ഷിക്കാൻ പ്രയാസപ്പെടുമ്പോൾ അവരുടെ വിദ്യാഭ്യാസം നിലച്ചുപോകുന്നു. ഹൃദയശസ്ത്രക്രിയ, അർബ്ബുദം, ട്യൂമർ തുടങ്ങിയ മാരകരോഗങ്ങളിൽനിന്നും വിദ്യാർത്ഥിയെ രക്ഷിക്കാൻ ചിലപ്പോൾ ലക്ഷങ്ങൾ തന്നെ വേണ്ടിവരും.

**പരിഹാരമാർഗ്ഗം**

വിദ്യാർത്ഥികൾ അഡ്മിഷനാകുമ്പോഴോ, പ്രൊമോഷനാകുമ്പോഴോ പത്ത് രൂപാവീതം അധികഫീസ് ഈടാക്കണം. അങ്ങനെ ഈ അദ്ധ്യയനവർഷത്തിലുള്ള 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ നിന്നും ഉദ്ദേശം 50 ലക്ഷം കുട്ടികളിൽ നിന്നുമായി 5 കോടി രൂപ ലഭിക്കും. ഓരോ വർഷവും 5 ലക്ഷം കുട്ടികൾ അഡ്മിഷനാകുമ്പോൾ ലഭിക്കുന്ന 50 ലക്ഷം രൂപാവീതം "സാധുവിദ്യാർത്ഥിചികിത്സാനിധി" എന്ന പേരിൽ നിക്ഷേപിക്കുക. ഈ നിധിയിൽ നിന്നും മാരകരോഗം ബാധിക്കുന്ന വിദ്യാർത്ഥികളെ സഹായിച്ച് അവരുടെ ജീവൻ രക്ഷിക്കാൻ കഴിയും.

# കുടിവെള്ളം
# പൊതുജനാരോഗ്യം

കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ പ്രധാന കുടിവെള്ളസ്രോതസ്സ് കിണറുകളാണ്. 60% കുടുംബങ്ങളും സ്വന്തം കിണറുകളേയും മറ്റുള്ളവർ പൊതുടാപ്പുകളേയും പൊതുകിണറുകളേയും കുഴൽ കിണറുകളേയും ആശ്രയിക്കുന്നു. മിക്ക പ്രദേശങ്ങളിലും 75 അടിയോളം ആഴത്തിൽ കുഴിച്ചാൽ മാത്രമേ ജലം ലഭിയ്ക്കുകയുള്ളൂ. വേനൽക്കാലമായാൽ മിക്ക കിണറുകളും വറ്റിപോകുകയും രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു. ഈ പഞ്ചായത്തിലെ പേരേത്തുകോണം, മൊട്ടക്കാവ്, പുന്നക്കാല. വാരിയംകുഴി, പരക്കുന്ന്, മഞ്ചവിളാകം, പരുത്തിവിള, നുണക്കകോണം, ചേയ്റത്തല, പോങ്ങുംപൊറ്റ എന്നീ സ്ഥലങ്ങളിൽ കൂടുതലും കുഴൽ കിണറുകളെ ആശ്രയിച്ചാണ് കഴിയുന്നത്.

പൊതുടാപ്പുകളും 49 പൊതുകിണറുകളും 21 കുഴൽകിണറുകളും സംരക്ഷിച്ചുവരുന്നു. വാട്ടർടാപ്പ് ഹൗസ്കണക്ഷൻ നാമമാത്രമായിട്ടേ കാണുന്നുള്ളൂ. പൊതുവേ ശുദ്ധജലവിതരണസംവിധാനം കുറവാണ്.

എയ്തുകൊണ്ടകാണി റെയിൽവേ ക്രോസിന് സമീപത്ത് സ്ഥാപിച്ചിട്ടുള്ള പമ്പ്ഹൗസിൽ നിന്നുമാണ് ശുദ്ധജലവിതരണസംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. മേൽപ്പറഞ്ഞ പൊതുകിണറുകൾ, കുഴൽ കിണറുകൾ, പൊതുടാപ്പുകൾ എന്നിവയിൽ പലതും പ്രവർത്തനരഹിതമാണ്. വേനൽകാലങ്ങളിൽ ഈ പഞ്ചായത്ത് പ്രദേശത്ത് ടാങ്കർ ലോറികളിലാണ് കുടിവെള്ളം എത്തിക്കുന്നത്. വർഷംതോറും ഇപ്രകാരം ജലവിതരണത്തിന് ഏകദേശം ... രൂപവീതം ചിലവഴിച്ചുവരുന്നു.

ഈ പഞ്ചായത്തിലെ എയ്തുകൊണ്ടകാണി പമ്പ്ഹൗസിന്റെ ശേഷി വർദ്ധിപ്പിച്ചും ധനുവച്ചപുരത്തെ പ്ലാവണ്ണറകുളം വാട്ടർ അതോറിറ്റി ഏറ്റെടുത്ത് വാട്ടർ സപ്ലൈസ്കീമുമായി അംഗീകരിച്ച് പ്രവർത്തനക്ഷമമാക്കിയാൽ ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും കുടിവെള്ളക്ഷാമം പരിഹരിയ്ക്കാൻ കഴിയുമെന്നാണ് പഞ്ചായത്ത് പ്രതീക്ഷിക്കുന്നത്.

ഗ്രാമസഭകളിലെ ഉയർന്ന് പ്രശ്നങ്ങളും ആവശ്യങ്ങളും

1. എല്ലാ വാർഡുകളിലും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു.

2. പൊതുകിണറുകൾ ഉപയോഗശൂന്യമായി കിടക്കുന്നു

3. കുഴൽകിണറുകൾ പലതും പ്രവർത്തിക്കുന്നില്ല.

4. വെള്ളം കിട്ടാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽമാത്രം കിണറുകൾ നിർമ്മിയ്ക്കുകയും കാലാകാലങ്ങളിൽ മെയിന്റനൻസ് ചെയ്യുകയും വേണം.

ആരോഗ്യരംഗത്തെ സർക്കാർസ്ഥാപനങ്ങൾ

| സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/ വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ |
|---|---|---|---|---|
| കൊല്ലയിൽ പ്രൈമറി ഹെൽത്ത് സെന്റർ, ധനുവച്ചപുരം | പ്രാഥമിക ആരോഗ്യ കേന്ദ്രം(അലോപ്പതി) | സ്വന്തം | 9 | ഫർണിച്ചറുകളുടെ കുറവ് അനുഭവപ്പെടുന്നു |
| ഗവൺമെന്റ് ഹോമിയോ ഡിസ്പൻസറി, മലൈക്കട | ഹോമിയോ | സ്വന്തം | 3 | ഫർണിച്ചർ, ഉദ്യോഗസ്ഥർ എന്നിവയുടെ കുറവ് അനുഭവപ്പെടുന്നു. |
| ഫാമിലി വെൽഫെയർ സെന്റർ, ധനുവച്ചപുരം | അലോപ്പതി | സ്വന്തം | 1 | ഫർണിച്ചർ, വൈദ്യുതി. ചുറ്റുമതിൽ ഇവയില്ല |
| ഫാമിലി വെൽഫെയർ സെന്റർ, മാങ്കോട്ടുകോണം | അലോപ്പതി | സ്വന്തം | 1 | ഫർണിച്ചർ ഇല്ല, വൈദ്യുതി, ചുറ്റുമതിൽ എന്നിവയില്ല. |
| ഫാമിലി വെൽഫെയർ സെന്റർ, എയ്തുകൊണ്ടുകണി | അലോപ്പതി | വാടക | 1 | സൗകര്യങ്ങൾ ഇല്ല |
| ഫാമിലി വെൽഫെയർ സെന്റർ, പൂവത്തൂർ | അലോപ്പതി | വാടക | 1 | സൗകര്യങ്ങളില്ല |

5. നിർദ്ധനരായ കുടുംബങ്ങൾക്ക് സ്വന്തമായി കിണറു നിർമ്മിക്കാൻ ആവശ്യമായ ധനസഹായം നൽകുക.

6. ജലലഭ്യതകൂടുതലുള്ള പഞ്ചായത്തു കിണറുകളിൽ പമ്പു സെറ്റുകൾ ഘടിപ്പിച്ച് കൂടുതൽ പേർക്ക് ജലം കിട്ടുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക.

7. ധനുവച്ചപുരത്ത് ഐ. പി. ഐ. ക്കുള്ളിൽ സ്ഥാപിച്ചിരിക്കുന്ന ഓവർ ഹെക്ട് ടാങ്കിന്റെ ശുചിത്വവും സുരക്ഷിതത്വം ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കുക.

8. പ്ലാവണ്ണറകുളം വാട്ടർ അതോറിറ്റിക്കൊണ്ട് ഏറ്റെടുപ്പിച്ച് കൊല്ലയിൽ പഞ്ചായത്തിലെ വാട്ടർ സപ്ലൈ സ്കീമുമായി അംഗീകരിച്ച് എല്ലാ വാർഡുകളിലെയും ജലക്ഷാമം പരിഹരിക്കുക.

9. നിലവിൽ പൈപ്പു ലൈൻ ഇല്ലാത്ത റോഡുകളിലും നടപ്പാതകളിലും പൈപ്പ് കണക്ഷൻ നീട്ടുകയും ആവശ്യമുള്ളിടത്ത് പൊതു ടാപ്പുകൾ സ്ഥാപിക്കുക.

10. നിലവിലുള്ള പ്രവർത്തനരഹിതമായ കുഴൽകിണറുകളുടെ അറ്റകുറ്റപണികൾ ചെയ്യുകയും ആവശ്യമായ സ്ഥലങ്ങളിൽ പുതിയ കുഴൽകിണറുകൾ നിർമ്മിക്കുകയും ചെയ്യുക.

11. ധനുവച്ചപുരത്ത് ഐ. പി. ഐ ജംഗ്ഷനിൽ പണി പൂർത്തിയാക്കാത്ത പമ്പ് ഹൗസിന്റെ പ്രവർത്തനം പുനഃരാരംഭിക്കുക:–

പൊതുജനാരോഗ്യം: –

കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ ഏകദേശം 40% ഭവനങ്ങൾക്ക് കക്കൂസുകളുണ്ട്. എന്നാൽ ദാരിദ്ര്യരേഖയ്ക്കു താഴെവരുന്ന കുടുംബങ്ങളിൽ 70% കക്കൂസുകളില്ലാത്തവരാണ്. ചപ്പു ചവറുകൾ പൊതുസ്ഥലങ്ങളിലും ഓടകളിലും കൂട്ടിയിടുന്ന പ്രവണത കണ്ടുവരുന്നു. പഞ്ചായത്തിലെ സമീപപ്രദേശത്തെയും അറവുശാലകളിലെ വേയ്സ്റ്റ് പ്ലാസ്റ്റിക് ചാക്കുകളിൽ സംഭരിച്ച വഴിയോരങ്ങളിലും വീട്ടുനടകളിലും കൊണ്ടിട്ട് പരിസരമലിനീകരണത്തിനെ ആരോഗ്യഹാനികരമാക്കുന്ന പ്രവണത അവസാനിപ്പിക്കുവാൻ എല്ലാ ഡിപ്പാർട്ടുമെന്റുകളുടെ ശ്രദ്ധ നടപടി വേണം. ഈ പഞ്ചായത്തിൽ ആരോഗ്യപരിപാലനത്തിനായി ഒരു പ്രൈമറി ഹെൽത്ത് സെന്ററും ഒരു ഗവൺമെന്റ് ഹോമിയോ ആശുപത്രിയും മൂന്ന് മിഡ്വൈഫറി സെന്ററുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും മുഴുവൻ ജനങ്ങളുടെയും ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ യോഗ്യമായവല്ല. അതിനാൽ താലൂക്ക്, ജില്ലാ ഗവൺമെന്റ് ആശുപത്രിയെയും പ്രൈവറ്റ് മേഖലകളിലുള്ള ആശുപത്രികളെയും ആശ്രയിക്കേണ്ടിവരുന്നു. ഈ പഞ്ചായത്തുകളിൽ ഒരു ആയുർവേദ ആശുപത്രിയുടെ സേവനം ഏറ്റവും അത്യാവശ്യമാണ്. ഈ പഞ്ചായത്തിൽ 13 അംഗനവാടികൾ പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനം തൃപ്തികരമായി നടക്കുന്നുണ്ട്.

ധനുവച്ചപുരം പ്രൈമറി ഹെൽത്ത് സെന്ററിന് 10 കിടക്കകളുള്ള വാർഡിന് കെട്ടിടം നിർമ്മിച്ച് പണി പൂർത്തീകരിച്ചിട്ട് 5 വർഷം കഴിഞ്ഞെങ്കിലും ആരോഗ്യവകുപ്പ് ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ ഇതുവരെയും ചെയ്തിട്ടില്ല. കുടുംബക്ഷേമ പ്രവർത്തനങ്ങൾ ആവശ്യമായ രീതിയിൽ നടക്കുന്നുണ്ട്. ശിശുമരണനിരക്ക്, ഗർഭിണികളുടെ മരണം, ചാപിള്ള ജനനം എന്നിവ ഈ പഞ്ചായത്തിൽ കുറവാണ്. സ്കൂൾ ആരോഗ്യപരിപാടി കാര്യക്ഷമമാക്കുകയും കൊതുകു നിർമ്മാർജ്ജന പരിപാടി, മാരകവിപത്തായ എയ്ഡ്സിനെക്കുറിച്ച് ബോധവൽക്കരണ പരിപാടി എന്നിവ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. അതിസാരം, ചെങ്കണ്ണ്, വൈറൽ ഫീവർ, വാതരോഗങ്ങൾ തുടങ്ങിയവയാണ് സാധാരണയായി കണ്ടുവരുന്ന രോഗങ്ങൾ. ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ആരോഗ്യ പ്രവർത്തകരോടൊപ്പം M.S.S. പ്രവർത്തകരായി നിരവധി സ്ത്രീകളും പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും "ഹെൽത്ത് കാർഡ്" നടപ്പിൽ വരുത്തേണ്ടതാണ്.

പ്രധാന പ്രശ്നങ്ങൾ:

- പ്രാഥമിക കേന്ദ്രത്തിൽ അനുവദിച്ച വാർഡിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.
- പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ രാത്രികാലത്ത് ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.
- ജനസംഖ്യാനുപാതികമായി അർഹമായത്ര എണ്ണം സബ്സെന്ററുകൾ അനുവദിക്കപ്പെട്ടിട്ടില്ല.
- കൊതുകുശല്യം വ്യാപകമായി അനുഭവപ്പെടുന്നു.
- റോഡുകളും പൊതുനിരത്തുകളും വൃത്തിയായി സൂക്ഷിക്കുന്നില്ല. ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് സംവിധാനമില്ല.
- ആശുപത്രികളിൽ അത്യാവശ്യ ചികിൽസാ സൗകര്യം പോലുമില്ല.

- കിണറുകൾ വൃത്തിയാക്കുന്നതിന് ബ്ലീച്ചിംഗ് പൗഡർ ലഭിക്കുന്നില്ല.
- പല ഓടകളിൽ കിടക്കുന്ന ചപ്പു ചവറുകളും മലിനവസ്തുക്കളും മഴക്കാലത്തെ വെള്ളംമൂലം റോഡിലൂടെ ഒഴുകുന്നു.
- ഹോട്ടലുകളിലെയും റസ്റ്റോറന്റുകളിലെയും മലിനസ്ഥലം പൊതുസ്ഥലങ്ങളിലും, ചാനലിൽകൂടിയും ഒഴുകുന്നു.
- ഭക്ഷണപദാർത്ഥങ്ങളിൽ മായം ചേർക്കുന്ന പ്രവണതയുണ്ട്.

**ഗ്രാമസഭകളിൽനിന്നു ഉയർന്നുവന്ന നിർദ്ദേശങ്ങൾ**

1 കൊല്ലയിൽ പ്രൈമറി ഹെൽത്ത്സെന്ററുകളിൽ ക്വാർട്ടേഴ്സും ചുറ്റുമതിൽ നിർമ്മിച്ച് 25 കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്തുക

2. മലയിക്കട വാർഡിലുള്ള ഹോമിയോ ആശുപത്രിയെ 10 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക.

3. മഞ്ചവിളാകം കേന്ദ്രമാക്കി ഒരായുർവ്വേദ ആശുപത്രി സ്ഥാപിക്കുക.

4. മാങ്കോട്ടുകോണം വാർഡിലെ ഫാമിലി വെൽഫെയർ സെന്ററിനോടനുബന്ധിച്ച് ഒരു പബ്ലിക്ക് ഹെൽത്ത് സെന്ററോ GRD യോ സ്ഥാപിക്കുക.

5. ധനുവച്ചപുരം, മാങ്കോട്ടുകോണം കുടുംബക്ഷേമ കേന്ദ്രങ്ങളിലെ കെട്ടിടങ്ങളിലെ അറ്റകുറ്റ പണികൾ നടത്തി വൈദ്യുതിയും ഫർണിച്ചറും നൽകുക.

6. പഞ്ചായത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ പബ്ലിക്ക് കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുക.

7. പഞ്ചായത്തിലെ നിർദ്ധനരായ കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം നൽകുക.

8. പ്രധാനജംഗ്ഷനുകൾ കൃത്യമായി ശുചീകരണം നടത്താൻ പഞ്ചായത്ത് ശുചീകരണ പ്രവർത്തകരെ നിയോഗിക്കുക.

9. ഹോട്ടലുകൾ, റസ്റ്ററന്റുകൾ മറ്റു കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസിങ്ങ് വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും പഞ്ചായത്തിൽനിന്ന് മിന്നൽപരിശോധന നടത്തി ആരോഗ്യസംബന്ധമായ വ്യവസ്ഥകൾ പാലിക്കാത്ത ഹോട്ടലുകളും റസ്റ്റോറന്റുകളും നിർബന്ധമായി അടച്ചുപൂട്ടിക്കുകയും നിയമ നടപടി സ്വീകരിക്കുകയും വേണം.

10. കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കുകയും അവരെ വിദ്യാഭ്യാസം ചെയ്യിപ്പിക്കാറുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക.

## കൊല്ലയിൽ ഗ്രാമപഞ്ചായത്ത്
## കുഴൽ കിണറുകൾ



# വ്യവസായം



കാർഷികമേഖല കഴിഞ്ഞാൽ തൊഴിൽഅവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന മേഖലയാണ് വ്യവസായം. കാർഷികോല്പന്നങ്ങൾ സംസ്കരിച്ച് വ്യവസായുല്പന്നങ്ങളാക്കുന്ന വ്യവസായയൂണിറ്റുകൾക്കാണ് സാധ്യതയെങ്കിലും കൈത്തറിനെയ്ത്ത് വ്യവസായമാണ് ഇവിടെ മുന്നിൽ നില്ക്കുന്നത്. സഹകരണമേഖലയെക്കാൾ കൂടുതൽ തൊഴിൽ എടുക്കുന്നത് സ്വകാര്യമേഖലയിലാണ്. സഹകരണരംഗത്ത് 5 പ്രൈമറി നെയ്ത്ത്സംഘവും ഒരു ഫാക്ടറി നെയ്ത്തുസംഘവുമാണുള്ളത്. രണ്ടിലും കൂടി തറികളും അത്രയുംതന്നെ നെയ്ത്ത്തൊഴിലാളികളും ഇവക്കാവശ്യമായ അനുബന്ധതൊഴിലാളികളുമാണുള്ളത്. ഏകദേശം 2000 തൊഴിലാളികളിൽ 90% സ്ത്രീകളാണ്. സഹകരണമേഖല ശക്തിപ്പെട്ടാൽ മാത്രമെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കൈത്തറിതൊഴിലാളി മോചിതരാകൂ. ആയതിലേയ്ക്കായി ഓരോ വാർഡിലും ഓരോ വനിതാകൈത്തറി സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്. തിരുവനന്തപുരം ജില്ലയിൽ കൈത്തറിവ്യവസായരംഗത്ത് രണ്ടാം സ്ഥാനത്തു നില്ക്കുന്ന ഈ പഞ്ചായത്തിൽ ഈ വ്യവസായം പരിപോഷിപ്പിക്കാനുള്ള പദ്ധതികൾക്ക് മുൻതൂക്കം കൊടുക്കേണ്ടതാണ്.

പഞ്ചായത്തിലെ ധനുവച്ചപുരത്ത് സ്ഥിതിചെയ്യുന്ന ഗവൺമെന്റ് ITI യെ ഒരു പ്രൊഡക്ഷൻ സെന്റർ ആക്കി ഉയർത്തിയാൽ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കാൻ കഴിയും. ഈ പഞ്ചായത്തിലെ തൊഴിലാളികളുടെ കൂട്ടത്തിൽ കരകൗശലതൊഴിലാളികളും ഗണ്യമായ ശക്തിയാണ്. കൂടാതെ മറ്റു വ്യവസായങ്ങളുടെയും പ്രത്യേകിച്ച് പനയോലവ്യവസായത്തിന്റെയും വ്യവസായസഹകരണസ്ഥാപനങ്ങൾ രൂപീകരിക്കുകവഴി പഞ്ചായത്തിൽ തൊഴിൽ സാദ്ധ്യത കൂടുകയും ചൂഷണം ഒഴിവാക്കുകയും ചെയ്യാം. ഈ പഞ്ചായത്തിൽ 27 മഹിളാസമാജങ്ങൾ സർക്കാർ ഗ്രാന്റുകൾ വാങ്ങി വിവിധ കൈത്തൊഴിലുകൾക്ക് പരിശീലനം നൽകി വരുന്നു. പ്രസ്തുത പരിശീലകരെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം പൂർണ്ണമായും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കൽ ജനപങ്കാളിത്തം ഉറപ്പാക്കാൻ കഴിയും.

കാർഷികഉല്പന്നങ്ങളിൽ മുന്നിൽ നില്ക്കുന്നത് നാളികേരമാണ്. കേരോല്പന്ന സംസ്കരണ ഫാക്ടറി സ്ഥാപിച്ച തൊഴിൽ അവസരങ്ങൾ കൂട്ടുന്നതിനും കർഷകന് ന്യായവില ഉറപ്പാക്കുകയും കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തുന്നതിനും സാധിക്കും. കൂടാതെ ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ച് സംസ്കരിച്ച് വിപണനം നടത്തുന്നതുവഴി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും.

ഖാദിബോർഡ് അംഗീകരിച്ചിട്ടുള്ള വിവിധ ചെറുകിടവ്യവസായയൂണിറ്റുകൾ സ്ഥാപിച്ച് ആ രംഗത്ത് തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കാവുന്നത്. ക്ഷീരോല്പാദനയൂണിറ്റുകൾ സ്ഥാപിച്ച് ... മേഖല ശക്തിപ്പെടുത്താവുന്നതാണ്.

പ്രശ്നങ്ങൾ: -

1. ചെറുകിട വൻകിട വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ വൈദ്യുതി, ഗതാഗതം, വെള്ളം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം.

2. അസംസ്കൃതസാധനങ്ങളുടെ ലഭ്യതക്കുറവും വിലവർദ്ധനവും.

3. വ്യവസായസംരംഭങ്ങൾക്ക് വേണ്ടിയെടുക്കുന്ന വായ്പ ദുർവിനിയോഗം ചെയ്യുന്നതിനാൽ പുനർവായ്പപദ്ധതികൾ ബാങ്കുകൾ നിറുത്തലാക്കുന്നു.

4. ഗ്രാമീണമേഖലകളിൽ ദേശസാൽകൃതബാങ്കുകൾ സ്വരൂപിക്കുന്ന നിക്ഷേപങ്ങളിൽ 20% താഴെ മാത്രമെ വിതരണം ചെയ്യുന്നുള്ളൂ.

5. കൈത്തറിനെയ്ത്ത് വ്യവസായരംഗത്ത് പവ്വർലൂമിന്റെ കടന്നുകയറ്റം ഈ വ്യവസായത്തിലെ തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുന്നു.

6. പ്രവർത്തന മൂലധനത്തിന്റെ അഭാവത്താൽ കൈത്തറി നെയ്ത്ത് സഹകരണസംഘത്തിന്റെ പ്രവർത്തനം ശരിയായ രീതിയിൽ നടക്കുന്നില്ല.

7. കേന്ദ്രസംസ്ഥാനഗവൺമെന്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ ഫാക്ടറിടൈപ്പ് സഹകരണസംഘങ്ങൾക്ക് നാമമാത്രമായേ ലഭിക്കുന്നുള്ളൂ.

8. ഉല്പന്നങ്ങൾക്ക് വിപണിയിൽ നേരിടേണ്ടി വരുന്ന കിടമത്സരം.

9. കാർഷികോല്പന്നങ്ങളും മറ്റും അസംസ്കൃതവസ്തുവായി ഉപയോഗിക്കുന്ന വ്യവസായം സ്ഥാപിച്ചിട്ടില്ല.

10. അശാസ്ത്രീയമായ ലൈസൻസിംഗ് സമ്പ്രദായം

നിർദ്ദേശങ്ങൾ

1. ഇൻഡസ്ട്രിയൽ എക്സ്ടെൻഷൻ ഓഫീസറുടെ സേവനം ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കണം.

2. ധനുവച്ചപുരം ഗവൺമെന്റ് ഐ. ടി.ഐ ഒരു പ്രൊഡക്ഷൻ സെന്ററായി ഉയർത്തുക.

3. കൈത്തറിമേഖലയ്ക്കാവശ്യമായ നൂൽ ലഭ്യമാക്കുന്നതിന് പഞ്ചായത്തിൽ ഒരു സ്പിന്നിംഗ്മിൽ സ്ഥാപിക്കുക.

4. കൈത്തറിനെയ്ത്ത്രംഗത്ത് തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിന് കണ്ണൂർ മാതൃകകയിൽ ഒരു പരിശീലനകേന്ദ്രം ആരംഭിയ്ക്കുക.

5. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രൊക്യൂർമെന്റ് ഡിപ്പൊയുടെ പ്രവർത്തനം വിപുലീകരിക്കുക.

6. വാർഡ് അടിസ്ഥാനത്തിൽ വനിത കൈത്തറിനെയ്ത്ത് സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

7. കൈത്തറിമേഖലയിലെ തൊഴിലാളികകളെ സംരക്ഷിക്കുന്നതിനുവേണ്ടി മുഴുവൻ തൊഴിലാളികളെയും ഒരു വ്യവസായ സഹകരണസംഘത്തിൻ കീഴിൽ കൊണ്ടുവരേണ്ടതാണ്.

8. അനിയന്ത്രിതമായ മിൽത്തുണിത്തരങ്ങളുടെയും പൗവർലൂമിന്റെയും തള്ളിക്കയറ്റം ഒഴിവാക്കുക.

9. കൈത്തറിസംഘങ്ങൾ നൽകുന്ന റിബേറ്റ് നിറുത്തലാക്കി സംഘത്തിന്റെ കൈത്തറി ഉല്പന്നങ്ങൾ ഹാന്റക്സ് വഴി വിൽപന നടത്തുക.

10. ഖാദീബോർഡിന്റെ കീഴിലുള്ള ചെറുകിട വ്യവസായയൂണിറ്റുകൾ വാർഡ് അടിസ്ഥാനത്തിൽ ആരംഭിക്കുക.

11. കെട്ടിടനിർമ്മാണത്തിനാവശ്യമായ ഹോളോബ്രിക്സ്, വയർകട്ട്ബ്രിക്സ്, ഇഷ്ടിക തുടങ്ങിയവ നിർമ്മിക്കുന്നതിന് ഒരു സഹകരണസംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക.

12. പഞ്ചായത്തടിസ്ഥാനത്തിൽ കൊപ്രസംസ്കരണയൂണിറ്റും റബ്ബർ സംസ്കരണശാലയും ആരംഭിക്കുക.

13. ഒരു കാലിത്തീറ്റഫാക്ടറി ആരംഭിക്കുക.

14. പനയോലവ്യവസായം സംരക്ഷിക്കുന്നതിന് ഒരു സഹകരണസംഘം രൂപീകരിയ്ക്കുകയും വാർഡുതലത്തിൽ യൂണിറ്റ് രൂപീകരിയ്ക്കുകയും ചെയ്യുക.

15. ആർട്ടിസാൻസ് മേഖലയിൽ തൊഴിൽ സൃഷ്ടിക്കുന്നതിന് ഒരു പ്രൊഡക്ഷൻസെന്റർ രൂപീകരിയ്ക്കുക.

16. തിരുപ്പൂർ മേഖലയിലെ കുടിൽവ്യവസായം പോലെ ചെറിയ ചെറിയ പ്രിന്റിംഗ്യൂണിറ്റുകളും സേലം മാതൃകയിലുള്ള മെഴുക് കൊണ്ടുള്ള പ്രിന്റിംഗ് യൂണിറ്റും ചായംമുക്കു കേന്ദ്രങ്ങളും ഇവിടെ സ്ഥാപിക്കുക.

12. ഒരു പ്ലാസ്റ്റിക് കൈത്തൊഴിൽ പരിശീലന വിപണനകേന്ദ്രം സ്ഥാപിക്കുക.

18. വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനായി ഒരു "ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്" സ്ഥാപിക്കേണ്ടതാണ്. ഇതിലേയ്ക്ക് ആവശ്യമായ അഞ്ചേക്കറിൽ കുറയാത്ത ഭൂമി ലഭ്യമാണ്.

19. വനിതകൾക്കായി ഒരു കരകൗശലപരിശീലനകേന്ദ്രം തുടങ്ങേണ്ടതാണ്.

20. പ്രവർത്തനരഹിതമായി കിടക്കുന്ന കൊല്ലയിൽ വനിതാ വ്യവസായ സഹകരണസംഘത്തിന്റെ പ്രവർത്തനം പുനരാരംഭിച്ച് വനിതകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.

21. ധനുവച്ചപുരം പട്ടികജാതി വനിതാകരകൗശലവസ്തുനിർമ്മാണ സഹകരണസംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുകയും സംഘം വാങ്ങിയ സ്ഥലത്ത് കെട്ടിടം പണിയാനുള്ള നടപടി സ്വീകരിക്കുക.

22. വ്യവസായ സംരംഭങ്ങളിലെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൽ (വായ്പകളും ഗ്രാന്റുകളും) പൂർണ്ണജനപങ്കാളിത്തം ഉറപ്പാക്കുക.

23. ഗ്രാമീണമേഖലയിലെ ദേശസാൽകൃതബാങ്കുകൾ സ്വരൂപിയ്ക്കുന്ന നിക്ഷേപത്തിന്റെ 90% ആ മേഖലയിൽ വായ്പയായി അനുവദിക്കുക.

24. ഓരോ സ്വയംഭരണ (പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ) പ്രദേശത്തുള്ള തറികളുടെ എണ്ണം പൊതുജനപങ്കാളിത്തത്തോടുകൂടി പരിശോധിക്കുകയും അതിൽ കൈത്തറിനെയ്ത്ത് സഹകരണസംഘമായി ബന്ധപ്പെട്ടത് വേർതിരിച്ചെടുക്കുകയും വേണം.

25. ഓരോ സംഘത്തിന്റെയും പ്രവർത്തനം പരിശോധിച്ച് അതിൻപ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കുക.

26. നഷ്ടത്തിൽ പ്രവർത്തിക്കുന്ന കൈത്തറി, നെയ്ത്ത് സഹകരണസംഘങ്ങൾക്ക് നഷ്ടപരിഹാര ഗ്രാന്റ് അനുവദിക്കുക.

27. ഗവൺമെന്റിൽനിന്നും സംഘങ്ങൾക്ക് അനുവദിച്ചിട്ടുള്ള വായ്പകൾ സർക്കാർ ഓഹരിയാക്കി മാറ്റുക.

28. കൈത്തറിയ്ക്കുവേണ്ടി റിസർവ് ചെയ്തിട്ടുള്ള തുണിത്തരങ്ങൾ പൗവർലൂമിൽ ഉല്പാദിപ്പിക്കുന്നത് തടയുക.

29. സംഘങ്ങൾക്കാവശ്യമായ പ്രവർത്തനമൂലധനം ലഭ്യമാക്കുകയും വിപണനസാധ്യതയുള്ള വസ്ത്രങ്ങൾ നിർമ്മിക്കുകയും തൊഴിലാളികൾക്ക് തൊഴിൽ പരിശീലനം പരിശീലനകാലയളവിൽ വേതനം ലഭ്യമാക്കുകയും വേണം..

30. ഫാക്ടറിപോലുള്ള സംഘങ്ങളിലെ തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യത്തിനു പകരം ഗ്രാന്റ് അനുവദിക്കുക.

31. പ്രവർത്തിക്കാതെ കിടക്കുന്ന തറികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള വായ്പകൾ നൽകുക.

32. കൈത്തറിനെയ്ത്ത് തൊഴിലാളികളിൽ സ്വന്തമായി വീടില്ലാത്തവർക്ക് ഭവനനിർമ്മാണപദ്ധതി നടപ്പിലാക്കുക.

33. സർവ്വോദയസംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി കൂടുതൽ തൊഴിൽ അവസരം സൃഷ്ടിക്കുക

34. ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയിൽ ഉൾപ്പെടുന്ന മുഴുവൻ വ്യവസായസ്ഥാപനങ്ങളെയും സമാജങ്ങളുടെയും മേൽനോട്ടാധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കുകയും ആനുകൂല്യങ്ങൾ പഞ്ചായത്ത്‌വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.

കൈത്തറിമേഖലയിലെ പ്രതിസന്ധികൾ

കൈത്തറിനെയ്ത്ത്‌വ്യവസായം ചെറുകിടവ്യവസായമായി വ്യവസായവകുപ്പിൽ രജിസ്റ്റർ ചെയ്യുന്നത് ഇപ്പോൾ നിറുത്തിയിരിക്കുകയാണ്. ഏകദേശം രണ്ടായിരത്തോളം തറികൾ അഞ്ഞൂറിലധികം യൂണിറ്റുകളിലായി പ്രവർത്തിച്ചുവരുന്നു. ഇതിൽ 100-ന് താഴെ യൂണിറ്റുകൾ മാത്രമേ S.S.I രജിസ്ട്രേഷൻ ചെയ്തിട്ടുള്ളു. ബാക്കിവരുന്ന യൂണിറ്റുകൾ S.I ആയി രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇന്ന് ഈ മേഖലയെ ബാധിക്കുന്ന പ്രശ്നം പ്രവർത്തനമൂലധനത്തിന്റെ അഭാവമാണ്. ബാങ്ക്‌വായ്പയ്ക്ക് ബാങ്ക് അധികൃതർ S.S.I രജിസ്ട്രേഷൻ ആവശ്യപ്പെടുന്നു. S.S.I രജിസ്ട്രേഷൻ ലഭിക്കാത്തതിനാൽ പ്രവർത്തനമൂലധനപ്രതിസന്ധി ഉണ്ടാകുന്നു. കൂടാതെ വ്യവസായവകുപ്പിൽനിന്ന് സബ്സിഡി ലഭിക്കുമെന്നുള്ള വ്യവസായവകുപ്പിന്റെ ഉറപ്പുണ്ടെങ്കിൽ മാത്രമേ വായ്പ നൽകാൻ ബാങ്കുകൾ സന്നദ്ധമാവുകയുള്ളു. കാരണം സബ്സിഡിയായി വരുന്ന തുക ബാങ്കിലേയ്ക്കാണ് കൊടുക്കുന്നത്. ബാങ്ക്‌വായ്പയിൽ അത് കുറവ്ചെയ്യും. വ്യവസായവകുപ്പിന്റെ കീഴിൽ ഉള്ള വനിതാ വ്യവസായയൂണിറ്റിനുള്ള ആനുകൂല്യം ഈ രംഗത്ത് നിഷേധിച്ചിരിക്കുകയാണ്. വനിത ഉടമസ്ഥയായതും 80% തൊഴിലാളികൾ വനിതകളായിരിക്കുകയും ചെയ്താൽ ആ വ്യവസായം വനിതാവ്യവസായത്തിൽ ഉൾപ്പെടും. പഞ്ചായത്തുമേഖലയിൽ പ്രവർത്തിക്കുന്ന രണ്ടായിരത്തോളം തറികളിൽ പ്രവർത്തി എടുക്കുന്നവരിൽ 90% കൂടുതൽ സ്ത്രീകളാണ്. ആയതിനാൽ വ്യാവസായികവകുപ്പിൽ നിന്നും വനിതാവ്യവസായത്തിനു ലഭ്യമാക്കുന്ന 50% മിഷണറിഗ്രാന്റ്, 50% ബിൽഡിംഗ് ഗ്രാന്റ് വാടകയ്ക്കാണെങ്കിൽ വാടകഗ്രാന്റ് 8 പേരിൽ കൂടുതൽ തൊഴിലാളികൾ ഉണ്ടെങ്കിൽ എക്സ്പോർട്ട് ഗ്രാന്റ് ലഭ്യമാക്കണം. കൂടാതെ ബാങ്കുവായ്പകൾ എടുത്ത് നിലവിലുള്ള യൂണിറ്റുകൾ വികസിപ്പിക്കാനും പുതുതായി കൈത്തറി യൂണിറ്റുകൾ ആരംഭിക്കാനും അതുവഴി പഞ്ചായത്തിലെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കാനും വനിതാവ്യവസായ പദ്ധതിയിൽ കൈത്തറിവ്യവസായത്തെ ഉൾപ്പെടുത്തി S.S.I.രജിസ്ട്രേഷൻ നൽകി വ്യവസായത്തെ പരിപോഷിപ്പിക്കേണ്ടതാണ്.

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്



പഞ്ചായത്ത് അതിർത്തിയ്ക്കുള്ളിൽ എട്ട് P.W.D റോഡുകൾ ഉൾപ്പെട്ടിരിയ്ക്കുന്നു. ഇവ പഞ്ചായത്ത് അതിർത്തി വേർതിരിച്ചും ഉൾഭാഗത്തുകൂടെയും കടന്നുപോകുമ്പോൾ നേഷണൽഹൈവേയിലും (NH.47) മറ്റ് ഗ്രാമപഞ്ചായത്തുറോഡുകളിലും, നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി – പെരുമ്പഴുതൂർ പഞ്ചായത്ത് – കുന്നത്തുകാൽപഞ്ചായത്ത് – തമിഴ്നാട് അതിർത്തി ആയ മണിവിള എന്നീ പ്രദേശങ്ങളിൽ ബന്ധപ്പെടുന്നു. N.H.ന്റെ തെക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന ചെങ്കൽ– പാറശ്ശാല എന്നീ പഞ്ചായത്തുകളുടെ ബന്ധം സ്ഥാപിക്കുന്നു.

റോഡുകളും നീളവും

1. അമരവിള കാരക്കോണംറോഡ് – 5 1/2 കി. മീ
2. മഞ്ചവിളാകം കാരക്കോണംറോഡ് – 7 കി. മീറ്റർ
3. ധനുവച്ചപുരം ഉദിയൻകുളങ്ങരറോഡ് – 1 കി.മീ
4. ധനുവച്ചപുരം അരുവിപ്പുറംറോഡ് –2കി 200 മീ
5. മഞ്ചവിളാകം തൃപ്പലവൂർറോഡ് – 1കി. 500മീറ്റർ
6. ധനുവച്ചപുരം കൊറ്റാമംറോഡ് – 3 കി.മീറ്റർ
7. അമരവിള ഒറ്റശേഖരമംഗലംറോഡ് – 2 കി.മീറ്റർ
8. ധനുവച്ചപുരം കോളേജ്റോഡ് – 1കി. 500 മീറ്റർ

1. N.H.47 അമരവിള കൊറ്റാമം വരെ
കടന്നുപോകുന്ന ദൂരം – 3 കി. മീറ്റർ

പലപദ്ധതികളിൽ ഉൾപ്പെട്ടും നാട്ടുകാരുടെ ശ്രമദാനത്തിലും രൂപപ്പെടുത്തി നിർമ്മിച്ചിരിക്കുന്ന റോഡുകളുണ്ട്. സൈഡ്വാളുകളും കലുങ്കുകളും ചെയ്ത് വീതിപ്പെടുത്തിയും മെറ്റലിംഗും ടാറിംഗും നടത്തി പുനർനിർമ്മാണം ചെയ്ത് എത്രയും പെട്ടെന്ന് ഗതാഗതയോഗ്യമാക്കിയാലെ കാർഷികവും വ്യാവസായികവുമായ രംഗങ്ങളിൽ വ്യാപകമായ പുരോഗതിയ്ക്ക് സാദ്ധ്യതയുള്ളൂ. ഗാർഹികവും കാർഷികവും വ്യാവസായികവുമായ ആവശ്യങ്ങൾക്ക് വൈദ്യുതി എത്തിയ്ക്കാനുള്ള എളുപ്പമാർഗ്ഗമുണ്ടാവുകയുള്ളൂ. ഈ കൊച്ചു കൊച്ചു റോഡുകളുടെ ആകെ ദൂരം 100 (നൂറ്) കിലോമീറ്റർവരും. വാർഡ് തിരിച്ച് പേരുകൾ ഉൾപ്പെടുത്തുന്നു:–

വാർഡ് നമ്പർ 1

1. ഓണംകോട് അകരത്തുവിള കിമ: ലൈബ്രററി റോഡ്
2. പനയംമൂല അരിയരിക്കുളംറോഡ്
3. പനയംമൂല പള്ളംവിളറോഡ്
4. ചെയ്തൂർവിളാകം ഓണംകോട് റോഡ്
5. കടവിളാകം ആമോട്ടുകോണം റോഡ്
6. പെരുമ്പോട്ടുകോണം റോഡ്

വാർഡ് നമ്പർ 2

1. അമ്പലം പാലപ്പള്ളി പനയംമൂല ലക്ഷംവീട് കാളനി റോഡ്
2. പെരുന്തൂർ പാലപ്പള്ളി പാങ്കോട്ടുകോണം റോഡ്
3. ചെമ്പറ എയ്തുകൊണ്ടകാണി റോഡ്
4. പശുക്കോട്ടുക്കോണം വണ്ടിയത്തല പാവൂർമഠം പനയുംമൂല റോഡ്
5. കാവിൽമുക്ക് മണപ്പഴിഞ്ഞിറോഡ്

വാർഡ് 3

1. പാങ്കോട്ടുകോണം കോഴിപ്പറ വാരിയംകുഴിറോഡ്
2. പാങ്കോട്ടുകോണം കൊക്കിടിമൂലറോഡ്
3. നെല്ലിക്കുന്ന് നെടുംപറമ്പ് റോഡ്

വാർഡ് 4

1. മലൈക്കടകാവുവിള റോഡ്
2. തൃപ്പലവൂർ പുന്നക്കാലറോഡ്
3. കുഴിയറത്തല കൃഷി ഭവൻ റോഡ്
4. തൊളക്കോണം കരിപ്പുകാലറോഡ്
5. പാഞ്ചിക്കുഴി പൊരുതൻക്കോണം റോഡ്
6. പുവത്തൂർകൃഷി ഭവൻ റോഡ്

വാർഡ് 5

1. മഞ്ചവിളാകം ചാരുവിളാകം ധനുവച്ചപുരം റോഡ്
2. ചാരുവിളാകം മൊട്ടക്കാവ് റോഡ്
3. ധനുവച്ചപുരം ആർ. സി. ചർച്ച് പ്ലാവണ്ണറ റോഡ്
4. മഞ്ചവിളാകം വാര്യം കുഴിറോഡ്

വാർഡ് 6

1. പേരൈക്കോണം അയണംകോട് റോഡ്
2. മണിവിള അയണംകോട് റോഡ്
3. ഇന്ദിരാനഗർ മംഗലത്തു കോണം റോഡ്
4. നെടിയാംകോട് കുളങ്ങരക്കോണം റോഡ്
5. മൊട്ടക്കാവ് നെടിയാൻകോട് ചാനൽബണ്ടുറോഡ്
6. നെടിയാംകോട് തലയണിയരികത്തു റോഡ്

വാർഡ് 7

1. ധനുവച്ചപുരം പഞ്ചായത്ത് ജംഗ്ഷൻ റയിൽവേ സ്റ്റേഷൻ റോഡ്

2. ഐ ടി ഐ ജംഗ്ഷൻ പ്രൈമറി ഹെൽത്ത് സെന്റർ റോഡ്

3. ഐ ടി ഐ പുന്നോട്ട്കോണം നെടിയാംകോട് റോഡ്

4. പ്ലാവണ്ണൂർകുളം ചെമ്മരുതാൻങ്കോട്ട് റോഡ്

5. ചിറക്കുളം പ്രൈമറി ഹെൽത്ത് സെന്റർ റോഡ്

6. ധനുവച്ചപുരം സിറിയൻ കാത്തലിക്ക് ചർച്ച് പ്ലാവണ്ണാർകുളംറോഡ്

7. പ്ലാവണ്ണാർകുളം പരുത്തിവിളറോഡ്

വാർഡ് 8

1. ധനുവച്ചപുരം ഐ ടി ഐ ജംഗ്ഷൻ പൊങ്ങംപൊറ്റ റയിൽവേ സ്റ്റേഷൻ റോഡ്

2. കൊറ്റാമാംപതവൻകോണം റയിൽവേ സ്റ്റേഷൻ റോഡ്

3. എ കെ ജി കോളനി പൊങ്ങംപൊറ്റവഴുതോട്ടുകോണം റോഡ്

4. ധനുവച്ചപുരം ഹൗസിംഗ് ബോർഡ് കരിക്കത്തുകുളംറോഡ്

5. പി ആർ ഡി എസ്സ് റോഡ്

6. എ കെ ജി കോളനി കൊറ്റാമം റയിൽവേ ബ്രിഡ്ജ് റോഡ്

വാർഡ് 9

1. പരുത്തിവിള പ്ലാവണ്ണറക്കോണം റോഡ്

2. മുതലക്കോട്ടുകോണം പറവോട്ടുകോണം റോഡ്

3. എയ്തുകൊണ്ടകാണി വള്ളുക്കോട്ട്കോണം ഇലങ്കം റോഡ്

4. ഉദിയൻകുളങ്ങര വള്ളുക്കോട്ടുകോണം റോഡ്

5. ഹൗസിംഗ് ബോർഡ് എയ്തുകൊണ്ടകാണിറോഡ്

6. ചെമ്മരുതാംകോട് പ്ലാവണ്ണറക്കുളം റോഡ്

7. കൈവൻവിളചർച്ച് റോഡ്

വാർഡ് 10

1. ചെമ്മണ്ണു വിളറോഡ്

2. ആനക്കുന്ന് എയ്തുകൊണ്ടാൻകാണിറോഡ്

3. എയ്തുകൊണ്ടകാണിചിറക്കുളം വള്ളുക്കോട്ടുകോണം റോഡ്

4. ദേവേശ്വരം ക്ഷേത്രനടറോഡ്

5. ശ്രീകല – എയ്തുകൊണ്ടകാണിറോഡ്

6. പനയംമൂല ചെമ്പറ റോഡ്

7. കച്ചേരിനടറോഡ്

8. പനയംമൂല അരിയരിക്കുളം റോഡ്

9. പനയംമൂല പാലപ്പള്ളി റോഡ്

10. നീറകത്തല ക്ഷേത്രറോഡ്

11. ആർ. സി. സ്ട്രീറ്റ്, അമരവിളറോഡ്

12. മണ്ണാംകുളം ലക്ഷംവീട് റോഡ്

പലറോഡുകളെയും നടപ്പാതകളെയും ബന്ധിപ്പിച്ച് ഗതാഗതത്തിന്റെയും വാഹനഗതാഗതത്തിന്റെയും തടസ്സം നീക്കാൻ തോടുകളിലും ചാനലുകളിലും ആവശ്യാനുസരണം ബ്രിഡ്ജ്കളോ ഫുഡ് ബ്രിഡ്ജുകളോ നിർമ്മിയ്ക്കേണ്ടിയിരിക്കുന്നു.

വാർഡും - സ്ഥലങ്ങളും

വാർഡ് 1

നടുത്തോട്ടിൽ വേണ്ടവ – പാണംവിള, തട്ടാൻ വിളാകം

പുതുക്കുളം, മതുക്കുകുളം.

ചെറിയതോടുകളിൽ വേണ്ടവ – പന്നിക്കുഴി, പെരുമ്പോട്ടുകോണം

ചെയ്തൂർകുളം, കുളത്താമൽ, പള്ളംവിള, കാട്ടുകുളം

ആമോട്ടുകോണം, കടവിളാകം.

വാർഡ് 2

നടുത്തോടിൽ വേണ്ടവ:– പാലപ്പള്ളിപാലം പൊളിഞ്ഞത് – പുനർനിർമ്മിയ്ക്കണം.

നരിമുഖം പാലം (പൊളിഞ്ഞത് – പുനർനിർമ്മിയ്ക്കണം) ചെമ്പറ, പാവൂർമഠം, കൊക്കിടിമൂല.

സബ്ചാനലുകളിൽ വേണ്ടവ:– അമ്പലം, പശുക്കോട്ടുകോണം, ഇലിപ്പോട്ടുകോണം എന്നീ സ്ഥലങ്ങളിൽ (ആകെ 8 എണ്ണം)

കരത്തോടുകളിൽ വേണ്ടവ:– കാരോട്ടുകോണം, പുറക്കണയം, വലിയകുളച്ചൽ, ആലപ്പുറം, വാവറയ്ക്കൽ, മൊതിയൻമഠം, പാലപ്പള്ളി കുളത്തിൻ കര.

ചെമ്പറ – പെരുന്തൂർ, പെരുന്തൂർ കാവുവിള, കുളതറമഠം, വണ്ടിയറത്തല, ചേന്നിപാറ, കമുവിളാകം, കിഴക്കേക്കുളത്തിന് സമീപം, പാറയിൽകുളത്തിന് സമീപം (എന്നീസ്ഥലങ്ങളിൽ ആകെ 22 എണ്ണം)

വാർഡ് 3

നടുത്തോട്ടിൽ വേണ്ടവ:–വാരിയംകുഴി – കോഴിപ്പറ – (ആകെ 9 എണ്ണം)

കരത്തോട്ടിൽ വേണ്ടവ: പാങ്കോട്ടുകോണം – കുന്നിക്കോട്ട് – മണലിക്കോണം – 5 എണ്ണം വീതം (ആകെ 20 എണ്ണം).

സബ്ചാനലിൽ വേണ്ടവ:– നെല്ലിക്കുന്ന് – 8, മൂക്കണലിക്കോണം 5 (ആകെ. 13 എണ്ണം)

വാർഡ് 4

കരത്തോട്ടിൽ വേണ്ടവ:– ഏറെപൂവത്തൂർക്കുളം – 1, പൂവത്തൂർ അട്ടക്കുളം – 1, ഏറെപൂവത്തൂർ–1, മുവേരിക്കര–2, കരുകാല –2, ഏലംകോട് മേക്കുംകര–3, കുരിയാണിയ്ക്കൽ കിഴക്കുംകര – 3, കുരിയാണിയ്ക്കൽ പടിഞ്ഞാറെക്കര – 4 പുരുത്തൻ കോണം കിഴക്കുംകര – 5. കള്ളന്നൂർക്കോണം–5, കരിക്കകത്തുനട –5, പോളത്തറമൂല–1 (ആകെ. 33 എണ്ണം)

മെയിൻ ചാനലിൽ കാവുവിള പുന്നക്കാലറോഡുകൾ യോജിപ്പിയ്ക്കുന്നതിന് – 1 നമ്പർ

വാർഡ് 5

നടുത്തോട്ടിൽ വേണ്ടവ – കളിയയ്ക്കൽനട, മേക്കതുനട (2 നമ്പർ)

കരിത്തോട്ടിൽ വേണ്ടവ – പുളിയറവയൽ ഭാഗം, പ്ലാവണ്ണറകുളം (ആകെ. 2 നമ്പർ)

വാർഡ് 6

മെയിൻ ചാനലിൽ വേണ്ടവ – മംഗലത്തുകോണം.

കരത്തോട്ടിൽ വേണ്ടവ – അയണംങ്കോട്, തോട്ടത്തിങ്കൽനട

കുളങ്ങരക്കോണം (ആകെ. 6 എണ്ണം)

നടുത്തോടിൽ വേണ്ടവ – മേക്കൊല്ല ഭഗവതി കോവിൽനടക്കുളം – (2 നമ്പർ)

വാർഡ് 7

കരത്തോട്ടിൽ വേണ്ടവ – പ്ലാവണ്ണറക്കോണം ചെറുവണംങ്കോട്, പുന്നോട്ട്കോണം.

വാർഡ് 8

പന്തറത്തലവിള ഫീൽഡ് ബുത്തി Recslale ഇട്ട് കവർ ചെയ്ത് നടപ്പാതരൂപപ്പെടുത്തുന്നതിന് – 1 നമ്പർ

വാർഡ് 9

സബ്ചാനലിൽ വേണ്ടവ – കൈവൻവിള ചർച്ച് നട പരുത്തിവിള.

വാർഡ് 10

സബ്ചാനലിൽ വേണ്ടവ – കലാ എയ്തുകൊണ്ടകാണി റോഡിന് വേണ്ടി ശ്രീകല

കരത്തോടുകളിൽ വേണ്ടവ – ചെറുവിതാക്കുളം, പനങ്കോട്ടുകോണം, പനയംമൂല, ചെമ്പറ, തേരിയംവീട് നട –(ആകെ. 6 എണ്ണം)

റോഡ് സംരക്ഷണം

പഞ്ചായത്ത് ബന്ധപ്പെട്ട് നിർമ്മിച്ച് പൂർത്തിയാക്കുന്ന എല്ലാ റോഡുകളുടെയും മറ്റ് ഗതാഗതത്തിന് ഉപയുക്തമാക്കുന്ന വഴികളുടെയും നടപ്പാതകളുടെയും പാലങ്ങളുടെയും, ഫുഡ്ബ്രിഡ്ജുകളുടെയും അവകാശവും സംരക്ഷണചുമതലയും പഞ്ചായത്തിൽ തന്നെ നിക്ഷിപ്തമായിരിയ്ക്കേണ്ടതുണ്ട്.

ബസ്സ് സർവ്വീസ്

മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് കൊല്ലയിൽ പഞ്ചായത്തിന് സവിശേഷമായ ഒരു ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. ഒരു കോളേജ്, മൂന്നു ഹൈസ്കൂൾ, ഒരു ഐ ടി ഐ എന്നീ അഞ്ച് മഹത്തായ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒരേ സ്ഥലത്ത് കേന്ദ്രീകരിച്ച് സ്ഥിതി ചെയ്യുന്നു. ദൂർദേശങ്ങളിൽ നിന്നും വിദ്യാലയങ്ങളിൽ വരുന്ന വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കും സൗകര്യപ്രദമായി ബസ്സിൽ എത്തിച്ചേരാനുള്ള ഏക മാർഗ്ഗമാണ് അമരവിളകാരക്കോണം റോഡ്. ആവശ്യപ്പെടുന്ന സമയങ്ങൾ ബസ്സില്ലാതെയും മറ്റും, ഷഡ്യൂൾ ക്രമീകരിച്ചാണ് സർവ്വീസ് നടത്തുന്നത്. കേരളാ ട്രാൻസ്പോർട്ട് സർവ്വീസിനെ മാത്രം ആശ്രയിച്ചു കഴിയുന്ന യാത്രക്കാരുടെ ബുദ്ധിമുട്ട് വളരെ ദുഃസ്സഹമാകാതിരിയ്ക്കാൻ രാവിലെ മുതൽ കാൽ മണിക്കൂർ ഇടവിട്ട് പത്തുമണിവരെയും അതിന് ശേഷം അരമണിക്കൂർ ഇടവിട്ട് ഒരു ചെയിൻ സർവ്വീസ് ആരംഭിച്ചു കിട്ടാൻ ബന്ധപ്പെട്ട ട്രാൻസ്പോർട്ട് അധികൃതരോട് സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. അതുപോലെതന്നെ സർവ്വീസ് നിറുത്തിയിരിക്കുന്ന. ഉദിയൻകുളങ്ങര – കോളേജ്, ഐ ടി ഐ ബസ്സ്, പാങ്കോട്ടുകോണം വഴി കാരക്കോണം ബസ്സ്, പാങ്കോട്ടുകോണം വഴി അരുവിപ്പുറം ബസ്സ്, ധനുവച്ചപുരം പാങ്കോട്ടുകോണം തൃപ്പലവൂർ മെഡിക്കൽ കോളേജ് ബസ്സ്, സർക്കുലർ ബസ്സ് മൂന്നു പ്രാവശ്യവും (നെയ്യാറ്റിൻകരമലൈക്കട പാങ്കോട്ടുകോണം ധനുവച്ചപുരം അമരവിള എന്നീ സർവ്വീസുകൾ പുനഃസ്ഥാപിച്ചു കിട്ടാൻ നടപടി ഉണ്ടാക്കണം.

വെയിറ്റിംഗ് ഷെഡ്

ഐ ടി ഐ, നെടിയംങ്കോട്, മഞ്ചവിളാകം, അമ്പലം, കൊറ്റാമം, എയ്തുകൊണ്ടകാണി, പിണർ

# ഭവനനിർമ്മാണം
# സാമൂഹ്യക്ഷേമം



കൊല്ലയിൽ പഞ്ചായത്തിലെ പാർപ്പിട സ്ഥിതി തൃപ്തികരമല്ല. തൊഴിൽസാധ്യതകളുടെ കുറവ്, ഗൾഫുവരുമാനത്തിന്റെ കുറവ്, വ്യാവസായിക മേഖലയിലെ മുരടിപ്പ് എന്നിവ ഇതിനു കാരണങ്ങളാണ്. ഈ പഞ്ചായത്തിൽ ആകെ 5975 വീടുകളുണ്ട്. ഇതിൽ ഭൂരിപക്ഷവും ഓലമേഞ്ഞതാണ് (2350 വീടുകൾ). 15% വീടുകൾ ഓടുമേഞ്ഞതും 10% വീടുകൾ കോൺക്രീറ്റു ചെയ്തതുമാണ്. 5% ത്തോളം വീട് ഷീറ്റ് ഇട്ടതുമാണ്. ഭൂരിഭാഗവും വീടുകളുടെയും തറ മണ്ണും ചാണകവും ഉപയോഗിച്ച് ഉണ്ടാക്കിയിട്ടുള്ളതാണ്. പല വീടുകളുടെയും ചുവരുകൾ വെടിച്ചതാണ്.

1992 മുതൽ വിവിധ പദ്ധതികൾ പ്രകാരം ഈ പഞ്ചായത്തിൽ 171 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. എങ്കിലും പാർപ്പിട പ്രശ്നം രൂക്ഷമായി നിലനിൽക്കുന്നു. ഈ പഞ്ചായത്തിലെ വിവിധ ലക്ഷം വീട് കോളനികളിൽ ഇന്നും ഒരു വീട്ടിൽത്തന്നെ രണ്ടു കുടുംബങ്ങൾ താമസിച്ചുവരുന്നു. ഇതു കോളനി ജീവിതം ദുരിതപൂർണ്ണമാക്കുന്നു.

സാമൂഹ്യക്ഷേമപദ്ധതികളുടെ ഭാഗമായി ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും, പെൻഷൻ, ധനസഹായപദ്ധതികളും ഈ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്നു. 1992-ലെ IRDP സർവ്വേ പ്രകാരം ഏകദേശം 3549 കുടുംബങ്ങളുണ്ട്. പ്രതിവർഷം 50 കുടുംബങ്ങൾക്കാണ് IRDP പദ്ധതിപ്രകാരമുള്ള ആനുകൂല്യം ലഭിച്ചിട്ടുള്ളത്.

1995-96 കണക്കനുസരിച്ച് പഞ്ചായത്തിൽ ധനസഹായം ലഭിക്കുന്നവരുടെ എണ്ണം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | - | 1214 |
| വാർദ്ധക്യകാല പെൻഷൻ | - | 76 |
| വിധവ പെൻഷൻ | - | 309 |
| വികലാംഗ പെൻഷൻ | - | 37 |

തൊഴിലില്ലായ്മ വേതനം

ധനസഹായം ലഭിക്കുന്നവർ അതിനർഹരാണ്. എന്നാൽ അർഹതയുള്ള നല്ലൊരുവിഭാഗത്തിന് ലഭിക്കുന്നുമില്ല. നിർമ്മാണ തൊഴിലാളി ക്ഷേമനിധിപദ്ധതി നടക്കുന്നുണ്ടെങ്കിലും തൃപ്തികരമല്ല. നിലവിലുള്ള ക്ഷേമപദ്ധതികളുടെ വ്യാപ്തി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

കൊല്ലയിൽ പഞ്ചായത്തിൽ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ 13 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 5 അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല. ഇത് കാര്യക്ഷമമായ പ്രവർത്തനത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്നു.

ഗ്രാമസഭാ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും

1. ഹൗസിംഗ് ബോർഡിന്റെ ഒരു ബ്രാഞ്ചും ഒരു ഹൗസിംഗ് സഹകരണ സംഘവും പഞ്ചായത്തു തലത്തിൽ ആരംഭിക്കുക.

2. ഭൂരഹിത, ഭവനരഹിതരുമായ ദാരിദ്ര്യ രേഖയ്ക്കു താഴെ വരുന്ന കുടുംബങ്ങൾക്ക് ഭൂമിയും വീടും വയ്ക്കുന്നതിനുമുള്ള ധനസഹായം നൽകുക.

3. ദുർബലവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ വീട് അറ്റകുറ്റപണി ചെയ്യുന്നതിനും ഓടു മേയുന്നതിനുമുള്ള ധനസഹായം കൂടുതൽ നൽകുവാനുള്ള നടപടി സ്വീകരിക്കുക.

4. ഭവനനിർമ്മാണത്തിനുള്ള സാധന സാമഗ്രികൾ വില്ക്കുന്ന ഒരു സഹകരണസംഘം പഞ്ചായത്ത് കേന്ദ്രത്തിൽ ആരംഭിക്കണം.

5. ഈ പഞ്ചായത്തിലെ പട്ടയം ലഭിക്കാത്ത മുഴുവൻ വീടുകൾക്ക് അടിയന്തിരമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.

6 നിലിവിലുള്ള ലക്ഷം വീടു കോളനികളിൽ രണ്ടു കുടുംബങ്ങൾക്ക് ഒരു വീടാണുള്ളത്. ഇതുമാറ്റി ഓരോ കുടുംബത്തിനും ഒരു വീടാക്കാനുള്ള നടപടി സ്വീകരിക്കുക.

7. പുകയില്ലാത്ത അടുപ്പു സ്ഥാപിക്കുന്നതിനുള്ള പ്രചാരണം സംഘടിപ്പിക്കുക.

8. ചിലവു കുറഞ്ഞ വീട്ടു നിർമ്മിക്കുന്നതിനുള്ള സാങ്കേതിക പരിശീലവും പ്രചാരണവും നൽകുക.

9. സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

10. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും രണ്ട് അംഗനവാടികൾ വീതം അത്യാവശ്യമാണ്.

11. പഞ്ചായത്ത് കേന്ദ്രീകരിച്ച് രണ്ട് അഗതി മന്ദിരം അനുവദിക്കുക.

12. പഞ്ചായത്തിലെ ഓരോ വാർഡിലും ബാലവാടിയും നഴ്സറി സ്കൂളും അനുവദിക്കുക.13. അംഗനവാടികൾക്കും ബാലവാടികൾക്കും നഴ്സറി സ്കുളുകൾക്കും നൽകുന്ന പോഷകാഹാരം പഞ്ചായത്തുവഴി വിതരണം ചെയ്യുക.

നൂറ്റാണ്ടുകളായി മനസ്സുകളിൽ അന്തർലീനമായിരിക്കുന്ന വിശ്വാസങ്ങളും മൂല്യബോധങ്ങളും മിഥ്യാബോധവും മാനസികസംസ്കാരത്തിന്റെ ഭാഗമാകുമ്പോൾ ആചാരങ്ങളും അനാചാരങ്ങളും ഭൗതികസംസ്കാര പട്ടികയിൽപ്പെടുന്നു. ജാതിമതചിന്തകൾ സംസ്കാരസൃഷ്ടിയുടെ ഭാഗമാണ്. അതുകൊണ്ടാണ് മഹാനായ ബർട്ടാൺഡ്രു റസൽ അഭിപ്രായപ്പെട്ടത്, 'മനസ്സിന്റെ വികാസമാണ് സംസ്കാരം'.

"നാനാത്വത്തിൽ ഏകത്വം" എന്ന അടിസ്ഥാന തത്വത്തിൽ അധിഷ്ഠിതമാണ് നമ്മുടെ മതേതര സങ്കല്പം. അനേകം ജാതികളും ഉപജാതികളും മതങ്ങളും ആരാധനാക്രമങ്ങളും ഇവിടെ ഇപ്പോഴും നിലനിൽക്കുന്നു. ഇത്രയും വൈവിധ്യമുള്ള ഒരു സംസ്കാരം ലോകചരിത്രത്തിൽ അന്യമാണ്. ഒരു വർണ്ണമാലയിലെ വിവിധ പുഷ്പങ്ങളെപ്പോലെയാണ് നമ്മുടെ നാടിന്റെ മതസൗഹാർദ്ദം.

രാജ്യത്തുടനീളം വർഗ്ഗീയം കോമരങ്ങൾ താണ്ഡവനൃത്തം ചെയ്തപ്പോഴും കേരളത്തിലുടനീളം വർഗ്ഗീയ വിഘടനവാദികൾ മതഭ്രാന്തുറഞ്ഞുതുള്ളിയപ്പോഴും മതസൗഹാർദ്ദത്തിന്റെ മതിൽക്കെട്ടിനുള്ളിൽനിന്ന് രാജ്യചിത്രം വീക്ഷിക്കുക മാത്രമായിരുന്നു നമ്മുടെ ഗ്രാമീണർ ചെയ്തത്. ഹിന്ദുക്കളും, ക്രിസ്ത്യാനികളും, മുസ്ലീങ്ങളും ഇടകലർന്നു ജീവിക്കുന്ന ഈ പഞ്ചായത്തിൽ വളരെ ശ്ലാഘനീയമായ ഒരു മതസൗഹാർദ്ദമാണുള്ളത്. നമ്മുടെ ഗ്രാമത്തിലെ ആരാധനാലയങ്ങളിലേയ്ക്ക് ഒന്നെത്തിനോക്കാം. നമ്മുടെ ഗ്രാമീണസംസ്കാരത്തിന് ചാരുതപകരുന്ന രീതിയിലാണ് ക്ഷേത്രങ്ങളും പള്ളികളും സ്ഥിതിചെയ്യുന്നത്. പുരാതനശില്പകലാമാതൃകകൾ വിളിച്ചോതുന്ന രീതിയിലാണവ.

കാരോട്ടുകോണം, ഈരാറ്റ്, നരിമുഹത്ത്, തേരുമ്മൽ, പൊരതൽകോണം, കാലായിൽ, പനത്തടിക്കൽ, നെടുംമ്പറമ്പിൽ യക്ഷിയമ്മൻകോവിലുകളും പടാരിക്കുളങ്ങര, പരക്കുന്ന്, ചെമ്മരിതാകാട് എന്നീ ശാസ്താം ക്ഷേത്രങ്ങളും, പലവക്കുളങ്ങര, ദേവേശ്വരം മഹാദേവക്ഷേത്രങ്ങൾ, നിറകത്തല ശ്രീ ഭദ്രകാളിക്ഷേത്രം, മേയ്ക്കൊല്ല ഭഗവതിക്ഷേത്രം, മലയിൽ മൂന്നാംമുഖത്തുക്കാവ് തുടങ്ങി നിരവധി ആരാധനാലയങ്ങളുണ്ട്.

ഈ പഞ്ചായത്തിൽ അനേകം ക്രിസ്തുമതാരാധനാലയങ്ങളുമുണ്ട്. ധനുവച്ചപുരത്തുള്ള സിറിയൻ കാത്തലിക്, സി. എസ്. ഐ (SD) ലൂദർമിഷൻ, രക്ഷാസൈന്യം, മൂണ്ടോമല സി എസ് ഐ, സെവൻത്ഡേ കോഴിപ്പറ സി എസ് ഐ, നെല്ലിക്കുന്ന് ആർ സി, പനയമ്മൂല ആർ. സി, ആനക്കൽ ആർ. സി, പൂവത്തൂർ സി എസ് ഐ, മഞ്ചവിളാകം ഇവാൻജലിക്കൽ ചർച്ച്, പശുക്കോട്ടുകോണം സി എസ് ഐ, കാരോട്ടുകോണം ബന്തക്കോസ്, എസ്. ആർ. എ ഭവൻ പ്രാർത്ഥനാലയം, പനവിള ആർ സി. മൊട്ടക്കുന്ന് സി എസ് ഐ, സിയോൻപുരം പ്രാർത്ഥനാലയം, ഉദിയൻകുളങ്ങര സി എസ് ഐ, പോങ്ങുപറ്റ ബൈബിൾ ഫെയ്ത്ത് മിഷൻ, അസംബ്ലി ഓഫ് ഗോഡ്, വഴുതോട്ടുകോണം ആർ സി. തുടങ്ങിയവ ഇവയിൽ പ്രധാനങ്ങളാണ്.

ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസപ്രവർത്തനങ്ങൾ, സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, ആചാരനുഷ്ഠാനങ്ങൾ, ഗ്രന്ഥശാലകൾ, കലാകായികസമിതികൾ, സാംസ്കാരിക സംഘടനകൾ ഇവയൊക്കെ നാടിന്റെ സംസ്കാരത്തിന് അഭിഭാജ്യഘടകങ്ങളാണ്. ശാസ്ത്ര സാഹിത്യ പരിഷത്തുപോലുള്ള സംഘടനകൾ നമ്മുടെ പഞ്ചായത്തിൽ സജീവമായുണ്ട്. സാംസ്കാരരംഗത്ത് സ്വാധീനം ചെലുത്തുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങളായ സി പി ഐ (M), ഐ എൻ സി, ബി. ജെ. പി. തുടങ്ങിയ നമ്മുടെ ഗ്രാമപഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുകയും അവയുടെ നേതാക്കൻമാർ പഞ്ചായത്തിലെ രാഷ്ട്രീയ സാമൂഹ്യ സംസ്കാരത്തിന് സംഭാവനകൾ നൽകുകയും ചെയ്തിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ സാംസ്കാരിക നവോത്ഥാനത്തിന് തുടക്കം കുറിച്ച ബ്രഹ്മശ്രീ നീലകണ്ഠരു കൃഷ്ണരുടെ നാമധേയം ഈ ഘട്ടത്തിൽ സ്മരിക്കപ്പെടേണ്ടതാണ്. വിദ്യാഭ്യാസ, ആരോഗ്യ സ്ഥാപനങ്ങൾക്കും, മറ്റു പൊതുസ്ഥാപനങ്ങൾക്കും വഴിയൊരുക്കിയ ആ മഹാനുഭാവന്റെ വിലപ്പെട്ട സംഭാവനകൾ നാടിന്റെ സംസ്കാരത്തിന് അടിത്തറപാകി.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ നിരവധി സാംസ്കാരിക സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. വിശ്വകേരള സാംസ്കാരിക സമിതി (ഉദിയൻകുളങ്ങര) (മണിവിള), പൗർണ്ണമി, ലിയോ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, (മഞ്ചവിളാകം) സൂര്യ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് (മലയിൽക്കട), കർഷക സേവിനി ഗ്രന്ഥശാല (മലയിൽക്കട), നേതാജി ഗ്രന്ഥശാല, പൗരസമിതി (ഇലിപ്പോട്ടുകോണം), കിമ ലൈബ്രറി (കൊല്ലയിൽ), ന്യൂ-വേവ് ആർട്സ് ആന്റ് ലൈബ്രറി (കൊറ്റാമം), ചലഞ്ച് ആർട്സ് ആന്റ് സ്പോർട്സ് (നെടിയാംകോട്), യുവവേദി (മഞ്ചവിളാകം) ദേശസ്നേഹി (പനയംമൂല) എന്നിവ ഉദാഹരണങ്ങൾമാത്രം.

പഞ്ചായത്താഫീസിദനാടനുബന്ധിച്ച് ഒരു ലൈബ്രറി പ്രവർത്തിക്കുന്നുണ്ട്. 332 അംഗങ്ങളുണ്ടായിരുന്ന ഈ ലൈബ്രറിയിൽ ഇന്ന് 205 അംഗങ്ങൾമാത്രമേയുള്ളൂ. 1755 പുസ്തകങ്ങൾ നിലവിലുണ്ടെങ്കിലും അവയെല്ലാം പഴക്കം ചെന്നതാണ്. കേരളകൗമുദി, മലയാളമനോരമ, ദേശാഭിമാനി, മാതൃഭൂമി, ഹിന്ദു എന്നീ ദിനപത്രങ്ങളും 9 വാരികയും നാല് ദ്വൈവാരികയും, ആറു മാസികയും ഇവിടെയുണ്ട്. നമ്മുടെ പഞ്ചായത്തിലെ ഗ്രന്ഥശാലയുടെ പ്രവർത്തനം കാര്യക്ഷമതയുള്ളതല്ല. നാമമാത്രമായ പ്രവർത്തനം നടക്കുന്നുണ്ടെന്നല്ലാതെ വിജ്ഞാനപ്രദങ്ങളായ പുസ്തകങ്ങൾ കാലാകാലങ്ങളിൽ വാങ്ങുന്നതിനോ പ്രവർത്തനം ഭംഗിയാക്കുന്നതിനോ ഉള്ള യാതൊരു ശ്രമവും ഉണ്ടാകുന്നില്ല. ഫണ്ടിന്റെ അപര്യാപ്തത ഇതിനു കാരണമാണ്.

ഗ്രാമസഭയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ

1. സാക്ഷരതാ പുനഃവിദ്യാഭ്യാസ പരിപാടി ഊർജ്ജിതമാക്കുക.

2. പ്രവർത്തനരഹിതമായ റേഡിയോ, ടി. വി. ടിയോസ്ക്കുകൾ പ്രവർത്തിപ്പിക്കുക.

3. ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പ്രധാനപ്പെട്ട രണ്ടു കേന്ദ്രങ്ങളിൽ ടി വി സെറ്റുകൾ സ്ഥാപിക്കുക.

4. മഞ്ചവിളാകത്തും മണിവിളയിലുമുള്ള പഞ്ചായത്തുവക സ്റ്റേഡിയത്തിന്റെ പണി പൂർത്തികരിക്കുക.

5. പഞ്ചായത്തുവക മണിവിള ഓപ്പൺ എയർ ആഡിറ്റോറിയത്തിന് ചുറ്റുമതിൽ കെട്ടുക.

6. കേരളോൽസവം വാർഡുതലത്തിൽ വ്യാപകമാക്കുകയും നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കുകയും ചെയ്യുക.

7. ഗ്രാമപഞ്ചായത്തുതലത്തിലെ മികച്ച കലാകായിക താരങ്ങളെ സർക്കാർ നിയമനങ്ങളിലും വിദ്യാഭ്യാസത്തിനും മുൻഗണന നൽകുക.

8. പഞ്ചായത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ലൈബ്രറികൾക്കും ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾക്കും സാമ്പത്തിക സഹായം നൽകുക.

9. ധനുവച്ചപുരം സി. എസ്. ഐ ജംഗഷ്നിൽ നിലവിലുള്ള ടിയോസ്കിൻ ടി. വി സ്ഥാപിക്കുകയും തുറന്ന വായനശാലയാക്കി മാറ്റുകയും ചെയ്യുക.

10. പഞ്ചായത്തുതലത്തിൽ കലാകായികപ്രതിഭകളെ കണ്ടെത്തുന്നതിന് ഒരു കോച്ചിനെ നിയമിക്കുക.

11. മദ്യവിപത്ത്, എയ്ഡ്സ്, മയക്കുമരുന്ന്, എന്നിവയ്ക്കെതിരെ ബോധവൽക്കരണം നടത്തുക.

14. IRDP ലിസ്റ്റിൽ ഉൾപ്പെടുത്താൻ അർഹതയുള്ള മുഴുവൻ കുടുംബങ്ങളെയും ഉൾപ്പെടുത്തി അവർക്ക് ആനുകൂല്യം നൽകുക.

15. ട്രൈസം പരിശീലനം കൂടുതൽ പേർക്ക് നൽകുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.

16. വിവിധപെൻഷനുകളെക്കുറിച്ചും ക്ഷേമനിധികളെക്കുറിച്ചും ജനങ്ങളുടെ ഇടയിൽ കൂടുതൽ പ്രചരണം സംഘടിപ്പിക്കുന്നതിന് ഗ്രാമസഭകളെ ഉപയോഗപ്പെടുത്തുക.

17. തൊഴിൽരഹിത വേതനം, വിവിധ പെൻഷനുകൾ, ക്ഷേമനിധി ആനുകൂല്യങ്ങൾ, മറ്റു ക്ഷേമപ്രവർത്തനങ്ങൾ ഇവ പൂർണ്ണമായും പഞ്ചായത്തുവഴി വിതരണം ചെയ്യുന്നതിന് നടപടി ആരംഭിക്കുക.

18. സാമൂഹ്യ ക്ഷേമ വകുപ്പിൽനിന്നും വിവിധ ഡിപ്പാർട്ടുമെന്റിൽനിന്നും സന്നദ്ധസംഘടനകൾക്കും സമാജങ്ങൾക്കും ലഭിക്കുന്ന ധനസഹായം പഞ്ചായത്തുമുഖേന വിതരണം ചെയ്യുക.

19. ഗ്രാമസഭനിർദ്ദേശപ്രകാരം സന്നദ്ധസംഘടനകളുടെയും സമാജങ്ങളുടെയും ഫണ്ടുവിതരണത്തിൽവരുന്ന അഴിമതി അന്വേഷണ ചുമതല ഗ്രാമപഞ്ചായത്തിന് നൽകുക. യഥാർത്ഥ ഗുണഭോക്താവിന് ധനസഹായം ലഭ്യമാക്കുക.

20. സന്നദ്ധസംഘടനകളുടെയും സമാജങ്ങളുടെയും രജിസ്ട്രേഷൻ പഞ്ചായത്തു മുഖേന നൽകുക.

21. എല്ലാ മഹിളാസംഘടനകളുടെയും സമാജങ്ങളുടെയും പ്രവർത്തനം പഞ്ചായത്തു തലത്തിൽ ഏകോപിപ്പിക്കുക.

22. പഞ്ചായത്തുതലത്തിൽ പൊതുശ്മശാനം തുടങ്ങാൻവേണ്ട നടപടി സ്വീകരിക്കുക.

23. കൊല്ലയിൽ പഞ്ചായത്തിലെ നിലവിലുള്ള ധനുവച്ചപുരത്തെയും മഞ്ചവിളാകത്തെയും പോസ്റ്റാഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക.

24. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന VEO ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

25. മാങ്കോട്ടുകോണം വാർഡിലെ അമ്പലം കേന്ദ്രീകരിച്ച് ദേശസാൽകൃത ബാങ്കിന്റെ ഒരു ശാഖ അനുവദിക്കുക.

# സംസ്ക്കാരം



# സഹകരണം
# പൊതുവിതരണം



"പരസ്പര സഹായത്തിൽ കൂടിയുള്ള സ്വാശ്രയത്വം" എന്ന സന്ദേശം നൽകിക്കൊണ്ട് സഹകരണപ്രസ്ഥാനത്തെ തുടക്കംകുറിച്ചത് റോബർട്ട് ഓവനാണ്. കുറെ ആളുകൾ ഒരു പൊതുലക്ഷ്യത്തെ മുൻനിർത്തി ലാഭേച്ഛ കൂടാതെ കൂട്ടായി പ്രവർത്തിക്കുന്ന രീതിയാണ് സഹകരണം. പുരാതന ഇൻഡ്യയുടെ കൂട്ടുകുടുംബങ്ങൾ സഹകരണത്തെ ഉത്തമമാതൃകകളാണ്. ഇപ്രകാരം ബോധപൂർവ്വമായോ അല്ലാതെയോ സഹകരണം ഒരു ജീവിതരീതിയായി മാനവസമുദായത്തിന്റെ ആദ്യകാലംമുതൽതന്നെ അംഗീകരിച്ച് പോന്നിരുന്നുവെങ്കിലും ശാസ്ത്രീയാടിസ്ഥാനത്തിലുള്ള ഒരു സാമ്പത്തികക്രമമായി സഹകരണത്തിനെ അംഗീകരിക്കുവാൻ തുടങ്ങിയത് 19–ാം നൂറ്റാണ്ടിന്റെ മദ്ധ്യദശകങ്ങളിലാണ്. 1904–ൽ പത്താം നമ്പർ ആക്ടായി ഇൻഡ്യയിലെ ആദ്യത്തെ സഹകരണ നിയമം നിലവിൽവന്നു. ഈ നിയമത്തിന്റെ പൂർണ്ണമായ പേര് "ഇൻഡ്യൻ കോ – ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റീസ് ആക്ട് ഓഫ് 1904" എന്നായിരുന്നു.

1956 നവംബർ ഒന്നിന് കേരള സംസ്ഥാനം നിലവിൽവന്നുവെങ്കിലും 1967–ൽ മാത്രമാണ് ഒരു സഹകരണസംഘം നിയമബിൽ നിലവിൽവന്നത്. തുടർന്ന് 1969–ലെ 21–ാമതു ആക്ട് പ്രാബല്യത്തിൽ വന്നു. "കേരള സഹകരണസംഘ നിയമം" എന്നാണ് ഇതറിയപ്പെടുന്നത്.

1926 ജനുവരി 3–ാം തീയതി പ്രവർത്തനം ആരംഭിച്ച കൊല്ലയിൽ സർവ്വീസ് സഹകരണ സംഘമാണ് കൊല്ലയിൽ മേഖലയിലെ ആദ്യത്തെ സഹകരണ സ്ഥാപനം.

കേരള സഹകരണസംഘനിയമം പ്രാബല്യത്തിൽ വരുന്നതിനു വളരെ മുമ്പുതന്നെ ആരംഭിച്ച ഈ സ്ഥാപനം പിന്നീട് കേരള സഹകരണ സംഘ നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്തു. അതിനു ശേഷം നിരവധി സഹകരണ സംഘങ്ങൾ സ്കൂൾ കോളേജ് എന്നിവിടങ്ങളിൽ അധ്യാപകരും വിദ്യാർത്ഥികളുമായി പ്രവർത്തിക്കുന്നുണ്ട്. ചുവടെ ചേർക്കുന്ന കാർഷിക, കാർഷികേതര സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

| | | |
|---|---|---|
| 1. കൊല്ലയിൽ സർവ്വീസ് സഹകരണ ബാങ്ക് | – | 1118 |
| 2. മഞ്ചവിളാകം പട്ടികജാതി സർവ്വീസ് സഹകരണ സംഘം | – | T - 827 |
| 3. കൊല്ലയിൽ വനിതാക്ഷേമ സഹകരണ സംഘം | – | T - 949 |

4. ധനുവച്ചപുരം ഹരിജൻ വനിതാ കരകൗശല വസ്തു നിർമ്മാണ വ്യവസായ സഹകരണ സംഘം

കൈത്തറി

1. കൊല്ലയിൽ വിവേഴ്സ് ഇൻഡസ്ട്രിയൽ സർവ്വീസ് സഹകരണ സംഘം – T - 275 മഞ്ചവിളാകം

2. മലയിക്കട കൈത്തറി നെയ്ത്തു സഹകരണം സംഘം, മഞ്ചവിളാകം

3. അരുവിപ്പുരം ശ്രീനാരായണ കൈത്തറി നെയ്ത്തു സഹകരണ സംഘം – T - 338 മഞ്ചവിളാകം

4. നാരായണപുരം സ്ട്രീറ്റ് കൈത്തറി നെയ്ത്തു സഹകരണം സംഘം – T - 139, അമരവിള

5. എയ്തുകൊണ്ടകാണി കൈത്തറി നെയ്ത്തു സഹകരണ സംഘം നമ്പർ H - 64 അമരവിള പി ഒ.

6. കൊല്ലയിൽ കൈത്തറി നെയ്ത്ത് സഹകരണ സംഘം – H - 24 ധനുവച്ചപുരം പി ഒ

ക്ഷീരോൽപ്പാദന സഹകരണ സംഘം

1. മഞ്ചവിളാം ക്ഷീരോൽപ്പാദന സഹകരണ സംഘം – T - 151

2. കൊല്ലയിൽ ക്ഷീരോൽപ്പാദന സഹകരണം സംഘം – T

ഗ്രാമസഭയിൽ നിന്നു ഉയർന്നു വന്ന നിർദ്ദേശങ്ങൾ

1. പഞ്ചായത്തടിസ്ഥാനത്തിൽ ചുമട്ടു തൊഴിലാളി സഹകരണ സംഘം രൂപീകരിക്കുക.

2. കൊല്ലയിൽ സഹകരണ സംഘത്തിൽനിന്നും പഞ്ചായത്തിലെ മുഴുവൻ കൃഷിക്കാർക്കും വ്യവസായികൾക്കും വായ്പ ലഭിക്കുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടി സ്വീകരിക്കുക.

3. കെട്ടിടനിർമ്മാണ തൊഴിലാളികൾക്കായി ഒരു സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക.

4. ഡിസ്ട്രിക്റ്റ് കോപ്പറേറ്റീവ് ബാങ്കിന്റെ ഒരു ശാഖ കൊല്ലയിൽ പഞ്ചായത്തിൽ അനുവദിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

5. കാർഷിക ഭൂവികസന ബാങ്കിന്റെ ഒരു ശാഖ ഈ പഞ്ചായത്തിൽ അനുവദിക്കുക.

# വനിതാക്ഷേമം



കൊല്ലയിൽ പഞ്ചായത്തിലെ ജനസംഖ്യയിൽ 51% സ്ത്രീകളാണ്. 1991-ലെ കാനേഷുമാരി കണക്ക് പ്രകാരം 10890 സ്ത്രീകൾ ഈ പഞ്ചായത്തിൽ ഉണ്ട്. വിദ്യാഭ്യാസ യോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലാണെന്ന് കാണാം. തൊഴിൽ രംഗത്ത് സ്ത്രീ പങ്കാളിത്തം കുറവാണ്. സ്ത്രീകൾ ഉൾപ്പെടുന്ന തൊഴിൽശാലകൾ ഉണ്ടെങ്കിലും അവർക്കു ലഭിക്കുന്ന വേതനം കുറവാണ്. പൊതുരംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വിരളമാണ്. കലാകായിക സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ ഉണ്ടെങ്കിലും അവരുടെ പങ്കാളിത്തം കുറവാണ്.

വിദ്യഭ്യാസ തൊഴിൽ മേഖലയിൽ
പ്രവർത്തിക്കുന്നവരുടെ ഏകദേശ റിപ്പോർട്ട്.

| പ്രവർത്തനരംഗം | സ്ത്രീ | പുരുഷൻ |
|---|---|---|
| സാക്ഷരൻ | 8429 | 8658 |
| കർഷകതൊഴിലാളി | 723 | 649 |
| കുടിൽ വ്യവസായം | 120 | 97 |
| കെട്ടിടനിർമ്മാണം | 274 | 695 |
| കൈത്തറിമേഖല | 1893 | 1863 |
| വ്യാപാരം | 47 | 470 |

കർഷകത്തൊഴിലാളികൾ, കൈത്തറിമേഖല കുടിൽവ്യവസായം എന്നീ മേഖലകളിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ കൂടുതലാണ്.

40 ഓളം മഹിളാസമാജങ്ങൾ ഉണ്ടെങ്കിലും അതിന്റെ പ്രവർത്തനം ശുഷ്കമാണ്. പൊതുപ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. പഞ്ചായത്ത്തലത്തിലോ വില്ലേജ് തലത്തിലോ പ്രവർത്തിക്കുന്ന ബഹുജന സംഘടനകളിലെ ഭാരവാഹികളിൽ വനിതാ പ്രാതിനിധ്യം കുറവാണ്. 27 മഹിളാസമാജങ്ങളിലായി ഏകദേശം 361 വനിതകൾക്ക് പരിശീലനം നൽകിവരുന്നു.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. വനിതകൾക്കായി ധനുവച്ചപുരത്ത് പ്രവർത്തനം ആരംഭിച്ച കരകൗശല പ്രവർത്തന കേന്ദ്രത്തിന്റെ പ്രവർത്തനം (SC/ST) പുനരാരംഭിക്കുകയും സംഘത്തിന്റെ സ്വന്തം സ്ഥലത്ത് കെട്ടിടം നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം.

2. മാങ്കോട്ടുകോണം വാർഡിൽ പ്രവർത്തിക്കുന്ന കൊല്ലയിൽ വനിത സഹകരണ സംഘത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനും അതിന്റെ പ്രവർത്തനം പഞ്ചായത്തടിസ്ഥാനത്തിൽ വ്യാപകമാക്കാനും നടപടികൾ സ്വീകരിക്കുകയും ധനസഹായം ലഭ്യമാക്കുകയും ചെയ്യുക.

3. പഞ്ചായത്തു തലത്തിൽ പനയോല വ്യാവസായത്തിന് ഒരു സഹകരണസംഘം രൂപീകരിക്കുകയും വാർഡുതലത്തിൽ ഓരോ യൂണിറ്റ് സ്ഥാപിക്കുകയും ചെയ്യുക.

4. നിലവിലുള്ള മഹിളാ സമാജങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങളെകുറിച്ച് അന്വേഷിക്കുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.

5. വനിതകൾക്കായി ഒരു കൈത്തറി നെയ്ത്തു പരിശീലനം കേന്ദ്രവും സഹകരണ സംഘവും, യന്ത്രത്തറിനെയ്ത്തു സഹകരണ സംഘവും പഞ്ചായത്തിന്റെ മൊത്തം പ്രവർത്തനം പരിധിയിൽ വരത്തക്കവണ്ണം രൂപീകരിച്ച് നടപ്പിലാക്കുക.

6. വനിതകൾക്കായി വാർഡു തലത്തിൽ തയ്യൽ പരിശീലനകേന്ദ്രവും റെഡിമെയ്ഡ് ഗാർമെന്റ് സ്ഥാപനവും സ്ഥാപിക്കുക.

7. വനിതകൾക്കായി ഒരു IRDP വിപണന കേന്ദ്രം പഞ്ചായത്തുതലത്തിൽ ആരംഭിയ്ക്കുക.

8. സ്ത്രീപീഡനത്തിനെതിരെ സത്വര നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ വനിതാസെൽ രൂപീകരിക്കുക.

9. സ്ത്രീകൾക്കും കുട്ടികൾക്കും ആശുപത്രിയിൽ പ്രത്യേകം പരിഗണന നൽകുക.

10. അംഗനവാടിയിലെ കുട്ടികൾക്കും മാതാക്കൾക്കും വൈദ്യപരിശോധനയും പോഷകാഹാരവും യഥാസമയം നൽകുക.

11. വിധവകൾക്കും അഗതികൾക്കുമായി കൂടുതൽ ക്ഷേമപദ്ധതികൾ ആവിഷ്ക്കരിക്കുക.

12. മദ്യവിപത്തിനെതിരെ വ്യാപകമായ ബോധവൽക്കരണം നടപ്പിലാക്കുക.

13. വ്യാജമദ്യവില്പന തടയുന്നതിനുള്ള നടപടി ശക്തമാക്കുക.

14. പഞ്ചായത്തുതലത്തിൽ വനിതകൾക്ക് ഓട്ടോറിക്ഷ ഡ്രൈവിംഗ് പരിശീലനം നൽകുകയും വായ്പകൾ അനുവദിക്കുകയും ചെയ്യുക.

15. വീട്ടമ്മമാർക്ക് പരമ്പരാഗതതൊഴിലുകൾ ചെയ്യുന്നതിന് വേണ്ടുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

16. പുകയില്ലാ അടുപ്പുകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

17. സ്ത്രീകൾ തുല്യജോലിക്ക് തുല്യവേതനം കിട്ടുകയും കുഞ്ഞുങ്ങളെകൊണ്ട് പണിയെടുപ്പിക്കുന്നത് തടയാൻ പഞ്ചായത്തിന് അധികാരം കൈമാറുകയും ചെയ്യുക.

6. കൃഷിക്കാർക്ക് ആവശ്യമായ വിത്തും വളവും സഹകരണ ബാങ്കുവഴി നൽകുക.

7. കൊല്ലയിൽ സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ശാഖ മഞ്ചവിളാകത്ത് ആരംഭിക്കുക.

8. കൊല്ലയിൽ ഗ്രാമപഞ്ചായത്തുതലത്തിൽ ഹൗസിംഗ് സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുക.

9. സഹകരണരംഗത്തെ പിഴപലിശ സമ്പ്രദായം നിർത്തലാക്കുക.

10. സഹകരണസംഘം വഴി കൊപ്രാസംഭരണം നടത്തുക.

11. ജനകീയാസൂത്രണത്തിന്റെ ഭാഗമായി നാട്ടിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളിൽ സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ സംഘങ്ങൾ നൽകുക.

12. സംഘങ്ങളിൽ ക്രെഡിറ്റു കാർഡുകൾ നൽകുക.

13. സോഷ്യൽ ആഡിറ്റ് സമ്പ്രദായം നടപ്പിലാക്കുക.

പൊതുവിതരണം

കാർഷികവിളയുടെ അടിസ്ഥാനത്തിലുള്ള ജീവിതനിലവാരമാണ് കേരളത്തിന്റേത്. ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനത്തിൽ നമ്മുടെ സംസ്ഥാനം സ്വയം പര്യാപ്തമല്ല. കാലികമായ കാർഷികവൃദ്ധി ഉത്പാദനരംഗത്ത് ഭക്ഷ്യദൗർലഭ്യത്തിന് കാരണമാകുന്നു. പ്രകൃതിക്ഷോഭങ്ങൾ കാർഷികവിളകളിൽ മാന്ദ്യം സൃഷ്ടിക്കുന്നു. ആയതിനാൽ ബഹുഭൂരിപക്ഷം ജനങ്ങളും ഗവൺമെന്റിന്റെ പൊതുവിതരണ ശൃംഖലയെ ആശ്രയിക്കുന്നു. കുടിൽവ്യവസായങ്ങളും ചെറുകിടവ്യവസായങ്ങളും തൊഴിൽ രംഗത്ത് പ്രചോദനം നൽകുന്നതാണെങ്കിലും ജീവിത നിലവാരം ഉയർത്തുവാൻ കഴിയുന്നതരത്തിലല്ല. കൃഷിയെ ആശ്രയിച്ചു കഴിയുന്നവരാണ് 60% ജനങ്ങളും. കാർഷികവിളകളിലുണ്ടാകുന്ന നാശം ഭക്ഷ്യോത്പാദനത്തിൽ കുറവു വരുത്തുന്നു.

1992-ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷവും പൊതുവിതരണമേഖലയെ ആശ്രയിക്കുന്നവരാണ്. ഇന്നു നിലവിലിരിക്കുന്ന പൊതുവിതരണം തൃപ്തികരമല്ലാത്തതും ജനസംഖ്യാനുവാദികമായി വിതരണകേന്ദ്രങ്ങൾ കുറവുമാണ്. 12 റേഷൻകടകളാണ് പൊതുവിതരണരംഗത്ത് പ്രവർത്തിക്കുന്ന കേന്ദ്രങ്ങൾ. മാവേലി സ്റ്റോറുകളുടെ അഭാവം ഈ രംഗത്ത് ഗുരുതരമാണ്. ഈ പഞ്ചായത്തിലെ ആകെ കാർഡു ഉടമകൾ 3405 എണ്ണമാണ്. അരി, പഞ്ചസാര, ഗോതമ്പ് എന്നീ ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും മാത്രമെ ഈ കേന്ദ്രങ്ങളിൽ നിന്ന് വിതരണം ചെയ്യുന്നുള്ളു. കടകൾ തമ്മിലുള്ള ദൂരപരിധി പുതുക്കി നിശ്ചയിക്കുകയോ ഒരു വാർഡിൽ രണ്ടു റേഷൻകടകളെങ്കിലും അനുവദിച്ചാൽ മാത്രമെ ഇതിനൊരു പരിഹാരമാവുകയുള്ളു. ഓരോ വാർഡിലും ഓരോ മാവേലി സ്റ്റോറുവീതം അനുവദിക്കേണ്ടത് അത്യാവശ്യമാണ്. ഇതിനോടനുബന്ധിച്ച് പച്ചക്കറി സ്റ്റാളിന്റെ പ്രവർത്തനം ആരംഭിക്കേണ്ടതാണ്. പഞ്ചായത്തു മേഖലയിൽ ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോറ് അനുവദിക്കണം.

ഗ്രാമസഭയിൽനിന്നു വന്ന നിർദ്ദേശങ്ങൾ

1. റേഷൻകടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും വിലവിവരപട്ടിക പ്രദർശിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുക.

2. വാർഡുകളിലെ പ്രധാന കേന്ദ്രങ്ങളിൽ പൊതുവിതരണ ശൃംഖലയായ റേഷൻഷോപ്പോ, മാവേലിസ്റ്റോറോ അനുവദിക്കുക.

3. പൊതുവിതരണകേന്ദ്രത്തിൽ വിതരണം ചെയ്യുന്നതിന് നൽകുന്ന ഭക്ഷ്യവസ്തുക്കൾ ഫുഡ് കോർപ്പറേഷൻ തൂക്കി നൽകാൻ നടപടി സ്വീകരിക്കുക.

4. ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവ് ഉയർത്തുക.

5. പഞ്ചായത്തുതലത്തിൽ കാർഷികോല്പന്നങ്ങൾ ശേഖരിക്കുകയും വിതരണം നടത്തുകയും ചെയ്യുക.

6. പഞ്ചായത്തിലെ നാഷണൽ ഹൈവേയോട് ചേർന്ന് ഒരു പെട്രോൾ പമ്പ് സ്ഥാപിക്കുക.

7. ഉപഭോക്താക്കളുടെ സൗകര്യാർത്ഥം ഒരു പാചകവാതകവിതരണ കേന്ദ്രം സ്ഥാപിക്കുക.

8. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നിലവിലുള്ളതിനേക്കാൾ സൗജന്യനിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്താൻ അധികാരികൾ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# പട്ടികജാതി
# പട്ടികവർഗ്ഗക്ഷേമം



കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ കാനേഷുകുമാരി കണക്കനുസരിച്ച് ആകെ ജനസംഖ്യയുടെ 20% പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്. ഇവരിൽ ഭൂരിഭാഗവും വിദ്യാഭ്യാസപരമായും സാമ്പത്തികമായും വളരെ പിന്നോക്കമാണ്. എങ്കിലും സർക്കാരുദ്യോഗം ലഭിച്ചവരിൽ ഡോക്ടർമാർ, ലക്ചറർ, ഗസറ്റഡ് ഓഫീസറന്മാർ, മറ്റു ഉയർന്ന ഉദ്യോഗസ്ഥന്മാരും ഉണ്ട്. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ ബഹുജനസംഘടനകളിലും രാഷ്ട്രീയ പാർട്ടികളിലും അംഗങ്ങളാണ്.

ഇവർ പ്രധാനമായും കൃഷിപണികളിലും, കെട്ടിടനിർമ്മാണപണികളിലും ഏർപ്പെട്ടിരിക്കുന്നു. ഇവരുടെ നാനാവിധ പുരോഗതി ലക്ഷ്യമാക്കി വസ്തുവും വീടും ഇല്ലാത്തവർക്ക് അത് നൽകേണ്ടതാണ്. എല്ലാ കോളനികളിലും തെരുവുവിളക്കും, ടെലിവിഷൻ സെന്ററുകളും സ്ഥാപിക്കുകയും ശുദ്ധജലവും വൈദ്യുതിയും എത്തിക്കുകയും വേണം. ഇവർക്കുവേണ്ടി ഒരു ഹൗസിംഗ് ബോർഡ് കോളനി സ്ഥാപിച്ചാൽ ഇവരുടെ സംസ്കാരത്തെയും വിദ്യാഭ്യാസത്തെയും മെച്ചപ്പെടുത്തുവാൻ സാധിക്കും. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ ഉയർന്ന നിലവാരം പുലർത്തുന്ന വിദ്യാർത്ഥികളെയും കലാകായിക പ്രതിഭകളെയും കണ്ടെത്തി ആവശ്യമായ കൂടുതൽ പരിശീലനവും സാമ്പത്തിക സഹായവും നൽകേണ്ടതാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ പൂർണ്ണമായി സൗജന്യമായി നൽകേണ്ടതും സാമ്പത്തികമായി വളരെ പിന്നോക്കത്തിലുള്ള കുടുംബത്തിലെ കുഞ്ഞുങ്ങൾക്ക് നിർബന്ധവിദ്യാഭ്യാസം ഏർപ്പെടുത്തേണ്ടതാണ്.

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കർഷകർക്ക് കറവ മാടുകളെയും വളർത്തു മൃഗങ്ങളെയും സബ്സിഡി നിരക്കിൽ നൽകുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അഭ്യസ്ത വിദ്യരായ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇവർക്കായി നൽകിവരുന്ന ലോണുകളുടെ തുക കൂടുതൽ വർദ്ധിപ്പിക്കുകയും കൂടുതൽ ലോൺ സൗകര്യങ്ങൾ ഉണ്ടാക്കുകയും വേണം. ഈ പഞ്ചായത്തിലെ മഞ്ചവിളാകത്ത് പട്ടികജാതിക്കാർക്കായി നിർമ്മിക്കുന്ന സഹകരണ സംഘം കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുകയും കൂടുതൽ സഹകരണസംഘങ്ങൾ അനുവദിക്കുകയും വേണം. ഇവർ കൂടുതൽ തിങ്ങിപാർക്കുന്ന കോളനികളിൽ പൊതുവിതരണ കേന്ദ്രം ആരംഭിക്കുകയും കൃഷിക്കാർക്ക് ആവശ്യമായ വായ്പകൾ കാർഷിക ഉപകരണങ്ങൾ എന്നിവ സൗജന്യമായി നൽകേണ്ടതുമാണ്.

**കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ പട്ടികജാതിക്കാർ അധിവസിക്കുന്ന കോളനികൾ**

| | |
|---|---|
| കൊടവിളാകം | I |
| വാഴോട്ടുവിള | I |
| പെരുമ്പോട്ടുകോണം | I |
| പശുക്കോട്ടുകോണം | II |
| മാങ്കോട്ടുകോണം | II |
| മുണ്ടമല | III |
| കൊക്കിടിമൂല | III |
| കുണ്ടയത്തുകോണം | VI |
| മൊട്ടക്കാവ് | IHDP VI |
| പോങ്ങുപൊറ്റ | VII |
| പൂന്നോട്ടുകോണം | VII |
| ധനുവച്ചപുരം | VII |
| കരിയ്ക്കം | VIII |
| വഴുതോട്ടുകോണം | VIII |
| ആനിമാംവിള | VIII |
| PRDS കാലാകുഴി | VIII |
| വരിയ്ക്കമാംവിള | IX |
| പനയംമൂല | X |
| പുന്നക്കാല | IV |
| കുരിയാണിക്കൽ | IV |
| കുഴിയാത്തല | IV |

**പ്രശ്നങ്ങൾ:-**

- വസ്തുവും വീടുമില്ലാത്ത പട്ടികജാതിക്കാർ ഉണ്ട്.
- പട്ടികജാതി കോളനികളും പട്ടികജാതിക്കാർ താമസിക്കുന്ന മറ്റു പ്രദേശങ്ങളും ഭാഗികമായി മാത്രം വൈദ്യുതീകരിച്ചിട്ടുണ്ട്.
- വൈദ്യുതി എത്താത്ത പട്ടികജാതിക്കാർ താമസിക്കുന്ന പ്രദേശവും ഉണ്ട്.
- കോളനികളിൽ കുടിവെള്ള പ്രശ്നം രൂക്ഷമാണ്.
- പൊതുകിണറുകളിൽ ജലം ലഭ്യമല്ല.
- റോഡില്ലാത്ത പട്ടികജാതിക്കാർ താമസിക്കുന്ന പ്രദേശമുണ്ട്.
- അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിലില്ല.
- സാമ്പത്തിക ബുദ്ധിമുട്ടുകാരണം വിദ്യാഭ്യാസം പൂർത്തികരിക്കുന്നില്ല.

- പട്ടികജാതി സ്ത്രീകൾക്കിടയിൽ തൊഴിലില്ലായ്മ രൂക്ഷമാണ്.
- പട്ടികജാതിക്കാർ തിങ്ങിപാർക്കുന്ന പ്രദേശങ്ങളിൽ എല്ലാ വീടുകളിലും കക്കൂസില്ല.
- സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം വീടുകൾ ഓല മേയാൻ കഴിയുന്നില്ല.
- പട്ടികജാതികാർക്ക് ശ്മാശനങ്ങളിലാത്തത് കാരണം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
- പട്ടികജാതിക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ.
- ലഭിക്കുന്ന കാര്യങ്ങൾ ഉപയോഗിക്കാത്ത പ്രവണതയും കാണുന്നുണ്ട്.
- പട്ടയം ലഭിക്കാത്ത കോളനി നിവാസികൾ ഉണ്ട്.
- കാലാകാലങ്ങളിൽ സർക്കാരും ധനകാര്യ സ്ഥാപനങ്ങളും പട്ടികജാതിക്കാർക്ക് നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളറിയാറില്ല.

ഗ്രാമസഭനിർദ്ദേശങ്ങൾ

- വസ്തുവും വീടും ഇല്ലാത്ത പട്ടികജാതിക്കാർക്ക് അവ നൽകുക.
- വീടു വയ്ക്കാൻ ധനസഹായം നൽകുക.
- ലക്ഷം വീടു കോളനികൾ ഒറ്റവീടുകളാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
- പട്ടികജാതിക്കാർ കൂടുതൽ തിങ്ങിപാർക്കുന്ന പ്രദേശങ്ങളെ അംഗീകൃതകോളനികളാക്കി ആനുകൂല്യങ്ങൾ ലഭ്യമാക്കുക.
- കോളനികളിൽ ശുദ്ധജലവും വൈദ്യുതിയും എത്തിക്കുക.
- എല്ലാ കോളനികളിലും തെരുവു വിളക്കുകൾ സ്ഥാപിക്കുക.
- എല്ലാ കോളനികളിലും ടെലിവിഷൻ, ക്രിയോസ്കുകൾ സ്ഥാപിക്കുക.
- പട്ടികജാതിക്കാർ അധിവസിക്കുന്ന കോളനികളിൽ പൊതുവിതരണ കേന്ദ്രം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
- അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ പട്ടികജാതിക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുക.
- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും പൂർണ്ണമായ സാമ്പത്തിക സഹായവും നൽകി ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തികരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
- ഈ വിഭാഗത്തിലെ കലാകായിക പ്രതിഭകളെ കണ്ടെത്തുന്നതിന് ആവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകുക.
- ഈ വിഭാഗത്തിന് കൃഷിക്കും മറ്റു തൊഴിലുകൾക്കും ആവശ്യമായ വായ്പ ലഭ്യമാക്കുകയും കാർഷികോപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുക.
- ഈ വിഭാഗത്തിൽപ്പെട്ട കർഷകർക്കായി കറവമാടുകളെയും മറ്റു വളർത്തുമൃഗങ്ങളെയും സബ്സിഡി നിരക്കിൽ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുക.
- മഞ്ചവിളാകം പട്ടികജാതി സർവ്വീസ് സഹകരണസംഘം കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കുക.
- ഈ വിഭാഗക്കാർക്ക് IRDP, IAY തുടങ്ങിയ സ്കീമുകളിൽ നൽകുന്ന ആനുകൂല്യം ക്രമരഹിതമായി വർദ്ധിപ്പിക്കുക.
- മുമ്പ് IRDP വായ്പകൾ ലഭിച്ച SC/ST വിഭാഗങ്ങൾക്ക് ചെറിയ തുകയെ ലഭിച്ചിരുന്നുള്ളു. അതിനാൽ കൂടുതൽ സഹായം കിട്ടാൻ SCP സ്കീമിൽ കൂടുതൽ ഫണ്ട് അനുവദിക്കുക.
- പട്ടികജാതിക്കാർ അധിവസിക്കുന്ന പ്രദേശങ്ങളുടെ റോഡുകളുടെ പണി പൂർത്തികരിക്കുക.. പനയുംമൂല – വാഴോട്ടുവിളറോഡ്.
- മാങ്കോട്ടുകോണം – പനയുംമൂലറോഡ്.
- മാങ്കോട്ടുകോണം – കൊക്കുടിമൂലറോഡ്
- മാങ്കോട്ടുകോണം – വളങ്കോട്ടുകോണം റോഡ്
- പുന്നക്കാല റോഡ്
- ചാരുവിളാകം ലക്ഷംവീട് കോളനി റോഡ്
- മൊട്ടക്കാവ് റോഡ്
- മുണ്ടാമല –കൊക്കിടിമൂലറോഡ്
- വരിയ്ക്കമാംവിള – വള്ളുകോട്ടുകോണം റോഡ്
- വഴുതോട്ടുകോണം – കോളനിറോഡ്
- പോങ്ങുംപ്പൊറ്റ റോഡ്
- ധനുവച്ചപുരം ചെറുവണംകോട് റോഡ്
- ധനുവച്ചപുരം പുന്നോട്ടുകോണം റോഡ്

# വിഭവസമാഹരണം



സാമൂഹ്യ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും അതിൻപ്രകാരം വിഭവങ്ങൾ നീക്കിവയ്ക്കുന്ന പ്രക്രിയയാണ് ആസൂത്രണം. ആയതിനാൽ വിഭവം കൂടാതെ വികസനം സാധ്യമല്ല. വികസന പദ്ധതികളെന്നാൽ മുകളിൽ നിന്ന് കിട്ടുന്ന സൗജന്യങ്ങളായാണ് ബഹുഭൂരിപക്ഷം ജനങ്ങളും കാണുന്നത്. തങ്ങൾക്ക് എന്തു കിട്ടുമെന്നല്ലാതെ തങ്ങൾക്ക് എന്തുചെയ്യണമെന്ന് ആരും ചിന്തിക്കാറില്ല. മനുഷ്യൻ തന്റെ കഴിവിനെ പ്രകൃതിയിൽ പ്രയോഗിച്ച് ഉണ്ടാക്കി എടുത്ത വസ്തുക്കളെ സംഭരിച്ച് പ്രയോജനപ്രദമാംവിധം ഉപയോഗിക്കുന്നതിലൂടെ ചെറുതല്ലാത്തൊരു പങ്ക് വിഭവങ്ങൾ പ്രാദേശികമായി സമാഹരിക്കാനും അതിലൂടെ സർവ്വോന്മുഖമായ ലക്ഷ്യത്തിൽ എത്തിച്ചേരുവാൻ കഴിയും.

അനുഭവജ്ഞാനത്തോടൊപ്പം ആധുനികശാസ്ത്രവിജ്ഞാനത്തെ സംയോജിപ്പിക്കുവാനും ഉപയോഗപ്പെടുത്താനും കഴിയണം. ശാസ്ത്രസാങ്കേതികവിദഗ്ധർ ഗവേഷണശാലകളിൽ നിന്ന് പണിശാലകളിലേയ്ക്കും വയലേലകളിലേയ്ക്കും നീങ്ങുന്നു. സ്വകാര്യലാഭം ഒന്നുമാത്രം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം അസമത്വത്തെ വർദ്ധിപ്പിക്കുന്നതിലേയ്ക്കും ദാരിദ്ര്യത്തെ രൂക്ഷമാക്കുന്നതിലേയ്ക്കും നയിക്കും. ഒറ്റപ്പെട്ട വ്യക്തികളുടെ തന്നിഷ്ടപ്രകാരമുള്ള തീരുമാനം വിഭവങ്ങളുടെ ദുർവിനിയോഗത്തിലേയ്ക്കും കാര്യക്ഷമതയില്ലായ്മയിലേയ്ക്കും നയിക്കും. ഇക്കാരണങ്ങൾകൊണ്ട് സ്ഥായിയും നീതിപൂർവ്വകവുമായ സംഭരണ വിതരണങ്ങൾ ഉറപ്പാക്കുന്നതിലൂടെ മാത്രമേ മനുഷ്യന്റെ തളർച്ച മാറ്റി ഊർജ്ജസ്വലനം സമൂഹത്തിന് ഉപകാരിയുമാക്കി മാറ്റുവാൻ സാധിയ്ക്കും.

കൊല്ലയിൽ ഗ്രാമപഞ്ചായത്ത് വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്നു. കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ വരുമാന മാർഗ്ഗങ്ങൾ കെട്ടിടനികുതി, തൊഴിൽനികുതി, ചന്തവരവ്, ലൈസൻസ് ഫീസ്, ഷോപ്പിംഗ് കോംപ്ലക്സ്, വാടക, ലേലം, കുത്തകപാട്ടം, വസ്തുകൈമാറ്റനികുതി, അൺടൈഡ്ഫണ്ട് മറ്റു ഗ്രാന്റുകൾ, മറ്റു വരവുകൾ എന്നിവയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ധാരാളം ധനകാര്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന്റേതായ തോതിൽ പഞ്ചായത്തിലെ ജനങ്ങൾക്ക് നേട്ടം ഉണ്ടാകുന്നില്ല. വാണിജ്യബാങ്കുകളിൽ നിക്ഷേപം ലഭിക്കുന്നു എങ്കിലും വായ്പകളും മറ്റു സാമ്പത്തികസഹായങ്ങളും വളരെ കുറച്ചുമാത്രമേ അനുവദിക്കുന്നുള്ളു. പൊതു ആസ്തികൾ സൃഷ്ടിക്കുന്നതിൽ ബാങ്കുകൾ പഞ്ചായത്തിനെ വേണ്ടത്ര സഹായിക്കാറില്ല. കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സർക്കാർ നിയന്ത്രിത വിവിധ സഹകരണസംഘങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഒരു ശാഖയും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പത്തോളം സ്വകാര്യചിട്ടി സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. ബാങ്കുകളുടെയും മറ്റു സ്ഥാപനങ്ങളുടെയും കർശനമായ നിയമങ്ങളും ചട്ടങ്ങളും സാധാരണ ജനത്തെ വളരെ ബുദ്ധിമുട്ടിയ്ക്കുകയും സമയം സഹായം ലഭിക്കാതെ വരുന്നതിനാൽ സ്വകാര്യപണമിടപാട് സ്ഥാപനങ്ങളെ അഭയം പ്രാപിക്കുന്നു.

വരുംകാലപദ്ധതി പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കികൊണ്ട് വിഭവം സമാഹരിച്ച് മുന്നോട്ട് പോകേണ്ടതായി കാണുന്നു. 1995-96 കാലയളവിൽ JRY പദ്ധതിപ്രകാരം 208160.00 രൂപ കിട്ടുകയും അത്രയുംതന്നെ തുക ചെലവാക്കുകയും ചെയ്തു.

1994-95 കാലയളവിലെ നീക്കിയിരിപ്പ് ഉൾപ്പെടെ 1995-96-ലെ വരവ് 988334.90 രൂപയും എപലവ് 987561.80 രൂപയുമാണ്.

വ്യാപാരവ്യവസായസ്ഥാപനങ്ങളുടെ വിവരം

| | |
|---|---|
| ടെക്സ്റ്റയിൽസ് | 6 |
| ഫർണിച്ചർമാർട്ട് | 8 |
| ഹോട്ടലുകൾ | 15 |
| റ്റീഷോപ്പ് | 40 |
| സാധാരണ കടകൾ | 88 |
| പലവ്യഞ്ജനം, സ്റ്റേഷനറി, ഫാൻസി | 68 |
| ഊർപ്പമില്ല് | 4 |
| റൈസ്പ്ലവർമിൽ | 7 |

നിർദ്ദേശങ്ങൾ അഭിപ്രായങ്ങൾ

1. നിലവിലിരിയ്ക്കുന്ന നികുതികശ വർദ്ധിപ്പിയ്ക്കുക.

2. പരസ്യബോർഡുകൾക്ക് നികുതി ഏർപ്പെടുത്തുക.

3. കെട്ടിടനിർമ്മാണചട്ടങ്ങളും നിയമങ്ങളും കർശനമാക്കി നികുതി വർദ്ധിപ്പിക്കുക.

4. പഞ്ചായത്തുരാജ് ആക്ട് 209 വകുപ്പിൽ പറയുന്ന പരസ്യത്തിൻ മേലുള്ള നികുതിയും 265 വകുപ്പിൽ പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക്

പട്ടിക -I

വരവ് ചെലവ് കണക്കുകൾ 1995-96

| വരവുകൾ | രൂപ | പൈസ | ചെലവ് | രൂപ | പൈസ |
|---|---|---|---|---|---|
| 1994-95 നീക്കിയിരിപ്പ് | 307145 | 35 | ഭരണം | 578304 | 15 |
| കെട്ടിടനികുതി | 123720 | 50 | പൊതുമരാമത്ത് | 37402 | 00 |
| തൊഴിൽനികുതി | 175996 | 00 | വിദ്യാഭ്യാസം | 61615 | 50 |
| ചന്തവരവ് | 23341 | 00 | പൊതുജനാരോഗ്യം | 150 | 00 |
| ലൈസൻസ്ഫീസ് | 2136 | 00 | സാമൂഹ്യക്ഷേമം | 5000 | 00 |
| വസ്തുകൈമാറ്റനികുതി 75% | | | വൈദ്യുതചെലവ് | 44239 | 15 |
| വസ്തുകൈമാറ്റനികുതി 25% | 93010 | 00 | മറ്റിനങ്ങൾ | 726711 | 45 |
| ഗ്രാന്റുകൾ. അൺടൈഡ്ഫണ്ട്, മറ്റുവരവുകൾ | 542729 | 00 | ഡെപ്പോസിറ്റ് | 3035 | 00 |
| മറ്റുള്ളവ | 24283 | 05 | | | |
| ആകെ | 988334 | 90 | ആകെ | 987581 | 80 |

ചുമത്തുന്ന നികുതിയും 269-ൽ പറയുന്ന സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻഫീസും നികുതിയും വർദ്ധിപ്പിച്ചാൽ വരുമാനം വർദ്ധിപ്പിക്കാം.

5. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽനിന്നും നിർബന്ധമായും നികുതിപിരിക്കുക.

6. വാഹനങ്ങൾക്ക് അംഗീകൃതസ്റ്റാൻഡ് ഏർപ്പെടുത്തിയും ആ നിലയിൽ നികുതി വർദ്ധിപ്പിക്കാം.

7. വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കി പരമാവധി ഉപയോഗപ്പെടുത്തുക.

8. അനധികൃതകെട്ടിടങ്ങളിൽ റോഡുവികസനങ്ങൾക്ക്തടസമാകാത്തവയ്ക്ക് പഞ്ചായത്ത് ആക്ടും കെട്ടിടനിർമ്മാണആക്ടും കെട്ടിടനിർമ്മാണ നിയമമനുസരിച്ച് സർക്കാർ അനുമതിയോടെ പിഴ ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുക.

9. പഞ്ചായത്ത് വക തരിശുഭൂമിയിൽ, കുളം, തോട് എന്നിവയുടെ ബണ്ടുകൾ ഇവയിൽ ഹ്രസ്വകാലകാർഷികവിളകൾ നടാനുള്ള പ്രവർത്തനം നടത്തുക.

| | | |
|---|---|---|
| അലുമിനിയം ഫാക്ടറി | - | 2 |
| പ്രിന്റിംഗ് പ്രസ്സ് | - | 4 |
| അയിസ് ഫാക്ടറി (ഉദിയൻകുളങ്ങര) | - | 1 |
| പൊതുവിതരണകേന്ദ്രം | - | 13 |
| സ്വകാര്യപണമിടപാടുസ്ഥാപനങ്ങൾ | - | 8 |
| വെൽഡിംഗ് ഷോപ്പ് | - | 4 |
| മെഡിക്കൽ സ്റ്റോർ | - | 2 |
| ആയുർവ്വേദ ഫാർമസ്യൂട്ടിക്കൽസ് | - | 1 |
| വൈദ്യശാലകൾ | - | 4 |
| ഫോട്ടോസ്റ്റുഡിയോ | - | 3 |
| സ്വകാര്യ ആശുപത്രികൾ | - | 2 |
| പാരലൽ കോളേജുകൾ | - | 6 |
| റബ്ബർ ഫാക്ടറി കൊറ്റാമം | - | 1 |
| ആട്ടോമൊബൈൽ വർക്ക്ഷോപ്പ് | - | 2 |
| സ്വകാര്യ ക്ലിനിക് ലബോറട്ടറി | - | 2 |

# കൊല്ലയിൽ ഗ്രാമപഞ്ചായത്ത് - JRY 1996 - 97 - ആക്ഷൻ പ്ലാൻ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക Rs. |
|---|---|---|
| A | ഹരിജന/ഗിരിജന വിഭാഗം | 63200 |
| 1. | വീടുനിർമ്മാണം 15800/ രൂപാനിരക്കിൽ 4 വീട് | 63200 |
| B | ജനറൽ സെക്ടർ | |
| 1. | പ്ലാവണ്ണറകുളം മുതൽ കുന്നത്തുവിളാകം വരെയുള്ള ഫുഡ്പാത്ത് പുനരുദ്ധാരണം | 40000 |
| 2. | കുഴിയറത്തല മുതൽ കൃഷിഭവൻവരെയുള്ള ബണ്ട് പുനരുദ്ധാരണം | 25000 |
| 3. | പനയംമൂല പള്ളംവിള ഫുഡ്പാത്ത് പുനരുദ്ധാരണം | 15000 |
| 4. | ചെയ്യൂർകോണം വരമ്പിൽ സ്ലാബ്നിർമ്മാണം | 15000 |
| 5. | ചായ്ക്കോട്ടുകോണം തോടിൽ ആമോട്ടുകോണം ഭാഗത്ത് രണ്ട് ഫുഡ്ബ്രിഡ്ജ് | 5000 |
| 6. | ചെകുളം (ചെമ്മരുതാംകോട് കുളം) പുനരുദ്ധാരണം | 20000 |
| 7. | കൊക്കിടമൂല മുതൽ ചെറുവട്ടൂർകോണം വരെ ഫുഡ്പാത്ത് പുനരുദ്ധാരണം | 15000 |
| 8. | കുഴിയറത്തല മുതൽ മൂവേരിക്കര വരെ ഫുഡ്പാത്ത് പുനരുദ്ധാരണം | 15000 |
| 9. | നുളക്കോണം മുതൽ പൂവത്തൂർവരെ ഫുഡ്പാത്ത് പുനരുദ്ധാരണം | 20000 |
| 10. | ചാരുവിളാകം മേക്കുകര തോട് പുനരുദ്ധാരണം | 20000 |
| 11. | നെടിയാംകോട് മുതൽ മേക്കൊല്ല ഫുഡ്പാത്തിന്റെ സൈഡ്വാൾ നിർമ്മാണം | 20000 |
| 12. | റെയിൽവേ സ്റ്റേഷൻ മുതൽ നാഷണൽ ഹൈവേ വരെയുള്ള തോട് പുനരുദ്ധാരണം | 15000 |
| 13. | പലവക്കുളം മുതൽ കോളേജ്നട തോട് പുനരുദ്ധാരണം | 10000 |
| 14. | ഉദിയൻകുളങ്ങര വള്ളുക്കോട്ടുകോണം ഫുഡ്പാത്തിന്റെ പ്രൊട്ടക്ടീവ് വാൾ നിർമ്മാണം | 10000 |
| 15. | എയ്തുകൊണ്ടകാണി ചിറക്കുളം. വള്ളുക്കോട്ടുകോണം ഫുഡ്പാത്ത് പുനരുദ്ധാരണം | 15000 |
| 16. | പരുത്തിവിള ഫുഡ്പാത്ത് പുനരുദ്ധാരണം | 20000 |
| 17. | ചെറുവിതാംകുളം തോടിന്റെ സൈഡ്വാൾ പുനരുദ്ധാരണം | 30000 |
| 18. | ചെമ്മണ്ണുവിള ഫുഡ്പാത്ത് സൈഡ്വാൾ നിർമ്മാണം | 20000 |
| | | 330000 |

# കൊല്ലയിൽ ഗ്രാമപഞ്ചായത്ത് 1996 - 97

## അൺടയേഡ് ആക്ഷൻ പ്ലാൻ D.D.P. യുടെ
## അംഗീകാരത്തിന് സമർപ്പിച്ചത്

ജനറൽ സെക്ടർ

| | | |
|---|---|---|
| കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ റോഡുകൾ വൈദ്യുതികരിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് | : | 3,30,500 |
| കൊല്ലയിൽ ലൈബ്രറി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | : | 1 16, 000 |
| | | 4,46,500 |

SC / ST

| | | |
|---|---|---|
| 10 വീട് നിർമ്മാണം (20, 0000രൂപവച്ച്) | : | 2,00,000 |
| 20വീട് മെയിന്റനൻസ് (5000 രൂപവച്ച്) | : | 1,00,000 |
| ആകെ | : | 3,00,000 |

# കേരളം ഇന്ത്യക്കെന്നും മാതൃക

★ ഭൂപരിഷ്കരണ നിയമം

★ കാർഷിക ബന്ധ നിയമം

★ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് പെൻഷനും ക്ഷേമനിധിയും

★ സമ്പൂർണ്ണ സാക്ഷരത യജ്ഞം

★ ജനകീയ ആസൂത്രണം

# നന്ദി

ദ്വിതീയ വിവരശേഖരണം, പഠനപര്യടനം, ചരിത്രപഠനം എന്നിവ വിജയകരമായി പൂർത്തിയാക്കുവാൻ DRP മാരും, പഞ്ചായത്ത് അംഗങ്ങളും സന്നദ്ധപ്രവർത്തകരും, വിവിധ ആഫീസുകളിലെ ജീവനക്കാരും വളരെയധികം ബുദ്ധിമുട്ടി പ്രവർത്തിച്ചിട്ടുണ്ട്. ഗ്രാമസഭകളുടെ സംഘാടനത്തിനും തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളും അകമഴിഞ്ഞ് സഹായിക്കുകയും ചെയ്ത സകലവ്യക്തികൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കും നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്തി കൊള്ളുന്നു.

ജി. അരവിന്ദകുമാർ
ചെയർമാൻ
സ്റ്റാന്റിംഗ് കമ്മറ്റി
കൊല്ലയിൽ ഗ്രാമപഞ്ചായത്ത്

കൊല്ലയിൽ
23.12.96

# തെറ്റുകൾ തിരുത്തി വായിക്കണം

1. പേജ് - 2 ൽ 9-ാം വരിയിൽ "ആസൂത്രണ പ്രസ്ഥാനത്തിൻമേൽ " എന്ന് തിരുത്തി വായിക്കണം.

2. പേജ് - 5-ൽ അവസാനത്തെവരിയിൽ
"കൺവീനർ, അദ്ധ്യക്ഷൻ എന്നിവരായ 24 പേരെ തെരഞ്ഞെടുത്തു".

3. പേജ് - 20 ൽ - രണ്ടാംഖണ്ഡികയിൽ 2-ാം വരിയിൽ "ഗവൺമെന്റ് മായി ബന്ധപ്പെട്ട് ഇതുനുള്ള നടപടി സ്വീകരിക്കേണ്ടതാണ്" എന്ന് തിരുത്തി വായിക്കണം.

4. പേജ് - 38 ൽ "എയ്ഡസ്" എന്ന് അച്ചടിച്ചിരിക്കുന്ന മുഴുവൻ വാക്കുകളും "എയ്ഡ്സ്" എന്ന് തിരുത്തി വായിക്കണം.

5. പേജ് 44-ൽ 7-മത്തെയും 11-ാം മത്തെയും നിർദ്ദേശങ്ങൾ "ഐ.പി.ഐ" എന്നത് "ഐ.റ്റി.ഐ" എന്ന് തിരുത്തി വായിക്കണം.

6. പേജ് - 66 ൽ ഖണ്ഡിക 4 ൽ 6-ാം വരിയിൽ "അതിനുശേഷം നിരവധി സഹകരണസംഘങ്ങൾ സ്കൂൾ, കോളേജ്, എന്നിവിടങ്ങളിൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വേണ്ടി പ്രവർത്തിക്കുന്നുണ്ട്" എന്ന് തിരുത്തി വായിക്കണം.

## 31-12-1996 ൽ നടന്ന കൊല്ലയിൽ ഗ്രാമപഞ്ചായത്ത് വികസന സെമിനാർ ഉയർന്നുവന്ന ഭേദഗതികളും നിർദ്ദേശങ്ങളും

[കൊല്ലയിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയോഗം 3-1-1997 ൽ അംഗീകരിച്ചത്]

### I. കൃഷിയും ജലസേചനവും

a. C.C.D.P. പദ്ധതിപ്രകാരം ജലസേചന സൗകര്യത്തിന് നൽകുന്ന പരിധി 30 സെന്റിൽ നിന്ന് 20 സെന്റാക്കി കുറക്കുക

b. നെൽകൃഷിക്കാർക്ക് കൊടുക്കുന്ന സബ്സിഡി 'സെന്റിന് ഒരു രൂപ നിരക്കിൽ നിന്ന് 10 രൂപാ നിരക്കിലേയ്ക്ക് ഉയർത്തുകയും നെൽകൃഷി പരിപോഷിപ്പിക്കുകയും ചെയ്യുക.

c. ഇടവിളകളായ ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ കൃഷി ചെയ്യുന്നതിന് കർഷകർക്ക് പ്രോത്സാഹനം നൽകുക.

d. ചാനൽ വെള്ളം ലഭ്യമാക്കുന്ന മുഴുവൻ പ്രദേശങ്ങളില്ലും കൃഷി വ്യാപകമാക്കുകയും മലക്കറി കൃഷിക്ക് മുൻഗണന നൽകുക.

e. യന്ത്രം ഉപയോഗിച്ചുള്ള തെങ്ങുകയറ്റം പ്രോത്സാഹിപ്പിക്കുകയും സാങ്കേതിക പരിശീലനം നൽകുകയും ചെയ്യുക.

f. വയലുകളിൽ മൂന്നാംവിള പയറുകൃഷി നിർബന്ധമാക്കുക

### II. മൃഗസംരക്ഷണവും മത്സ്യബന്ധനവും

a. മൽസ്യ കൃഷിക്ക് ആവശ്യമായ തീറ്റ ലഭ്യമാക്കുക

b. സ്കൂൾ പൗൾട്രി ക്ലബുകൾ രൂപീകരിച്ച് കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുക

c. വാർഡുതലത്തിൽ പന്നിവളർത്തൽ കേന്ദ്രങ്ങൾ ആരംഭിയ്ക്കുക.

d. പഞ്ചായത്തടിസ്ഥാനത്തിൽ ആടുവളർത്തൽ കേന്ദ്രം ആരംഭിയ്ക്കുക.

e. പരമാവധി വീടുകളിൽ കന്നുകാലി വളർത്തൽ ഊർജ്ജിതപ്പെടുത്താനുള്ള ബോധവൽക്കരണം സംഘടിപ്പിക്കുക.

### III. വിദ്യാഭ്യാസം

a. സാമ്പതിതക ബുദ്ധിമുട്ടുകാരണം പഠനം പൂർത്തീകരിക്കാൻ കഴിയാത്ത കുട്ടികൾക്ക് പഠനം പൂർത്തീകരിയ്ക്കുവാൻ പ്രോൽസാഹനവും സാമ്പത്തിക സഹായവും നൽകി കൊഴിഞ്ഞുപോക്കൽ തടയുക

b. ധനുവച്ചപുരം ഗവ: ഹൈസ്കൂളുകളുടെ മെയിൻ റോഡിന് അഭിമുഖമായ സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാനുള്ള അധികാരവും അനുവാദവും പഞ്ചായത്തിന് നൽകുക.

c. ഗവ: സ്കൂളുകളുടെ കാമ്പൗണ്ടിൽ പച്ചക്കറിത്തോട്ടങ്ങൾ ആരംഭിക്കുക.

e. ധനുവച്ചപുരം I.T.I യിൽ ആധുനിക വ്യവസായിക/സാങ്കേതിക കോഴ്സുകൾ ആരംഭിക്കുക.

f. സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിയന്ത്രണം പഞ്ചായത്തിന്നൽകുക.

IV കുടിവെള്ളവും പൊതുജനാരോഗ്യവും

a. വാർഡുതലത്തിൽ ശുദ്ധജല പദ്ധതികൾ ആരംഭിയ്ക്കുക

b. ധനുവച്ചപുരത്ത് വഴുതോട്ടുകോണത്ത് ഉള്ള സർക്കാർ വക 11/2 ഏക്കർ സ്ഥലത്ത് ഒരു മനോരോഗാശുപത്രി ആരംഭിയ്ക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുക

c. ജലം കെട്ടികിടക്കുന്ന സ്ഥലങ്ങളിൽ ഓടകൾ നിർമ്മിച്ച് കൊതുക് നിവാരണം ഊർജ്ജിതപ്പെടുത്തുക

d. M.S.S പ്രവർത്തകർക്ക് വേതനം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുക.

V വ്യവസായം

a. മുഴുവൻ കൈത്തറിത്തൊഴിലാളികളെയും കൈത്തറിക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളാക്കു.

b. ഒരു തീപ്പെട്ടി വ്യവസായ കേന്ദ്രം പഞ്ചായത്തടിസ്ഥാനത്തിൽ ആരംഭിക്കുക.

c. വാർഡുതോറും റെഡിമെയ്ഡ് യൂണിറ്റ തുടങ്ങുകയുംപഞ്ചായത്തടിസ്ഥാനത്തിൽ വിപണന കേന്ദ്രം ആരംഭിക്കുകയും ചെയ്യുക

d. പഞ്ചായത്തടിസ്ഥാനത്തിൽ തേനീച്ച വളർത്തൽ സഹകരണസംഘം ആരംഭിയ്ക്കുക.

e. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു കരകൗശല വസ്തു നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക

f. അച്ചാറുകൾ, ചിപ്സ് തുടങ്ങിയവ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക

g. കലണ്ടറിംഗ്, ഡൈയിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക

VI ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

a. ധനുവച്ചപുരം റെയിൽവേസ്റ്റേഷൻ കേന്ദ്രീകരിച്ച് മലയോര ഗ്രാമപ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബസ് സർവ്വീസുകൾ ആരംഭിയ്ക്കുക.

b. നെയ്യാറ്റിൻകര നിന്നും മഞ്ചവിളാകം വഴിപോകുന്ന ബസുകൾ വെള്ളറട വരെ നീട്ടുക

c. മഞ്ചവിളാകം-വാത്യംക്കുഴി-നെല്ലിക്കുഴി-അപ്ര്യംകുഴി എന്നീ റോഡുകളെ ബന്ധിപ്പിക്കുന്നിന് ഒരു ചാനൽ പാലം നിർമ്മിക്കുക.

d. പൂവത്തൂർ, മൊട്ടക്കാവ് ഹരിജൻ കോളനിറോഡും ചാരുവിളാകം റോഡും ബന്ധിപ്പിക്കുന്നതിന് മൊട്ടക്കാവിൽ ചാനൽപാലം നിർമ്മിക്കുക.

e. കൈവൻവിള, വരിക്കമാവിള, വള്ളുക്കോട്ടുകോണം ഇവ ബന്ധിപ്പുക്കുന്നതിന് പാലം നിർമ്മിക്കുക.

f. കുളങ്ങരക്കോണം മാടൻ കോവിലിന് സമീപം പാലം നിർമ്മിക്കുക

g. പുന്നോട്ടുകോണം ചാനൽ പാലം നിർമ്മിക്കുക

h. ചെറുവണംകോടിൽ ട്രാൻഫോമർ സ്ഥാപിക്കുക.

i. പഞ്ചായത്താഫീസ് ജംഗ്ഷൻ, പുന്നക്കാല, ചെമ്പറ, കാവുംമുക്ക് പൂവത്തൂർ, ആനാവിളക്കോണം തുടങ്ങിയ സ്ഥലങ്ങളിൽ ഓരോ ട്രാൻസ്ഫോമർ സ്ഥാപിക്കുക.

j. അംഗീകൃത മാർക്കറ്റുകളിൽ ഷോപ്പിംഗ് കോപ്ലക്സുകൾ നിർമ്മിക്കുക.

VII ഭവനനിർമ്മാണം സാമൂഹ്യക്ഷേമം

a. I.R.D.P പദ്ധതി പ്രകാരം പ്രതിവർഷം 250 കുടുംബങ്ങൾക്ക് ധനസഹായം നൽകുക

b. അംഗൻവാടികളുടെ പ്രാഥമിക സൗകര്യം വർദ്ധിപ്പിക്കുക

c. മഹിളാ സമാജങ്ങളുടെയും സംഘങ്ങളുടെയും ധനവിനിയോഗം പരിശോധിക്കുന്നതിനുള്ള അധികാരം പഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.

d. മെയിന്റനൻസ് ചെയ്യേണ്ടവീടുകൾ - 1362

e. സ്വന്തമായി വീടുകൾ ഇല്ലാത്തതും വാസയോഗ്യമല്ലാത്തതുമായ കുടുംബങ്ങൾ - 2843

f. സ്വന്തമായി വീട്ടുകൾ ഇല്ലാത്തതും വാസയോഗ്യമല്ലാത്തതുമായ കുടുംബങ്ങൾ - 2843

g. സ്വന്തമായി കിടപ്പാടമില്ലാത്തവർക്ക്, പഞ്ചായത്തിന്റെയും ഗവണ്മെന്റിന്റെയും സഹായത്തോടെ ഭൂമി വാങ്ങി വീട് നിർമ്മിച്ച് നൽകുവാനുള്ള നടപടി സ്വീകരിക്കുക.

VIII സംസ്കാരം

a. പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനസമയം വൈകുന്നേരം 8 മണിവരെ നീട്ടുകയും റഫറൻസ് ലൈബ്രറിയായി ഉയർത്തുകയും ചെയ്യുക.

b. സ്കൂളുകളിലെ ലൈബ്രറി സൗകര്യം വർദ്ധിപ്പിക്കുക

c. പഞ്ചായത്തിൽ ഒരു കല്ല്യാണ മണ്ഡപം സ്ഥാപിക്കുക

d. മഞ്ചവിളാകം പഞ്ചായത്ത് വക സ്റ്റേഡിയത്തിൽ ഒരു സിനിമാതിയേറ്റർ നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിക്കുക.

IX വനിത

a. വനിതാ മാവേലിസ്റ്റോർ ആരംഭിക്കുക

b. ധനുവച്ചപുരം പഞ്ചായത്ത് ഓഫീസ് ജംഗ്ഷൻ കേന്ദ്രീകരിച്ച് വെയിറ്റിങ് ഷെഡ് സ്ഥാപിക്കുക.

X സഹകരണം

a. പഞ്ചായത്ത് കേന്ദ്രീകരിച്ച് പനയോലവ്യവസായ സഹകരണ സംഘം ആരംഭിക്കുക.

b. ബുക്കുബയന്റിംഗ് സഹകരണസംഘം ആരംഭിക്കുക

c. ലേബർകോൺട്രാക്ട് സഹകരണസംഘം ആരംഭിക്കുക

d. സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ വേണ്ടനടപടി സ്വീകരിക്കുക.

XI പട്ടികജാതി പട്ടികവർഗ്ഗം

a. SC/ST ക്കാർ താമസിക്കുന്ന മേഖലകളിൽ അവരുടെ അവകാശങ്ങളെപ്പറ്റിയുള്ള ബോധവൽക്കരണം നടത്തുക

b. പുന്നക്കാല I.H.D.P കോളനി ആയി പ്രഖ്യാപിക്കുക

XII വിഭവസമാഹരണം

a. കെട്ടിടങ്ങൾക്ക് റവന്യൂവകുപ്പ് പിരിക്കുന്ന വൺടൈം ടാക്സ് പഞ്ചായത്തിന് ഈടാക്കാനുള്ള അധികാരം നൽകുക.

b. ടി. പഞ്ചായത്തിലെ കൊറ്റാമം ഉദിയൻകുളങ്ങര N.H കേന്ദ്രീകരിച്ച് ഒരു പബ്ലിക് മാർക്കറ്റും കന്നുകാലി ചന്തയും ആരംഭിച്ചാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം.

c. യന്ത്രവൽകൃത കച്ചവടസ്ഥാപനങ്ങൾ, ഫയർഫോഴ്സ്, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്, DMO എന്നീ വകുപ്പുകൾക്ക് നൽകുന്ന ഫീസ് ഒഴിവാക്കുകയും പഞ്ചായത്ത് ഫീസ് വർദ്ധനവ് വരുത്തുകയുംചെയ്യുക.

d. 2 ഏക്കറിന് മുകളിൽ വസ്തുഉള്ളവർക്ക് ലാൻഡ്സെസ്സ് ഫീസ് ചുമത്തുക.